

എന്റെ കേരളം എന്റെ അഭിമാനം



ഓർമ്മകൾ
ഉണ്ടായിരിക്കണം

കേരളം തലയുയർത്തി
നിന്ന വികസന
നേട്ടങ്ങളുടെ
അഞ്ചു വർഷങ്ങൾ...

ഉറപ്പുകൾ നൽകുന്ന
ആ തുടർച്ചകൾ
ഉണ്ടാവണം.

**ഉറപ്പാണ് LDF**

## ആമുഖം

അസാധ്യമെന്ന വാക്ക് പിണറായി സർക്കാരിന് അറിയുമായിരുന്നില്ല. അതുകൊണ്ട് തന്നെ ഒരിക്കലും നടക്കില്ല എന്ന് ഉറപ്പിച്ചു കഴിഞ്ഞിരുന്ന പല ജനോപകാര വികസന പദ്ധതികളും ഓരോന്നായി പൂർത്തീകരിച്ചു ; സാധ്യമെന്ന് കാണിച്ചു തന്നു.




അതിശയം എന്ന് തോന്നാം . ഇതൊക്കെ കേരളത്തിൽ തന്നെയാണോ നടക്കുന്നത് എന്ന് !

പൊതു വികസന കാഴ്ചപ്പാടുകളിലൂടെ നവകേരളം സൃഷ്ടിക്കാനായി 2016-ൽ അധികാരമേറ്റ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാർ നാല് മിഷനുകൾക്ക് രൂപം നൽകി.


1. ആർദ്രം -മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ ജനസൗഹൃദ സർക്കാർ ആശുപത്രികൾ. "ജനസൗഹൃദ" ആരോഗ്യ സേവന സംവിധാനം നടപ്പാക്കുകയാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. എല്ലാ രോഗികൾ ക്കും 'മാന്യമായ പരിചരണം' ലഭ്യമാക്കുന്നതോടൊപ്പം ആവശ്യാനുസൃത  ചികിത്സയും , രോഗി സൗഹൃദ ചികിത്സയും ലഭ്യമാക്കുന്നുണ്ടെന്നു ഉറപ്പാക്കും. അത്യാധുനിക സൗകര്യങ്ങളോടു കൂടി നിബന്ധനകൾക്കനുസൃതമായി എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും പ്രാഥമിക ചികിത്സ കേന്ദ്രങ്ങളായ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുക എന്ന് ഉറപ്പാക്കുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യ ഗുണനിലവാര സംരക്ഷണം ഉറപ്പാക്കാൻ ഈ ദൗത്യം ലക്ഷ്യമിടുന്നു.

2. ഹരിതകേരളം -ജലവിഭവ സംരക്ഷണവും, മാലിന്യ സംസ്കരണവും, ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കിയുള്ള പദ്ധതി. ഈ പദ്ധതിയിലൂടെ സംസ്ഥാനം നേരിടുന്ന ഗുരുതര പ്രശ്നങ്ങളായ  മാലിന്യ നിർമ്മാർജ്ജനം,കീടനാശിനി ബാധിത പച്ചക്കറി ഉപഭോഗം, വരൾച്ച, ആരോഗ്യപ്രശ്നങ്ങൾ  എന്നിവ കൂടാതെ സംസ്ഥാനത്തിന്റെ കാർഷിക ആശ്രിതത്വം എന്നീ പൊതു പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ ഉതകുന്ന രീതിയിൽ മാലിന്യ നിർമ്മാർജ്ജനം, ജൈവവത്കരണം, ജലസ്രോതസ്സുകളുടെ പരിപാലനം  എന്നീ ഘടകങ്ങളെ ഒരു കുടക്കീഴിൽ സംയോജിപ്പിക്കുന്നതാണ് ഹരിതകേരളം പദ്ധതി.

3. ലൈഫ് -ഉയർന്ന ജീവിത സൗകര്യവും ജീവനോപാധിയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി.സംസ്ഥാനത്തെ ഭൂരഹിതർക്കും ഭവന രഹിതർക്കും ഒരു വീട് എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സമഗ്ര ഭവന

പദ്ധതിയാണ് ലൈഫ് മിഷൻ. 5 വർഷത്തിനുള്ളിൽ 4.30 ലക്ഷം ഭവനരഹിതർക്കു സുരക്ഷിതമായ വീടുകൾ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.ലൈഫ് സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ഭാഗമായി 2017ൽ ഭൂരഹിത ഭവനരഹിതരുടേയും ഭൂമിയുള്ള ഭവനരഹിതരുടേയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരളത്തിൽ വിജയകരമായി നടന്നുവരുകയാണ് . ലൈഫ് 1,2 ഘട്ടങ്ങളുടെ ഭാഗമായി 2 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഇതിനോടകം ഭവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് . മൂന്നാം ഘട്ടത്തിലെ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്.

4. പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതി -സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താനും , സ്‌കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് ഉൾപ്പെടെയുള്ള സമഗ്ര വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്.വിദ്യാഭ്യാസ പരിതസ്ഥിതികൾ മെച്ചപ്പെടുത്തുക,വിദ്യാഭ്യാസത്തിന് സാങ്കേതികവിദ്യയുടെ ഉപയോഗം,പഠനരീതി പുതുക്കൽ,1000 സ്‌കൂളുകൾ സ്‌മാർട്ട് സ്‌കൂളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് പ്രധാന ലക്ഷ്യം.




ഈ നാല് പദ്ധതികളെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ചു കൊണ്ടാണ് നവകേരള മിഷന് രൂപം നൽകിയത്. മഹാപ്രളയം, നിപ്പ , ഓഖി ഒക്കെ തരണം ചെയ്യാനും കോവിഡ്നെ പ്രതിരോധിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. യുഡിഫ് മുൻപ് നടത്തിയിരുന്ന തറക്കല്ലിടീൽ പ്രഹസനം അല്ലാതെ ഇ പ്രതിസന്ധികളിലും കേരളത്തിന്റെ പുനർനിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്ന ഇടതുപക്ഷ സർക്കാരിനെ എത്ര പ്രശംസിച്ചാലും അധികമാകില്ല. സമഗ്രമേഖലയിലും ചരിത്രനേട്ടം കൈവരിച്ച അഞ്ചുവര്ഷമാണ് കേരളം പിന്നിടുന്നത് . ഏതാണ്ട് അറുപതിനായിരം കോടി രൂപയുടെ പദ്ധതികൾ ആണ് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് നടപ്പാക്കിയത്. പൊതുമേഖലയുടെ വളർച്ചയ്ക്കും ജനക്ഷേമ തൊഴിലാളിപക്ഷ ബദൽനയങ്ങൾ നടപ്പിലാക്കി ഒരു നവകേരള നിർമ്മിതിയായിരുന്നു ഈ അഞ്ചവർഷം നടപ്പിലാക്കിയത്. ഇനിയും അത് തുടരണം.

# Contents


ആമുഖം........1

1. ആർദ്രം........1

2. ഹരിതകേരളം........1

3. ലൈഫ്........1

4. പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതി........2

അസാധ്യമെന്ന് കരുതിയ വികസന പദ്ധതികൾ........5

ഗെയിൽ പൈപ്പ് ലൈൻ........5

ഇടമൺ കൊച്ചി പവർ ഹൈവേ........6

ദേശിയപാത വികസനം........6

കൊച്ചി മെട്രോ വികസനം........7

കൊച്ചി ജലമെട്രോ........7

പശ്ചിമതീര ദേശിയജലപാത........8

KFON........8

കണ്ണൂർ വിമാനത്താവളം........9

സിറ്റി ഗ്യാസ് പദ്ധതി........10

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്........10

Knowledge സിറ്റി........10

ശബരി റെയിൽ പാത........11

ശബരിമല വിമാനത്താവളം........11

വകുപ്പ് തല വികസനങ്ങൾ ഒരു നോട്ടം........12

ആഭ്യന്തരം, വിവരസാങ്കേതികവിദ്യ,ശാസ്ത്രസാങ്കേതികം വകുപ്പ് വികസന പ്രവർത്തനങ്ങൾ........13

ആഭ്യന്തര വകുപ്പ്........13

Fire and Rescue Department........16

Jail Department........17

വിവരസാങ്കേതികവിദ്യ വികസനം........17

പ്രവാസി ക്ഷേമം........22

ദുരിതാശ്വാസ സഹായ വിതരണം........25

ധനകാര്യ വകുപ്പ് വികസന പ്രവർത്തനങ്ങൾ........27

ആരോഗ്യ,സാമൂഹ്യനീതി വകുപ്പ് വികസന പ്രവർത്തനങ്ങൾ........30

ആരോഗ്യം........30

വനിതാ ശിശുക്ഷേമം........34

സാമൂഹിക നീതി........35

വൈദ്യുതി വകുപ്പ് വികസന പ്രവർത്തനങ്ങൾ........36

പൊതുവിദ്യാഭ്യാസ വകുപ്പ് വികസന പ്രവർത്തനങ്ങൾ........39

പൊതുമരാമത്ത് വകുപ്പ് വികസന പ്രവർത്തനങ്ങൾ........44

കൃഷി വകുപ്പ് വികസന പ്രവർത്തനങ്ങൾ........47

വ്യവസായം,കായികം,യുവജനകാര്യ വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 50
വ്യവസായം ........ 50
കായികം ........ 54
റവന്യൂ വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 57
പട്ടികജാതി പട്ടികവർഗ പിന്നോക്കക്ഷേമ വികസനം ........ 60
സഹകരണം, ടൂറിസം, ദേവസ്വം വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 65
സഹകരണം ........ 65
ദേവസ്വം ബോർഡ് ........ 66
ടൂറിസം ........ 67
ഫിഷറീസ്, തുറമുഖ എൻജിനീയറിങ്,കശുവണ്ടി വ്യവസായ വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 69
ഫിഷറീസ്, തുറമുഖം ........ 69
കശുവണ്ടി വ്യവസായ വകുപ്പ് ........ 71
ജലവിഭവ വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 72
തദ്ദേശ സ്വയംഭരണ വികസന പ്രവർത്തനങ്ങൾ ........ 75
വനം മൃഗസംരക്ഷണം വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 77
വനം ........ 77
മൃഗസംരക്ഷണം ........ 78
തുറമുഖം മ്യൂസിയം പുരാവസ്തുവകുപ്പ് വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 79
തുറമുഖം ........ 79
മ്യൂസിയം പുരാവസ്തുവകുപ്പ് ........ 79
തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 81
തൊഴിലും നൈപുണ്യവും ........ 81
എക്സൈസ് വകുപ്പ് ........ 82
ഗതാഗത വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 84
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 86
ഉന്നത വിദ്യാഭ്യാസ വകുപ്പ് വികസന പ്രവർത്തനങ്ങൾ ........ 89

# അസാധ്യമെന്ന് കരുതിയ വികസന പദ്ധതികൾ

## ഗെയിൽ പൈപ്പ് ലൈൻ

കൊച്ചി - മംഗലാപുരം ഗെയിൽ പൈപ്പ് ലൈൻ രാഷ്ട്രത്തിന് സമർപ്പിക്കപ്പെട്ടപ്പോൾ ആ വികസന പദ്ധതിയുടെ പൂർത്തീകരണം കൂടുതൽ തിളക്കമാർന്നതായ് .

ഗെയിലിന്റെ പൈപ്പ് ലൈൻ പദ്ധതികൾ ഗുജറാത്തിലെ ദാഹേജിനൊപ്പം ആണ് കേരളത്തിലും പ്രഖ്യാപിക്കപ്പെട്ടത്. 2007 ൽ ആണ് ഗെയിൽ പദ്ധതി ഒപ്പ് വച്ചത്.എറണാകുളം മുതൽ മംഗലാപുരം വരെയാണ് ഗെയിൽ പദ്ധതി കടന്നു പോകുന്നത്.വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന LNG അഥവാ ലിക്വിഡ് നാച്ചുറൽ ഗ്യാസ് എന്ന പ്രകൃതിസൗഹൃദമായ ഇന്ധനം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള വ്യാവസായിക കേന്ദ്രങ്ങളിൽ എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

2010 ൽ അച്യുതാനന്ദൻ മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് ആണ് വാതക പൈപ്പ്ലൈൻ പദ്ധതിക്ക് തുടക്കമായത്.ഉമ്മൻചാണ്ടി സർക്കാർ കാലത്ത് സ്ഥലമേറ്റെടുപ്പ് നടക്കാത്തതിനാൽ 2014 ഓഗസ്റ്റിൽ ഗെയിൽ കമ്പനി പദ്ധതി ഉപേക്ഷിച്ചു.പുതുവൈപ്പിനിൽ 2013ൽ കമ്മീഷൻ ചെയ്യപ്പെട്ട LNG ടെർമിനലുകൾ പൈപ്പ് ലൈനുകൾ സ്ഥാപിക്കപ്പെടാത്തതിനാൽ കാഴ്ചവസ്തുവായി മാറുന്ന സാഹചര്യത്തിലാണ് പിണറായി വിജയൻ സർക്കാർ അധികാരമേൽക്കുന്നത്. ഈ പദ്ധതിക്ക് 2016 ൽ പിണറായി വിജയന്റെ നേതൃത്വത്തിൽ ഉള്ള LDF സർക്കാർ ആണ് വീണ്ടും ജീവൻ നൽകിയത്.



ഭൂമിയേറ്റെടുക്കൽ എന്ന വലിയ വെല്ലുവിളിയെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചു ഭൂവുടമകളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചാണ് പൈപ്പ് ലൈനിനായുള്ള ഭൂമിയേറ്റെടുക്കൽ പൂർത്തീകരിച്ചു ഗെയിൽ അധികൃതർക്ക് വിട്ടുനൽകിയത് .

"ആർജ്ജവമുണ്ടെങ്കിൽ ദേശീയപാത വികസനവും ഗെയിൽ പദ്ധതിയും നടത്തിക്കാണിക്ക്. എങ്കിൽ സമ്മതിക്കാം, പിണറായി വിജയൻ കഴിവുറ്റ ഭരണാധികാരിയാണെന്ന് "-- ഇങ്ങനെയായിരുന്നു ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രന് ഒരിക്കൽ വെല്ലുവിളിച്ചത്. ഒരിക്കലും നടക്കാൻ സാധ്യതയില്ലാത്ത അത്രയും പ്രതിബന്ധങ്ങൾ ഉള്ള പദ്ധതികളാണ് രണ്ടും എന്നതു കൊണ്ടാണ് സുരേന്ദ്രൻ അന്ന് അങ്ങനെ പറഞ്ഞത്. എന്നാൽ ഈ രണ്ടു പദ്ധതികളും ഇന്ന് യാഥാർഥ്യമായിരിക്കുന്നു.

## ഇടമൺ കൊച്ചി പവർ ഹൈവേ

കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് ദീർഘകാല പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്ന ഇടമൺ - കൊച്ചി പവർ ഹൈവേ നവംബർ 18ന് അടുത്തിടെ മുഖ്യമന്ത്രി നിർവഹിച്ചത്. തമിഴ്നാട്ടിലെ കൂടംകുളം ആണവ നിലയത്തിൽനിന്ന് കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്ന പദ്ധതി സ്ഥല ഉടമകളുടെ എതിർപ്പു മൂലം 13 വർഷമായി മുടങ്ങിക്കിടക്കുകയായിരുന്നു. സർക്കാർ ഇടപെട്ട് തർക്കങ്ങൾ പരിഹരിച്ച് മാർച്ച് 2017ൽ നിർമാണ പ്രവർത്തനം പുനരാരംഭിച്ചു. 4 ജില്ലകളിലൂടെ കടന്നുപോകുന്ന 148 കിലോമീറ്റർ ദൈർഘ്യവും 447 ടവറുകളുമുള്ള പദ്ധതിയുടെ നിർമാണം കഴിഞ്ഞ സെപ്റ്റംബറിലാണ് പൂർത്തിയായത്. പവർഗ്രിഡ് കോർപ്പറേഷൻ പദ്ധതി പൂർത്തീകരിച്ചതോടെ 400 കെ.വി ശൃംഖലയിലൂടെ ഇന്ത്യയുടെ ഏതു ഭാഗത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കാനാകും എന്നതാണ് പവർഹൈവേയുടെ പ്രത്യേകത.




ഈ ലൈനിലൂടെ വൈദ്യുതി എത്തി തുടങ്ങിയപ്പോൾ പാലക്കാട്, കൊച്ചി, കോട്ടയം തുടങ്ങിയ മേഖലകളിൽ ശരാശരി രണ്ട് കെവി വോൾട്ടേജ് വർധന ഉണ്ടായി. പരമാവധി ശേഷിയിൽ വൈദ്യുതി എത്തിച്ചിരുന്ന ഉദുമൽപേട്ട് - പാലക്കാട്, മൈസൂർ-അരീക്കോട് എന്നീ അന്തർസംസ്ഥാന ലൈനുകളിൽ ആനുപാതികമായി കുറവ് വരുത്താനും കഴിഞ്ഞു. പ്രസരണ നഷ്ടത്തിലും ഗണ്യമായി കുറവ് വരുന്നത് സംസ്ഥാനത്തിന് നേട്ടമാവും.

## ദേശിയപാത വികസനം

ഈ പുതുവർഷത്തിൽ ഉത്ഘാടനം കഴിഞ്ഞ 3 ഹൈവേ പ്രോജക്ട്സ് ആയ



- വൈറ്റില ഫ്ളൈ ഓവർ
- കുണ്ടന്നൂർ ഫ്ളൈ ഓവർ
- ആലപ്പുഴ ബൈപ്പാസ്

ഉൾപ്പെടെ ദേശീയപാതാവികസനം ബഹുദൂരം മുന്നിൽ ആയിരിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്നത് തന്നെയാണ് ഈ പദ്ധതിയും നടപ്പാക്കുന്നതിൽ ഉള്ള കാലതാമസത്തിന് കാരണം.ഭൂവുടമകളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചാണ് ഭൂമിയേറ്റെടുക്കൽ എന്ന വലിയ വെല്ലുവിളിയെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പൂർത്തീകരിക്കാൻ ആയത്. ഇതിൽ വൈറ്റില ഫ്ളൈ ഓവറും കുണ്ടന്നൂർ ഫ്ളൈ ഓവറും പൂർണ്ണമായും സംസ്ഥാന സർക്കാർ KIIFB വഴി ഫണ്ട് ചെയ്തതാണ്. ആലപ്പുഴ ബൈപ്പാസ് 50% ഫണ്ടിങ്ങും സംസ്ഥാന സർക്കാരിന്റെ ആണ്.

മലയോര ഹൈവേ : കാസർകോട് നന്ദാരപ്പദവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ 13 ജില്ലകളിലായി 1251km വരുന്ന മലയോര ഹൈവേ പദ്ധതി

KIIFB യിൽ ഉൾപ്പെടുത്തി നിർമ്മാണ നടപടികൾ പുരോഗമിക്കുകയാണ്.3500 കോടി രൂപയുടേതാണ് പദ്ധതി. മികച്ച റോഡുകളിലൂടെ മലയോര പ്രദേശങ്ങളെ മുഴുവൻ ബന്ധിപ്പിച്ച് മലയോരമേഖലയുടെ സ്വപ്നമാണ് യാഥാർഥ്യമാകുന്നത്.

ബൈപ്പാസുകൾ: ദശാബ്ദങ്ങളുടെ കാത്തിരിപ്പിന് ശേഷം ആലപ്പുഴ,കൊല്ലം ബൈപ്പാസുകൾ യാഥാർത്ഥ്യമാക്കി. 1996-ൽ പണി തുടങ്ങിയ തിരുവല്ലാ ബൈപാസ്സ് പിണറായി സർക്കാർ വന്നതിന് ശേഷമാണ് ഭൂരിഭാഗവും പൂർത്തിയാക്കിയത്.കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഫണ്ടുപയോഗിച്ചു നിർമ്മിച്ച ബൈപ്പാസുകളുടെ നിർമ്മാണം പൂർണ്ണമായും സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് നിർവഹിച്ചത്. തിരുവല്ല ബൈപ്പാസും യാഥാർത്ഥ്യമായി. മാഹി തലശ്ശേരി ബൈപ്പാസിന്റെ 62 % നിർമാണം പൂർത്തിയായി.



തീരദേശ ഹൈവേയുടെ തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള അലൈൻമെന്റ് അംഗീകരിച്ചു,കിഫ്ബിയിൽ നിന്നും 6500 കോടി രൂപ പദ്ധതിക്ക് നീക്കിവെച്ചു.

ബൈപ്പാസുകൾ,517 പാലങ്ങൾ, 10000 നവീകരിച്ച റോഡുകൾ; സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിനും വ്യാവസായിക-വാണിജ്യ പുരോഗതിയ്ക്കും പുതിയ ഊർജ്ജം പകരാൻ കെല്പുള്ള ഇത്തരം പദ്ധതി കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നത് നമ്മുടെ വികസനക്കുതിപ്പിന് കാരണമാകും.

## കൊച്ചി മെട്രോ വികസനം

LDF സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒന്നാം ഘട്ടത്തിന്റെ 71% പണിയാണ് പൂർത്തീകരിച്ചിരുന്നത് . ഇപ്പോൾ കൊച്ചി മെട്രോയുടെ ഒന്നും , രണ്ടും , മൂന്നും ഘട്ട നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ആരംഭിച്ച ഘട്ടത്തിൽ നിന്ന് മെട്രോ കൂടുതൽ ദൂരത്തേക്ക് ദീർഘിപ്പിച്ചു. ഇനിയും പാത ദീർഘിപ്പിക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു.



## കൊച്ചി ജലമെട്രോ

കൊച്ചി ജലമെട്രോയുടെ ആദ്യപാതയും ടെർമിനലുകളും മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു. ജലമെട്രോയുടെ വൈറ്റില മുതൽ കാക്കനാട് ഇൻഫോ പാർക്കുവരെയുള്ള പാതയുടെ ഉദ്ഘാടനമാണ് ഇന്നു നടന്നത്. ആകെ 78.6 കിലോമീറ്ററിൽ പതിനഞ്ചു പാതകളിലായാണ് ജലമെട്രോ സേവനം ജനങ്ങൾക്ക് ലഭ്യമാവുക. 38 സ്റ്റേഷനുകളുള്ള ജലമെട്രോയുടെ ആകെ പദ്ധതിച്ചെലവ് 678 കോടി രൂപയാണ്.



സംയോജിത നഗരനവീകരണ, ജലഗതാഗത പദ്ധതിയിൽപ്പെടുത്തിയാണ് കനാലുകൾ നവീകരിക്കുന്നത്. നിരവധി പ്രത്യേകതകളാണ് വാട്ടർമെട്രോയ്ക്കുള്ളത്. എല്ലാവർക്കും പ്രാപ്യമായതും, സുരക്ഷിതവും കാര്യക്ഷമവുമായ ഒരു ഹരിത ഗതാഗത സംവിധാനമാണിത്. സുഖകരമായ സഞ്ചാരത്തിനായി എയർകണ്ടീഷൻ ബോട്ടുകളാണ് ഉപയോഗിക്കുന്നത്. ഫ്ളോട്ടിംഗ് ജെട്ടികൾ അവതരിപ്പിക്കുന്നതിലൂടെ രാജ്യത്താദ്യമായി ഭിന്നശേഷി സൗഹൃദമായ ഒരു ജലഗതാഗത സംവിധാനമായി വാട്ടർ മെട്രോ മാറുകയാണ്. മാത്രമല്ല, പൂർണ്ണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്നതിനാൽ, ഫോസിൽ ഇന്ധനങ്ങൾ വഴിയുണ്ടാകുന്ന പരിസ്ഥിതികനാശവും ഉണ്ടാകില്ല. കൊച്ചി നഗരത്തിൻറെ സമഗ്ര വികസനത്തിനും  വ്യാവസായിക ടൂറിസം മേഖലയുടെ കുതിപ്പിനും ഇത് വഴിവെക്കും എന്നതിൽ സംശയമില്ല.

## പശ്ചിമതീര ദേശിയജലപാത



തിരുവനന്തപുരം കോവളം മുതൽ കാസർകോട് നീലേശ്വരം വരെ 590 കിലോമീറ്ററും നീലേശ്വരത്ത് നിന്നു വടക്കോട്ട് ഹോസ്ദുർഗ് - ബേക്കൽ ഭാഗവും ചേർന്ന് ആകെ 620 കിലോമീറ്റർ ദൂരം ആണ് വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന പശ്ചിമതീര ജലപാത. തിരുവനന്തപുരത്തെ കോവളം മുതൽ തൃശൂരിലെ കോട്ടപ്പുറം വരെയുള്ള ആദ്യഘട്ടപാതയുടെ ഉദ്ഘാടനമാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്തത്. ആകെ മൂവായിരം കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നതാണ് പശ്ചിമതീര ജലപാതാ പദ്ധതി. ഇതിൽ 280 കോടി രൂപയാണ് ആദ്യഘട്ടത്തിനായി ചെലവഴിച്ചത്. ഭാവിയിൽ ചരക്ക് നീക്കത്തിന് വരെ ഉപയോഗിക്കാനാകും ഈ ജലപാത.

## KFON

1995 ഓഗസ്റ്റ് 15നാണ് ഇന്ത്യയിൽ ഇന്റർനെറ്റ് പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നത്, അതായത് ഇന്റർനെറ്റ് ജനകീയ സംസ്കാരത്തിന്റെ ഭാഗമായിത്തുടങ്ങിയിട്ട് 25 വർഷം തികഞ്ഞിരിക്കുന്നു. എന്നാൽ സർക്കാർ നയങ്ങളോട് വിയോജിച്ച് രാജ്യത്ത് സമരം നടക്കുമ്പോഴെല്ലാം ഇന്റർനെറ്റ് സേവനം റദ്ദാക്കുന്ന കേന്ദ്ര സർക്കാർ നടപടി ലോകത്തിന് മുന്നിൽ ഇന്ത്യയെ നാണംകെടുത്തുകയാണ്. ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് അറിയപ്പെടുന്ന ഇന്ത്യയിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ 400-ലേറെ തവണയാണ് ഇന്റർനെറ്റ് ബ്ലാക്ക്ഔട്ട് ഉണ്ടായതെന്നാണ്  കണക്കുകൾ പറയുന്നത്. ഒരുമണിക്കൂർ ഇന്റർനെറ്റ് കട്ട് ചെയ്താൽ ഏതാണ്ട് രണ്ട് കോടിരൂപയാണ് നഷ്ടം വരുന്നത്. ലോകത്ത് തന്നെ ഏറ്റവും ദൈർഘ്യമേറിയ ഇന്റർനെറ്റ്

ഷട്ട്ഡൗണും ഉണ്ടായത് ഇന്ത്യയിൽ തന്നെ എന്നതും ഇന്റർനെറ്റ് സ്വാതന്ത്ര്യത്തെ കുറിച്ച് കൂടുതൽ ബോധവാന്മാരാകാൻ നമ്മെ പ്രേരിപ്പിക്കുന്ന ഈ അവസരത്തിലാണ് ഇന്റെർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കെഫോണിലൂടെ കേരളത്തെ മറ്റുള്ളവർക്ക് ഒരു മാതൃകയാക്കുന്നത്. ജനതയുടെ  അവകാശമാണ് അതിവേഗ ഇൻറർനെറ്റ് എന്ന് പ്രഖ്യാപിച്ച ശേഷം സംസ്ഥാന ജനതയെ ഒന്നാകെ കണക്റ്റിവിറ്റിയുടെ ലോകത്തേക്ക് കൈ പിടിച്ച് കയറ്റുകയാണ് ഇടത് സർക്കാർ ചെയ്യുന്നത്.

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നി ഏഴ് ജില്ലകളിലെ, ആയിരം സർക്കാർ ഓഫീസുകളാണ് ആദ്യഘട്ടത്തിൽ ഒപ്റ്റിക് ഫൈബർ കേബിൾ മുഖേന ബന്ധിപ്പിക്കപ്പെടുന്നത്. ആകെ 30000 സർക്കാർ ഓഫീസുകൾക്കാണ് ഒന്നാം ഘട്ടത്തിലൂടെ കണക്ഷൻ നൽകുന്നത്. അടുത്ത ഘട്ടത്തിൽ ഇരുപതു ലക്ഷത്തോളം BPL (Below Poverty Line) കുടുംബങ്ങൾക്ക് സൗജന്യമായും ബാക്കിയുള്ളവർക്ക് സൗജന്യനിരക്കിലും ഇന്റർനെറ്റ് കണക്ഷൻ നൽകും.ഇതിലൂടെ സർക്കാർ നയം വ്യക്തമാണ്,വിവര സാങ്കേതിക വിദ്യ അപ്രാപ്യമായ ഒരാളും കേരളത്തിൽ ഉണ്ടാവരുത് എന്ന നിശ്ചയദാർഢ്യമാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനുള്ളത്.മലയാളിയുടെ മുമ്പിലേക്ക്  ലോകത്തെ തുറന്ന് കൊടുക്കുന്ന വാതിലാണ് കെ.ഫോൺ. എല്ലാവർക്കും  ഇൻറർനെറ്റ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ  പിണറായി സർക്കാറിൻറെ ഇച്ഛാശക്തിയുടെയും ദീർഘവീക്ഷത്തിൻറെയും  ഫലമായ കെ.ഫോൺ കേരള വികസനത്തിൻറെ നാഴികക്കല്ലുകളിലൊന്നായാവും ചരിത്രം രേഖപ്പെടുത്തുക.

## കണ്ണൂർ വിമാനത്താവളം

E.K.നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ തുടക്കമിട്ട കണ്ണൂർ വിമാനത്താവളത്തിനായുള്ള പ്രവർത്തനങ്ങൾ മുഖ്യമന്ത്രി VS-ന്റെ കാലത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പെടെ വ്യോമയാന പ്രതിരോധ വകുപ്പുകളുടെ അനുമതി നടപടികളും നടന്നു.എന്നാൽ പിന്നീട് വന്ന യുഡിഫ് സർക്കാരിന്റെ




കെടുകാര്യസ്ഥതയിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാൻ ആയില്ല , എന്നിട്ടും തിരഞ്ഞെടുപ്പ് പ്രചരണത്തിൽ അതുമൊരു നേട്ടമായി കാണിക്കാനുള്ള നീക്കത്തിൻറെ ഭാഗമായായി ഉദ്ഘാടന പ്രഹസനം നടത്തിയിരുന്നു. പിന്നീട് പിണറായി വിജയൻറെ നേതൃത്വത്തിൽ മന്ത്രിസഭ അധികാരത്തിൽ വന്നതോടെ കാര്യങ്ങൾ ദ്രുതഗതിയിൽ നീങ്ങി. ടെർമിനൽ കെട്ടിടം പൂർത്തിയാക്കുന്നതിലും വിവിധ കേന്ദ്ര ഏജൻസികളുടെ അനുമതികൾ ലഭ്യമാക്കുന്നതിലും ഫലപ്രദമായി ഇടപെടുകയും സമയബന്ധിതമായി

നടപടികൾ ഓരോന്നായി പൂർത്തിയാക്കാൻ വ്യോമയാന മന്ത്രാലയത്തിന്റെ മേൽനോട്ടം ഉറപ്പാക്കുകയും ചെയ്തു. റൺവേ 4,000 മീറ്ററിലേക്ക് ഉയർത്താനുള്ള നടപടികൾക്കു തുടക്കമിടുകയും ചെയ്തു. 3400 മീറ്ററാണ് ആദ്യഘട്ടത്തിലെ റൺവേ നിർമ്മാണം. ഇതിൽ 3050 മീറ്ററിൻ്റെ പണി പൂർത്തിയാകുകയും എല്ലാ വിധ ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്ത ശേഷമാണ് കഴിഞ്ഞ 2018-ൽ സെപ്റ്റംബർ 20-ന് എയർ ഇൻഡ്യ എക്സ്പ്രസിൻ്റെ ബോയിങ് എയർക്രാഫ്റ്റ് ഉപയോഗിച്ച് വിജയകരമായി ട്രയൽ ലാൻഡിങ് നടത്തി ഉദ്ഘാടനം ചെയ്തത്. കേരളത്തിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ടെർമിനൽ. ആദ്യ 10 മാസം കൊണ്ട് 10 ലക്ഷം യാത്രക്കാർ. കാർഗോ കോംപ്ലക്സ്, ഡ്യൂട്ടി ഫ്രീ ഷോപ്പ് അങ്ങനെ വികസനകുതിപ്പിലാണ് കണ്ണൂർ വിമാനത്താവളം.

## സിറ്റി ഗ്യാസ് പദ്ധതി



സിറ്റി ഗ്യാസ് വിതരണ ശൃംഖല വഴി എറണാകുളം ജില്ലയിൽ 3542 ഗാർഹിക കണക്ഷനുകൾ നൽകി. തിരുവനന്തപുരം കൊല്ലം ആലപ്പുഴ തൃശൂർ മലപ്പുറം പാലക്കാട് കോഴിക്കോട് വയനാട് കണ്ണൂർ കാസർകോട് ജില്ലകളിലും പദ്ധതി വ്യാപിപ്പിച്ചു.ഇതിൻ്റെ ഭാഗമായി പല ജില്ലകളിലും സിഎൻജി സ്റ്റേഷനുകൾ സ്ഥാപിച്ചു.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

കേരളത്തിന്റെ സ്വന്തം വൈറോളജി ഗവേഷണ വികസന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. നിപ്പ, കോവിഡ് മഹാമാരികൾ നേരിട്ട നാട്ടിൽ വൈറസ് രോഗങ്ങളെക്കുറിച്ചുള്ള പഠനത്തിന് രാജ്യാന്തര നിലവാരത്തിൽ ഉള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിതമായത്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ വൈറോളജി ഇൻസ്റ്റിട്യൂട്ടുകളിൽ ഒന്നാണിത്. വിവിധങ്ങളായ വൈറസുകളേയും, വൈറസ് അണുബാധകളേയും കുറിച്ച് ആഴത്തിൽ ഗവേഷണങ്ങൾ നടത്തുന്നതിനും അതിന്റെ ക്ലിനിക്കൽ വശങ്ങൾ അവലോകനം ചെയ്യുന്നതിനും ഈ ആധുനിക കേന്ദ്രം സജ്ജമായിരിക്കുന്നു.



സാംക്രമിക രോഗങ്ങളേയും രോഗവ്യാപനങ്ങളേയും കുറിച്ച് കൂടുതൽ അറിവു നേടുന്നതിനും അവയെ പ്രതിരോധിക്കുന്നതിനും നമുക്ക് കരുത്താകും ഇത്.

## Knowledge സിറ്റി

തിരുവനന്തപുരം ടെക്നോസിറ്റി ആസ്ഥാനമായി സ്പേസ് അപ്ലിക്കേഷനുൾപ്പെടെ വിജ്ഞാന വികസനം ലക്ഷ്യമിട്ട് knowledge city, VSSC-യുമായി സഹകരിച്ചുകൊണ്ട് Space park പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചു.

## ശബരി റെയിൽ പാത

1997-98 ലെ റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ച ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാകുന്നു. റെയിൽപാതയുടെ മൊത്തം ചെലവിന്റെ 50% കിഫ്ബി മുഖേന പണം ലഭ്യമാക്കി സംസ്ഥാനം ഏറ്റെടുക്കും. 2815 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ശബരിമല ദർശനത്തിന് എത്തുന്ന തീർത്ഥാടകരുടെ സൗകര്യവും സംസ്ഥാനത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളുടെ വികസനവും ലക്ഷ്യംവെക്കുന്നു.

## ശബരിമല വിമാനത്താവളം

ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് യാത്ര ചെയ്യുന്നതിനും ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അന്താരാഷ്ട്ര വിമാനത്താവളം ചെറുവള്ളി എസ്റ്റേറ്റിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി.

# വകുപ്പ് തല വികസനങ്ങൾ ഒരു നോട്ടം



## ആഭ്യന്തരം, വിവരസാങ്കേതികവിദ്യ,ശാസ്ത്രസാങ്കേതികം വകുപ്പ് വികസന പ്രവർത്തനങ്ങൾ



(പിണറായി വിജയൻ)

കേരളം അഭൂതപൂർവമായ വെല്ലുവിളികളിലൂടെ കടന്നുപോയ അഞ്ച് വർഷങ്ങൾ ആയിരുന്നു പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന LDF സർക്കാരിന് അഭിമുഖീകരിക്കേണ്ടിവന്നത്.

ഓഖി,നിപ്പ, 2018-ലെ മഹാപ്രളയം, 2019-ലെ മൺസൂൺ ദുരന്തം, കോവിഡ് -19 പാൻഡെമിക്  ഒക്കെ നമ്മെ വലിയതോതിൽ ദുരിതങ്ങൾക്ക് പിറകെ നടത്തിയെങ്കിലും ഒരു സർക്കാർ എന്ന നിലയിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനങ്ങൾക്കൊപ്പം നിന്ന് അവർക്ക് താങ്ങായി ജനങ്ങളുടെ കൂടെ പിന്തുണയോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ വന്ന് ഭവിച്ച എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് സ്ഥാനത്തെ പുരോഗതിയുടെ പാതയിലേക്ക് എത്തിക്കുകയും നിരവധി വികസന സാമൂഹിക സൂചികകളിൽ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കാനും ആയി പിണറായി സർക്കാരിന്.

### ആഭ്യന്തര വകുപ്പ്

Police Department

ശിക്ഷാ നിയമങ്ങളുടെ പോരായ്മയല്ല,മറിച്ച് നിയമത്തിൻറെ ഉള്ളിലെ കുറുക്ക് വഴികളിലൂടെ സ്വാധീനവും അധികാരവും ഉപയോഗിച്ച് കുറ്റവാളികൾ രക്ഷപ്പെടുന്നതാണ് രാജ്യത്തെ ക്രിമിനൽ വ്യവസ്ഥ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന്.പോലീസ് സ്വജനപക്ഷപാതപരമായി നിലനിന്ന് പ്രതികളുടെ സ്വാധീനത്താൽ കേസ് അട്ടിമറിക്കപ്പെടാതെ നോക്കുക എന്നതാണ് ഒരു ഭരണക്രൂടത്തിൻറെ ചുമതല ആണ്.ആ ചുമതല സർക്കാർ കൃത്യമായി നിറവേറ്റുകയും കുറ്റം ചെയ്യുവൻ ഏത് വലിയവനാണെങ്കിലും ശിക്ഷ കിട്ടും എന്ന് ബോധ്യമാവുകയും ചെയ്താൽ കുറ്റകൃത്യങ്ങളുടെ നിരക്ക് സ്വാഭാവികമായും കുത്തനെ കുറയും. അതിന് തെളിവാണ് കുറ്റകൃത്യങ്ങളിൽ കഴിഞ്ഞ സർക്കാരിനെ താരതമ്യപ്പെടുത്തുമ്പോൾ കാണാവുന്ന കുറവ്.

| | UDF -കാലം<br>May 2011 - May 2016 | LDF-കാലം<br>June 2016 - Jan 2021 | വ്യത്യാസം |
|---|---|---|---|
| കൊലപാതകം | 1,791 | 1378 | 26% കുറഞ്ഞു |
| ഭവന ഭേദനം | 15,241 | 10,424 | 38% കുറഞ്ഞു |
| മോഷണം | 22,124 | 15,884 | 33% കുറഞ്ഞു |
| കവർച്ച | 385 | 327 | 16% കുറഞ്ഞു |

കുറ്റവാളികളെ മുഖംനോക്കാതെ കൈവിലങ്ങണിയിക്കുന്ന കേരളം, ശിക്ഷ നേടിക്കൊടുക്കുന്നതിലും രാജ്യത്ത് ഒന്നാമത്. ലഭ്യമായ ഏറ്റവും പുതിയ കണക്ക്

പ്രകാരം കേരളത്തിലെ ക്രിമിനൽ കേസുകളുടെ ശിക്ഷാ നിരക്ക് 82.44 ശതമാനവും മറ്റ് കേസുകളിൽ 98.83 ശതമാനവുമാണ്. ദേശീയ ശരാശരി 42.2 രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കണ്ണൂരിലെ വളപട്ടണം തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പരിശോധനയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ തിരഞ്ഞെടുപ്പ്.

സ്ത്രീ സുരക്ഷ

- പോലീസ് ഉദ്യോഗസ്ഥർക്കിടയിൽ വനിതാ പ്രാധിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ വനിതാ ബറ്റാലിയൻ നിലവിൽ വന്നു. പോലീസിലെ വനിതാ പ്രാതിനിധ്യം ഘട്ടം ഘട്ടമായി വർധിപ്പിച്ച് 25% ആക്കുകയാണ് ലക്ഷ്യം. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ 21 വനിതാപൊലീസ് തസ്തികയും സൃഷ്ടിച്ചു.



- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സദാസമയം നഗരത്തിൽ റോന്ത് ചുറ്റുന്ന പിങ്ക് പോലീസ് പദ്ധതി നടപ്പിലാക്കി.
- അതിക്രമങ്ങളിൽ നിന്ന് രക്ഷനേടുന്നതിന് സ്ത്രീകളേയും കുട്ടികളേയും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് ഇതുവരെ ഏഴ് ലക്ഷത്തിലധികം പെൺകുട്ടികൾക്കും വനിതകൾക്കും സ്വയം പ്രതിരോധ പരിശീലനം നൽകി.
- നിർഭയം ആപ് : സ്ത്രീ സുരക്ഷക്കായി കേരള പോലീസ് തയാറാക്കിയതാണ് നിർഭയം മൊബൈൽ ആപ്പ്. ഈ ആപ്പിലെ ഹെൽപ്പ് എന്ന ബട്ടൺ അഞ്ച് സെക്കന്റ് അമർത്തിപ്പിടിച്ചാൽ ഫോൺ ഉപയോഗിക്കുന്ന ആളിന്റെ ലൊക്കേഷൻ ഏറ്റവും അടുത്തുള്ള പോലീസ് കൺട്രോൾ റൂമിലോ പോലീസ് സ്റ്റേഷനിലോ ലഭിക്കും. ഇന്റർനെറ്റ് കവറേജ് ഇല്ലാതെ തന്നെ ഈ ആപ്പ് മുഖേന സന്ദേശങ്ങളും ലൊക്കേഷനും പോലീസുമായി പങ്കു വയ്ക്കാം. ഫലത്തിൽ മിനിറ്റുകൾക്കുള്ളിൽ പൊലീസ് സ്ഥലത്തെത്തും.




കുട്ടികളുടെ സുരക്ഷ

ദുർബല വിഭാഗത്തിൽപെട്ട കുട്ടികൾ ശാരീരിക ലൈംഗിക പീഡനങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും

ഇരയാകുന്നത് തടയാനുള്ള കവചം പദ്ധതി നടപ്പാക്കി.

- മാലാഖ : കുട്ടികൾക്കെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് ആവിഷ്കരിച്ച പരിപാടി.
- നിയമബോധവും പൗരബോധവും ഉള്ള, ദുർബലവിഭാഗങ്ങളോട് സഹാനുഭൂതി പുലർത്തുന്ന പുതു തലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ ഹൈസ്കൂൾ തലത്തിൽ കേരള പോലീസ് നടപ്പിലാക്കിയ അന്താരാഷ്ട്ര ശ്രദ്ധ നേടിയ പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്.
- പഠനം പകുതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കാൻ കേരള പോലീസ് ഹോപ്പ് പഠന പദ്ധതി നടപ്പിലാക്കി.
- ആറു ശിശുസൗഹൃദ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. 54 പൊലീസ് സ്റ്റേഷനുകളിൽക്കൂടി നടപ്പിലാക്കും.

ഡിജിറ്റലൈസേഷൻ



- ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരിൽ നിന്ന് ഓൺലൈനായി പിഴ ഈടാക്കാനുള്ള ഇ-ചെലാൻ സംവിധാനം നിലവിൽവന്നു.
- പോലീസിന്റെ എല്ലാ സേവനങ്ങളും ഒരൊറ്റ ആപ്പിൽ ലഭ്യമാക്കുന്ന പൊൽ - ആപ്പ് സംവിധാനം നടപ്പിലാക്കി.
- സർവീസ് സംബന്ധവും വ്യക്തിപരവുമായ പോലീസ് ഉദ്യോഗസ്ഥരുടെ പരാതിയും അഭിപ്രായവും സംസ്ഥാന പോലീസ് മേധാവി ഓൺലൈനായി കേൾക്കുന്ന ടോക്സ് വിത്ത് കോപ്സ് എന്ന സംവിധാനം നടപ്പാക്കി.
- UAE യുടെ Best 'M' Government Service Award - 6th Edition സ്ഥാനപൊലീസിന്റെ മൊബൈൽ ആപ്ലിക്കേഷൻ ആയ 'Traffic Guru' വിന് ലഭിച്ചിട്ടുണ്ട്.
- നൂതനസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മനുഷ്യരൂപമുള്ള റോബോട്ട് സ്വന്തമാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പൊലീസായി.
- കേരളത്തിലെ ആദ്യത്തെ ഡിജിറ്റലൈസ്ഡ് ട്രാഫിക് സിഗ്നൽ തിരുവനന്തപുരത്ത്.

ജനമൈത്രി സുരക്ഷാ പദ്ധതി കൂടുതൽ ശക്തവും സജീവവുമാക്കി. പോലീസ് സേനക്ക് കരുത്തായി ഇനി കാടിന്റെ മക്കളും.രാജ്യ ചരിത്രത്തിൽ ആദ്യമായി ആണ് പൊലീസിലേക്ക് ആദിവാസികൾക്ക് റിക്രൂട്ട്മെന്റ് നടത്തിയത്. ആദിവാസി മേഖലയിൽ നിന്ന് 74 പേർക്കാണ് (52 യുവാക്കളും, 22 യുവതികളും) സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചത്.ഇതിൽ അട്ടപ്പാടിയിൽ ആൾക്കൂട്ട ആക്രമത്തിന് ഇരയായി മരിച്ച മധുവിന്റെ സഹോദരിയും ഉണ്ട്.

13 പുതിയ പൊലീസ് സ്റ്റേഷനുകൾ കഴിഞ്ഞ വർഷം പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു. 11 പൊലീസ് സ്റ്റേഷനുകളിലായി 390 പുതിയ തസ്തികകൾ അനുവദിച്ചു. ഇതിനുപുറമെ 2 കൺട്രോൾ റൂമുകൾക്കായി 80 തസ്തികകൾ അനുവദിച്ചു.

ലോക്ക് ഡൗണിൽ താങ്ങും തണലും

- ലോക്ഡൌൺ കാലയളവിൽ കേരള പോലീസ് പ്രത്യകം ആവഷ്കരിച്ചു നടപ്പാക്കിയ ചില പദ്ധതികൾ
- ചിരി : ലോക് ഡൌൺ കാലത്ത് കുട്ടികളുടെ ആത്മഹത്യാ പ്രവണത ഗണ്യമായി വർധിച്ചതിനെ തുടർന്ന് മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് ആശ്വാസം പകരാൻ രൂപം നൽകിയ പദ്ധതി.
- ഒരുവയറൂട്ടാം : ലോക്ഡൌൺ കാലത്ത് തെരുവുകളിൽ വിശക്കുന്നവർക്ക് സൌജന്യമായി ഭക്ഷണം എത്തിക്കാൻ ആവിഷ്കരിച്ച പദ്ധതി
- പ്രശാന്തി : സമ്പൂർണ്ണ ലോക്ക് ഡൺ പ്രഖ്യാപിച്ചത് വഴി ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുന്നതിനു പ്രത്യേക പദ്ധതി.
- ഇ- വിദ്യാരംഭം പദ്ധതി ലോക്ഡൌൺ കാലത്ത് ഓൺലൈൻ വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് സഹായമെത്തിക്കാൻ ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ നടപ്പാക്കിയ പദ്ധതി.

## Fire and Rescue Department

- സംസ്ഥാന അഗ്നിരക്ഷാസേന ദുരന്തമുഖങ്ങളിൽ അത്ഭുതകരവും ത്യാഗനിർഭരവുമായ സേവനങ്ങളിലൂടെ അക്ഷരാർത്ഥത്തിൽ കേരളത്തിന്റെ രക്ഷാസൈന്യമായി മാറി.
- കോവിഡ് ലോക്ഡൌൺ കാലത്ത് ഔഷധങ്ങളും സേവനങ്ങളും സഹായങ്ങളുമായി ആവശ്യക്കാരന്റെ അടുക്കലെത്തി.
- ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിനെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ 2020 വരെ എല്ലാ വർഷവും തുക അനുവദിച്ചു.
- ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനെ ആധുനീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി.
- വകുപ്പിന്റെ കീഴിൽ സന്നദ്ധസേവകരെ ഉൾപ്പെടുത്തി സിവിൽ ഡിഫൻസ് സേന രൂപീകരിച്ചു.





- ചരിത്രത്തിൽ ആദ്യമായി 100 ഫയർ വുമൺ തസ്തികകൾ സൃഷ്ടിച്ചു.
- വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിദ്ര പദ്ധതി നടപ്പിലാക്കുകയും പൊതുജനങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

## Jail Department

- അത്യാധുനികവും ശാസ്ത്രീയവുമായ അടിസ്ഥാന സാകര്യങ്ങളോടെ ജയിലുകൾ മുഖംമിനുക്കി. പുതിയ കെട്ടിടം നിർമിക്കുന്നതിന് 5.50 കോടി രൂപ വകയിരുത്തി.
- വിവിധ ജയിലുകളിലെ അടുക്കള നവീകരണത്തിനും തുക വകയിരുത്തി വികസനപ്രവർത്തനം നടക്കുന്നു.
- 5.98 കോടി രൂപ വകയിരുത്തി മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിന് മൂന്ന് സെൻട്രൽ പ്രിസണുകളിൽ പ്രത്യേകം ബ്ലോക്ക് നിർമിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു.
- ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചു.
- കോടതികൾ, മനുഷ്യാവകാശ കമ്മീഷൻ, ക്രൈം റെക്കോർഡ്സ്, ബ്യൂറോ തുടങ്ങിയവയ്ക്ക് തടവുകാരെ സംബന്ധിക്കുന്ന വിവരങ്ങൾ വളരെ എളുപ്പത്തിലും കാര്യക്ഷമമായും നൽകാൻ ലക്ഷ്യമിടുന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ചു.
- മൂന്ന് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിൽ സി-ഡാക് മുഖേന വയർലെസ്സ് കമ്മ്യൂണിക്കേഷൻ സംവിധാനമായ ട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് 229.80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.
- ജയിലുകളിൽ കഴിഞ്ഞു വരുന്ന അന്തേവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ ജയിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചു.
- ഓൺലൈൻ ഭക്ഷ്യ വിതരണ സ്ഥാപനങ്ങളുമായി ചേർന്ന് തിരുവനന്തപുരം, വിയ്യൂർ central ജയിലുകളിലേയും കൊല്ലം എറണാകുളം ജില്ലാ ജയിലുകളിലേയും ഭക്ഷ്യ നിർമാണ യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന ഭക്ഷണങ്ങൾ ഓൺലൈനായി വിതരണം ചെയ്തു വരുന്നു.

## വിവരസാങ്കേതികവിദ്യ വികസനം

LDF സർക്കാറിൻറെ ഏറ്റവും മികച്ച വകുപ്പുകളിലൊന്നാണ് ഐ. ടി വകുപ്പെന്ന് ഒരു തർക്കവുമില്ലാതെ പറയാൻ കഴിയും. തിരുവനന്തപുരത്ത് 1990 ൽ ടെക്നോപാർക്ക് സ്ഥാപിക്കുന്നതോടെയാണ് ഐടി വ്യവസായം കേരളത്തിൽ ആദ്യ ചുവടുവച്ചത്. ടെക്നോ പാർക്കിലെ കുറച്ച് കമ്പനികളിൽ

ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഐ.ടി വ്യവസായം ഇന്ന് ചിറക് വിടർത്തി പറക്കുകയാണ്. ഇന്ന്, കേരളം ഒരു പ്രധാന ഐടി ലക്ഷ്യ സ്ഥാനമാണ്. ലോകത്തിലെ അതിവേഗം വളരുന്ന വ്യവസായമായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ വികസനം കേരളത്തിന്റെ വികസന നേട്ടങ്ങളിൽ അതിന്റെ സ്വാധീനം പ്രകടമായി തന്നെ കാണാൻ ആകും. കേരളത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വിവര സാങ്കേതികമേഖല, വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ ഈ മേഖലയുടെ സാധ്യത മുന്നിൽകണ്ടുകൊണ്ട് കേരളം പ്രവർത്തനം ആരംഭിക്കുകയും അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി വമ്പിച്ച പൊതുനിക്ഷേപം നടത്തുകയും ചെയ്തി ട്ടുണ്ട്.കേരളത്തിലെ എല്ലാവിധ ജനവിഭാഗങ്ങൾക്കും വിവരസാങ്കേതിക വിദ്യയുടെ ഗുണഫലം ലഭിക്കുന്നതിനായി ഹബ് ആന്റ് സ്പോക്ക് എന്ന മാതൃകയിലാണ് കേരളത്തിൽ IT പാർക്കുകൾ തുടങ്ങിയത്. ഇത്തരത്തിൽ 3 IT ഹബ്ബുകളാണുള്ളത്. തിരുവനന്തപുരം(ടെക്നോപാർക്ക്), കൊച്ചി(ഇൻഫോപാർക്ക്), കോഴിക്കോട്(സൈബർ പാർക്ക്) എന്നിവയാണവ. മറ്റ് 11 ജില്ലകളിൽ ഈ മൂന്ന് IT ഹബ്ബുകളുടെ സ്പോക്കുകളും സ്ഥാപിച്ചു.

- വൻ വളർച്ചയുമായി ഐടി പാർക്കുകൾ:
    - ടെക്നോ പാർക്കിൻറെയും ഐ.ടി പാർക്കിൻറെയും അടിസ്ഥാന വികസന സൗകര്യങ്ങളിൽ സർക്കാർ കാര്യമായ നിക്ഷേപമിറക്കിയതോടെ അവിടേക്ക് വരുന്ന കമ്പനികളുടെ എണ്ണം കുത്തനെ കൂടി. ലോക പ്രശസ്തമായ നിരവധി കമ്പനികൾ കേരളത്തിലെ ഐ.ടി മേഖലയിൽ നിക്ഷേപവുമായി വന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിലത്തേത് ടാറ്റയുടെ ഇരുപതിനായിരം പേർക്ക് തൊഴിൽ ലഭിക്കുന്ന TCS ഡിജിറ്റൽ ഹബ്ബാണ്. ഇനിയും നിരവധി കമ്പനികൾ കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയുമാണ്. 2016-20 കാലഘട്ടത്തിൽ കയറ്റുമതി വരുമാനം, കമ്പനികളുടെ എണ്ണം, തൊഴിൽ എന്നിവയിൽ ഐടി പാർക്കുകളിൽ വലിയ വളർച്ച.
    ടെക്നോപാർക്കിൽ 450 കമ്പനികളിലായി 62000 പ്രൊഫഷണലുകൾ നിലവിൽ ജോലി ചെയ്യുന്നു. 227 കമ്പനികളിലായി 47000 ജീവനക്കാർ ഇൻഫോപാർക്കിൽ ജോലിചെയ്യുന്നു. ഐ.ടി കയറ്റുമതിയിലൂടെ 7350 കോടി രൂപ ലഭിച്ചു (ടെക്നോപാർക്കിൽ നിന്നും 2014 -15 കാലയളവിൽ 5100 കോടിയുടെ കയറ്റുമതി ആയിരുന്നു). ഐ ടി പാർക്കുകളുടെ ഉടം 102.7 ലക്ഷം ചതുരശ്ര അടിയായി ഉയർന്നു.





    - കൊച്ചി സ്മാർട്ട് സിറ്റി മിഷൻ 914.43 കോടി രൂപയുടെ 45 പദ്ധതികളാണ് ഏറ്റെടുത്തത്. ഇതിൽ 830.42

കോടി രൂപയുടെ പദ്ധതികൾ അവാർഡ് ചെയ്തു. 464.45 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു. 85.27 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കി. 64.5 കോടി രൂപ ചെലവഴിച്ച് ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്യൂണിക്കേഷൻ സെന്ററും 5.7 കോടി ചെലവഴിച്ച് 1000KV സോളാർ പ്രൊജക്റ്റും ഉത്ഘാടനം ചെയ്തു.

  - 1538 കോടിയുടെ വികസന പദ്ധതികളുമായി തിരുവനന്തപുരം സ്മാർട്ട് സിറ്റി വികസന പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽ. 95% പദ്ധതികളുടേയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ഭൂരിഭാഗം പദ്ധതികളുടെയും പ്രവൃത്തി ആരംഭിച്ചു.
  - തിരുവനന്തപുരം ടെക്നോ സിറ്റിയിൽ 1200 മുതൽ 1500 വരെ കോടി രൂപാ മുതൽ മുടക്കിൽ ടാറ്റാ കൺസർട്ടൻസി സർവ്വീസസുമായി പുതുതലമുറ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് MoU ഒപ്പിടാൻ മന്ത്രിസഭയുടെ അനുമതി. 20,000 പേർക്ക് നേരിട്ടും അഞ്ചിരട്ടി വരെ പരോക്ഷമായും തൊഴിൽ ലഭിക്കും.
  - ബോസ്റ്റൺ ആസ്ഥാനമായ ടോറസ് അവരുടെ പ്രവർത്തന വിപുലീകരണത്തിൻറെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഏകദേശം 1500 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്ന  പദ്ധതി ടോറസ് ഡൗൺടൗൺ ട്രിവാൻഡ്രത്തിന് തുടക്കം കുറിച്ചു.20 ഏക്കറിൽ 50 ലക്ഷം ചതുരശ്രയടി ബിൽറ്റപ് ഏരിയയിൽ വരുന്ന പദ്ധതിയുടെ പൂർത്തീകരണത്തോടെ 30,000 പേർക്ക് നേരിട്ടും 70000 പേർക്ക് പരോക്ഷമായും സംസ്ഥാനത്ത് തൊഴിൽ ലഭിക്കും.
  - സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ ലക്ഷ്യമിടുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ-ഫോൺ) പദ്ധതിയുടെ അംഗീകാരത്തിലൂടെ കേരള സർക്കാർ ഇൻററനെറ്റിലേക്കുള്ള പ്രവേശനം അടിസ്ഥാന അവകാശമായി പ്രഖ്യാപിക്കുകയും അവകാശം നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഇന്റർനെറ്റ് ആക്സസ് അവകാശമാക്കി മാറ്റിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ടിവിറ്റി കഫോൺ വഴി നല്കാൻ ലക്ഷ്യമിടുന്നു.
  - മൂന്ന് ഐടി പാർക്കുകളിലായി പ്രവർത്തിക്കുന്ന 923 കമ്പനികളിലൂടെ 4,982.1 കോടി നിക്ഷേപവും, 22,204.57 കോടി വിറ്റു വരവും, 1,09,740 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.
  - കേരളത്തിലെ ഏറ്റവും വലിയ എംപ്ലോയ്മെന്റ് ബേസ് കാമ്പസായി ടെക്നോപാർക്ക് മാറി.

- Kerala Startup Mission
  - 'കേരള സ്റ്റാർട്ട് അപ് മിഷൻ' എന്ന സർക്കാർ നോഡൽ ഏജൻസിയിലൂടെ മുൻ സർക്കാറുകളെ അപേക്ഷിച്ച് മികച്ച

പ്രവർത്തനങ്ങളാണ് LDF സർക്കാർ നടത്തിയിട്ടുള്ളത്. കഴിഞ്ഞ UDF സർക്കാരിന്റെ കാലത്ത് 300 സ്റ്റാർട്ട് അപ്പുകൾ മാത്രമായിരുന്നിടത്ത് 2016-2021 LDF ഭരണത്തിൽ 2900 സ്റ്റാർട് അപ്പുകൾ തുടങ്ങാൻ ആയി. 18 ഇൻകുബേറ്ററുകളിൽ നിന്നും 40 ഇൻകുബേറ്ററുകളായും ഒരു ആക്സിലേറ്ററിൽ നിന്നും നാല് ആക്സിലേറ്ററിലേക്കും ഉയർത്തി ഈ കാലയളവിൽ 739 കോടി രൂപയാണ് കോർപ്പസ് ഫണ്ടായി ഇടതു സർക്കാർ വകയിരുത്തിയത്. 57000 ചതുരശ്ര അടിയുണ്ടായിരുന്ന ഇൻകുബേഷൻ ഇൻഫ്രാ സ്ട്രക്ചർ 4 ലക്ഷം ചതുരശ്ര അടിയായി ഉയർത്തുകയും 207 കോടി മാത്രം ഉണ്ടായിരുന്ന സ്റ്റാർട് അപ്പ് ബാഹ്യ നിക്ഷേപം 1500 കോടിയാക്കി ഉയർത്താനും, അതു വഴി 1,00,000 കോടി രൂപയുടെ മൂല്യവും, 25,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കേരള സ്റ്റാർട് അപ്പ് മിഷനായി. കേരള ചരിത്രത്തിൽ ഇത്രയധികം സ്റ്റാർടപ്പുകൾ തുടങ്ങിയ ഒരു കാലവും ഉണ്ടായിട്ടില്ല. 2020 ൽ ഇതുവരെ 399 സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തു, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18 ശതമാനം വളർച്ച കൈവരിച്ചു.

- കേരള സ്റ്റാർട്ട് അപ്പ് മിഷൻ വിവിധ സാങ്കേതിക മേഖലകൾക്കായി സമർപ്പിത സൗകര്യങ്ങളോടെ കൊച്ചിയിൽ 1.80 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള വിശാലമായ സമുച്ചയമായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ട് അപ്പ് കോംപ്ലക്സ് 2019 ജനുവരിയിൽ ആരംഭിച്ചു.
- ലോകത്തെ ഒന്നാം നമ്പർ പബ്ലിക് ബിസിനസ് ആക്സിലറേറ്ററായി Kerala Startup Mission-ന് അന്താരാഷ്ട്ര അംഗീകാരവും ഇന്ത്യൻ സർക്കാരിന്റെ സ്റ്റേറ്റ് സ്റ്റാർട്ടപ്പ് 2019 പട്ടികയിൽ ടോപ്പ് പെർഫോമറായി (ടോപ്പ് 3) ദേശീയ അംഗീകാരവും ലഭിച്ചു.
- സ്റ്റാർട്ടപ്പുകളെക്കുറിച്ചുള്ള നാസ്കോം റിപ്പോർട്ട് അനുസരിച്ച് കേരളം മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു.

- 7,547 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് സംസ്ഥാനത്തുടനീളം 2,706 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
- ഇന്ത്യ സ്മാർട്ട് ഗ്രിഡ് ഫോറം (ISGF) IIITMK-യുടെ മേക്കർ വില്ലേജിന് "സ്മാർട്ട് ഇൻകുബേറ്റർ ഓഫ് ദി ഇയർ- 2020"പദവി നൽകി .
- 1,000 വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെ രണ്ടാം ഘട്ട ഇൻസ്റ്റാളേഷൻ പൂർത്തിയായി.
- സൈബർ പാർക്ക് ഇന്റർനെറ്റ്, മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (ഐഎഎംഎഐ) യുമായി സഹകരിച്ച് കേരളത്തിൽ ആദ്യമായി ആപ്പ് ഇൻകുബേഷൻ ഹബ് വികസിപ്പിച്ചെടുത്തു.

- ഫാബ് ലാബ് : ഹാർഡ്‌വെയർ രംഗത്ത്  വൻ  കുതിപ്പ് ചാട്ടവുമായി രാജ്യത്തെ ആദ്യ ഫാബ് ലാബ് കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. കളമശ്ശേരിയിലെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലാണ് 'മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി'യുടെ സഹകരണത്തോടെ 'കേരള സ്റ്റാർട്ടപ്പ് മിഷൻ' 'ഫാബ് ലാബ്" തുടങ്ങിയിരിക്കുന്നത്.  ഏഴ് കോടിയിലേറെ രൂപയുടെ അത്യാധുനിക യന്ത്രസംവിധാനങ്ങൾ ഇവിടെയുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ നിർമിച്ചെടുക്കാൻ സഹായിക്കുന്ന യന്ത്രങ്ങൾ ഉൾപ്പെടെയുള്ള ലാബുകളെയാണ് ഫാബ് ലാബ് എന്നു വിശേഷിപ്പിക്കുന്നത്. ആശയങ്ങൾ എന്തുമാകട്ടെ, അവയുടെ പ്രോട്ടോ ടൈപ്പുകൾ നിർമിക്കുന്നത് ഫാബ് ലാബുകളിലെ യന്ത്രങ്ങൾ എളുപ്പമാക്കുകയും ,പിഴവുകൾ തിരുത്തി പൂർണതയിലെത്തിക്കാനും കഴിയും.ത്രിമാന നിർമിതികൾ തയാറാക്കാൻ സഹായിക്കുകയാണ് ഫാബ് ലാബുകളുടെ പ്രാഥമിക ദൗത്യം. കളിപ്പാട്ടം മുതൽ സ്മാർട് ടെക്നോളജി ഉൽപന്നങ്ങൾ വരെ നിർമിച്ചെടുക്കാൻ ലാബുകൾ സഹായിക്കും.  കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പ് ഉത്പന്നങ്ങളായ മാൻഹോൾ ശുചീകരണ റോബോട്ട് ബാൻഡിക്കൂട്ട്, രാജ്യത്തെ ആദ്യ അണ്ടർ വാട്ടർ ഡ്രോൺ 'ഐറോവ് ട്യൂണ' എന്നിവയുടെ മാതൃകകൾ നിലവിലെ ഫാബ് ലാബുകളിലാണ് നിർമിച്ചത്. സൂപ്പർ ഫാബ് ലാബുകളാകട്ടെ, ഫാബ് ലാബുകൾക്ക് ആവശ്യമുള്ള യന്ത്രങ്ങൾ ഉൾപ്പെടെ നിർമിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഇതുവരെ ഫാബ് ലാബിലേക്കുള്ള യന്ത്രങ്ങൾ ഇറക്കുമതി ചെയ്യുകയായിരുന്നു. സംസ്ഥാനത്ത് സൂപ്പർ ഫാബ് ലാബ് യാഥാർഥ്യമായതോടെ ഇവിടെത്തന്നെ സൗകര്യം ലഭിക്കുമെന്നതാണ് പ്രധാന നേട്ടം. ഇലക്ട്രോണിക്സ് നിർമാണ രംഗത്ത് വലിയ ഉയരങ്ങൾ ലക്ഷ്യമിടുകയാണ് കേരളം. ഈ ലക്ഷ്യത്തിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ ശ്രമങ്ങൾക്ക് കൂടുതൽ കരുത്തുപകരാൻ സൂപ്പർ ഫാബ് ലാബിനാകും.




- ഓഫീസ് നടപടി ക്രമങ്ങൾ ഇലക്ട്രോണിക് ആയി നടപ്പാക്കുന്നതിലൂടെ സർക്കാർ ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും ആശയവിനിമയം വഴി വേഗത്തിൽ തീരുമാനമെടുക്കാനും കഴിയുന്ന പദ്ധതിയാണ് ഇ-ഓഫീസ്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും 66 ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും / മറ്റ ഗവൺമെന്റ് ഓഫീസുകളിലും / എല്ലാ കളക്ടറേറ്റുകളിലും 17 കളക്ടറേറ്റ് / ആർ ഡി ഒ കളിലുമായി ഇ-ഓഫീസ് നടപ്പാക്കി കഴിഞ്ഞു. വരും വർഷങ്ങളിൽ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും തുടങ്ങി താഴെ തട്ടുവരെ ഇ-ഓഫീസ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

- 'കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നോവേഷൻ & ടെക്നോളജി - വിവരസാങ്കേതിക മേഖലയിൽ കുതിപ്പേകി രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവകലാശാല പ്രവർത്തനം ആരംഭിച്ചു.
- ഐടി, ഐടി അനുബന്ധ തൊഴിലാളികൾക്ക് ക്ഷേമനിധി: സാമൂഹ്യക്ഷേമം ഉറപ്പാക്കുന്നതിനായി കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് തൊഴിലാളി ക്ഷേമബോർഡിനെ നടത്തിപ്പ് ചുമതല ഏല്പിച്ചുകൊണ്ട് ഐടി, ഐടി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതി രൂപീകരിച്ചു. പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാസഹായം, വിദ്യാഭ്യാസ സഹായം, മരണാനന്തര ആനുകൂല്യം എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പത്ത് ജീവനക്കാരിൽ താഴെയുള്ള ഐടി സംരംഭകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തും. ജീവക്കാരും കുടുംബാംഗങ്ങളും ക്ഷേമനിധിയുടെ പരിധിയിൽ വരും.




- കേരളത്തിലെ തൊഴിലന്വേഷകരെയും ലോകമൊട്ടാകെയുള്ള തൊഴിൽ ദാതാക്കളേയും ബന്ധപ്പെടുത്താനുള്ളൊരു ഡിജിറ്റൽ പ്ലാറ്റഫോം എന്ന നിലക്ക് "ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം കേരള' എന്ന ഒരു പോർട്ടൽ കഴിഞ്ഞ ഫെബ്രുവരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തത്. ഒരു വര്ഷം തികയുമ്പോഴേക്കും ഈ പ്ലാറ്റഫോമിലൂടെ തൊഴിലന്വേഷകർക്ക് തൊഴിൽ ലഭിക്കാൻ തുടങ്ങിയിരിക്കുന്നു. 32 പേർക്ക് ആണ് ആദ്യമായി ഇതിലൂടെ തൊഴിൽ ലഭിക്കുന്നത്. റോബോട്ടിക്ക് പ്രോസസ്സ് ഓട്ടോമേഷൻ, സോഫ്ട്‌വെയർ ടെസ്റ്റിംഗ്, ഡാറ്റ സയൻസ്, എന്നി മേഖലകളിൽ ആണ് ഇവർക്ക് ജോലി ലഭിച്ചത്. കേരളത്തിലെ തൊഴിലന്വേഷകരെ സംബന്ധിച്ചിടത്തോളം വലിയ സാധ്യതകളാണ് ഇത് വഴി തുറക്കാൻ പോകുന്നത്. മൈക്രോസോഫ്ട് അടക്കമുള്ള ബഹുരാഷ്ട്ര കമ്പനികളും ഇൻഫോസിസ് HP പോലുള്ള ഇന്ത്യൻ കമ്പനികളുമെല്ലാം ഇതിന്റെ ഭാഗമാകും. സ്വയംതൊഴിൽ അവസരങ്ങളൊരുക്കുന്ന പ്രധാനപ്പെട്ട അന്താരാഷ്ട്ര കമ്പനികളും ഉടൻ തന്നെ ഈ പോർട്ടലുമായി സഹകരിച്ച് പ്രവർത്തിക്കും.

## പ്രവാസി ക്ഷേമം


പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവർക്ക് ആശ്രയമാകാനും ഇടതുപക്ഷ സർക്കാരുകൾ എന്നും വലിയ ശ്രദ്ധയാണ് കൊടുത്തിട്ടുള്ളത്.1987-ലെ സഖാവ് ഇ.കെ. നായനാർ സർക്കാറാണ് പ്രവാസികൾക്കു വേണ്ടി ഒരു പ്രത്യേക വകുപ്പ് (NORKA) രൂപീകരിച്ചത്.പിന്നീട് 2008-ൽ വി.എസ്. സർക്കാർ ആണ് പ്രവാസി ക്ഷേമ പദ്ധതിയും പെൻഷനും ഏർപ്പെടുത്തിയത്.അത്തരം പ്രവർത്തനങ്ങളുടെ തുടർച്ചയായി ഒരുപടി കൂടി

ഉയർത്തിയുള്ള പ്രവർത്തനങ്ങൾ ആണ് പിണറായി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

- കേരളത്തിന് വെളിയിൽ ഉള്ള മലയാളികളെ സംഘടിപ്പിച്ചുകൊണ്ട് നവകേരള സൃഷ്ടിക്കായി ലോകകേരള സഭ സ്ഥാപിച്ചു.
- ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവാസി ക്ഷേമ പെൻഷൻ 500 രൂപ ആയിരുന്നു , അത് 2000 രൂപയായി വർദ്ധിപ്പിച്ചു തുടർന്ന് കഴിഞ്ഞ ബഡ്ജറ്റിൽ അത് 3500 രൂപയായി വർദ്ധിപ്പിച്ചു.
- പ്രവാസി ഡിവിഡന്റ് പദ്ധതി : പ്രവാസികളുടെ സമ്പാദ്യം സുരക്ഷിതമായി നിക്ഷേപിച്ച് 10 % സർക്കാർ ഗ്യാരണ്ടിയോടു കൂടി ഉള്ള പദ്ധതി. വിദേശത്ത് ജോലി ചെയ്യുന്നവരോ തിരിച്ചുവന്ന ശേഷം കേരളത്തിലോ മറ്റേതെങ്കിലും സംസ്ഥാനത്തോ സ്ഥിര താമസമാക്കിയവരുമായ എല്ലാ കേരളീയർക്കും പദ്ധതിയിൽ അംഗമാകാവുന്നതാണ്. പ്രവാസി കേരളീയ ക്ഷേമ ബോർഡുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഏജൻസിയായ കിഫ്ബിയെ ചുമതലപ്പെടുത്തി.




- അടിസ്ഥാന സൗകര്യ വികസന രംഗത്തും പ്രവാസികളെ സഹകരിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പാക്കുന്നു
- ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്കുവേണ്ടി 100 കോടി രൂപ വകയിരുത്തി
- പ്രവാസികൾക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനുള്ള നിയമസഹായ സെൽ രൂപീകരിച്ചു. തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് നിയമ സഹായം നൽകാനും,നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും GCC രാജ്യങ്ങളിൽ നോർക്ക ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു.




- നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ പ്രവാസികൾക്ക് വേണ്ടിയുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന ഗ്ലോബൽ കോൺടാക്ട് സെൻ്ററർ (ജി.സി.സി) സ്ഥാപിച്ചു.വിദേശരാജ്യങ്ങളിൽ നിന്നും നോർക്കയുടെ സേവനങ്ങൾ ആവശ്യപ്പെടുവാനും, പരാതികൾ രജിസ്റ്റർ ചെയ്യുവാനും ജി.സി.സി മുഖാന്തരം സാധിക്കും. പ്രവാസി മലയാളികൾക്ക് 0091 8802012345 എന്ന അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പരിൽ 24 x 7 മണിക്കൂറും ടെലിഫോണിലോ, ലൈവ് ചാറ്റിലോ സേവനം ലഭ്യമാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിളിക്കുന്നവർക്ക്1800 425 3939 എന്ന നമ്പരിലും സേവനങ്ങൾ ലഭ്യമാകും.
- പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിൽ എത്തിക്കുന്നതിനുള്ള പദ്ധതി. ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ എയർ ഇന്ത്യയുമായി ധാരണയിൽ എത്തി.പദ്ധതി സംബന്ധിച്ച് നോർക്ക റൂട്ട്സ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും എയർഇന്ത്യ എയർ ഇന്ത്യാ എക്സിക്യൂട്ടിവ് ഡയറക്ടർ കാർഗോയും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഗൾഫിൽ മരണമടയുന്നവരുടെ മൃതദേഹം നാട്ടിൽ എത്തിക്കുവാൻ തൊഴിൽ ഉടമയുടേയോ, സ്പോൺസറിന്റെയോ, എംബസ്സിയുടേയോ സഹായം ലഭിക്കാതെ വരുന്നവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.




- കോവിഡ് കാലത്ത് പ്രവാസികളെയും പ്രത്യേകം പരിഗണിച്ച് ധനസഹായം നൽകി. കൊറോണ കാലത്ത് ജോലി നഷ്ടപ്പെട്ട് നാട്ടിൽ കുടുങ്ങിയ പ്രവാസികൾക്ക് അയ്യായിരം രൂപയുടെ സഹായം നൽകി.
- സാന്ത്വന ധനസഹായം : ദുരിതത്തിലായി തിരിച്ചെത്തിയ പ്രവാസിക്കോ അല്ലെങ്കിൽ അയാളുടെ ആശ്രിത കുടുംബാംഗങ്ങൾക്കോ ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്. ഇതുവഴി;
    a) പ്രവാസിക്കോ അല്ലെങ്കിൽ അയാളുടെ ആശ്രിതരുടെയോ ചികിത്സാ ചെലവുകൾ നിറവേറ്റുന്നതിനുള്ള സാമ്പത്തിക സഹായം
    b) പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് മരണ സഹായം
    c) മടങ്ങിയെത്തിയ പ്രവാസിയുടെ മകളുടെ വിവാഹച്ചെലവ്
    d) ശാരീരിക വൈകല്യത്തെ മറികടക്കാൻ കൃത്രിമ കൈകാലുകൾ, ക്രച്ചസ്, വീൽ ചെയർ അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്ക് ഉള്ള സഹായങ്ങൾ
- വിദേശരാജ്യങ്ങളിൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വരികയും തുടർന്ന് ജയിൽ മോചിതരാകുകയും നാട്ടിലെത്താനുള്ള വിമാനടിക്കറ്റിനുള്ള പണമില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്ന അത്തരക്കാരെ സഹായിക്കാനുള്ള സ്വപ്നസാഫല്യം പദ്ധതി നടപ്പിലാക്കി.
- പ്രവാസികൾക്കായി KSFE വഴി പ്രവാസി ചിട്ടി നടപ്പിലാക്കി.
- പ്രവാസികൾക്കും വിദേശത്ത് അവരോടൊപ്പം കഴിയുന്ന കുടുംബാംഗങ്ങൾക്കും വേണ്ടി നോർക്ക റൂട്ട്സ് ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തി. പ്രവാസിരക്ഷ ഇൻഷുറൻസ് പദ്ധതി എന്ന പേരിലാണ് ഇതു നടപ്പാക്കുന്നത്.പതിനെട്ടിനും അറുപതിനും ഇടയിൽ പ്രായമുള്ള പ്രവാസികൾക്കും വിദേശത്തുള്ള അവരുടെ കുടുംബാംഗങ്ങൾക്കും പദ്ധതിയുടെ പരിരക്ഷ ലഭിക്കും. ഒരു വർഷത്തേക്ക് 550 രൂപയാണ് പ്രീമിയം അടയ്ക്കേണ്ടത്. രോഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ ഇൻഷുറൻസ് സംരക്ഷണം ലഭിക്കും. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.



- പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ ആകർഷിക്കാനായി സംസ്ഥാന സർക്കാർ ആരംഭിച്ച ഓവർസീസ് കേരളൈറ്റ്സ് ആൻഡ് ഹോൾഡിങ് കമ്പനിയുടെ വെബ്സൈറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. www.okih.org എന്നതാണ് വെബ്സൈറ്റ്. പ്രഥമ ലോക കേരള സഭയിലാണ് കമ്പനി രൂപീകരണം പ്രഖ്യാപിച്ചത്. തുടർന്ന് 2019 ആഗസ്റ്റിൽ കമ്പനി രൂപീകരിച്ചു. പ്രാദേശിക വികസനത്തിന് ആഗോള ആശയം എന്ന വീക്ഷണത്തോടെ സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രവാസികളുടെ പങ്കും അതിലൂടെ അവർക്ക് ന്യായമായ ലാഭവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് കമ്പനി രൂപീകരിച്ചത്.




പ്രവാസികൾക്ക് ഇത്രയും സഹായവും സഹകരണവും കേരള സർക്കാറിൽ നിന്ന് കിട്ടിയ കാലം ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലെന്ന് ഉറപ്പാണ്

## ദുരിതാശ്വാസ സഹായ വിതരണം

രോഗികളെ വരെ വരിയിൽ നിർത്തി ദുരിതാശ്വാസ നിധിക്കായി കാത്ത്നിർത്തി ദുരിതാശ്വാസനിധിയിൽ നിന്ന് തുച്ഛമായ തുക നൽകിയിരുന്ന യുഡിഫ് കാലത്ത് നിന്നും വിഭിന്നമായി അക്ഷയയിൽ പോയി അപേക്ഷിച്ചാൽ ദുരിതാശ്വാസ സഹായം അക്കൗണ്ടിലെത്തുന്ന രീതിയിലേക്ക് പിണറായി സർക്കാർ നടപടി സ്വീകരിച്ചു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി ഒരുലക്ഷത്തിൽ നിന്ന് രണ്ട് ലക്ഷം ആയി ഉയർത്തി. 6.74 ലക്ഷം ഗുണഭോക്താക്കൾക്ക് ചികിത്സ, കുടുംബ സഹായമായി 952 കോടി വിതരണം ചെയ്തു. അങ്ങനെ ലക്ഷങ്ങളുടെ കണ്ണീരൊപ്പി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി.

- പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് : 3778.84 കോടി
- പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് : 2264 .25 കോടി
- ക്യാമ്പുകളിൽ കഴിഞ്ഞവർക്ക് : 457.58 കോടി
- ഓഖി ദുരന്ത ബാധിതർക്കായി : 111.03 കോടി
- കോവിഡ് പ്രതിരോധത്തിന് : 729.13 കോടി
- സൗജന്യ ഭക്ഷ്യധാന്യ കിറ്റിന് : 350 കോടി

| ദുരിതാശ്വാസ സഹായം ആയി നൽകിയ തുക | |
|---|---|
| ഉമ്മൻചാണ്ടി സർക്കാർ | പിണറായി സർക്കാർ |
| 802.79 കോടി | 5571 കോടി |

## മാലിന്യമുക്ത കേരളം

| | | മുൻ സർക്കാർ | പിണറായി സർക്കാർ |
|---|---|---|---|
| 1 | സമ്പൂർണ്ണ ശുചിത്വ പദവി നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 0 | 661 |
| 2 | ഉറവിട മാലിന്യ സംസ്കരണ സംവിധാനമുള്ള പഞ്ചായത്തുകൾ | 2 | 661 |
| 3 | പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനമുള്ള പഞ്ചായത്തുകൾ | 3 | 661 |

2019 ലെ മഴക്കാലപൂർവ ശുചീകരണവും, ദേശീയ പാതയോര ശുചീകരണവും - 2452.19 മെട്രിക് ടൺ മാലിന്യം

2020 ലെ ദേശീയ പാതയോരശുചീകരണം - 944.47 മെട്രിക് ടൺ മാലിന്യം


കോവിഡ് 19 പ്രതിരോധവും, മഴക്കാല പൂർവ്വ ശുചീകരണവും 9839807 kg മാലിന്യം

## ലൈഫാണ് ലൈഫ്

| | | മുൻ സർക്കാർ | പിണറായി സർക്കാർ |
|---|---|---|---|
| 1 | നിർമ്മിച്ചത് | ഏകോപിത പദ്ധതിയില്ല. | 2,51,684 നിർമ്മിച്ചു (1.50 ലക്ഷം വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു) |
| 2 | വീടിനുള്ള ധനസഹായം | 2.5 ലക്ഷം രൂപ | 4 ലക്ഷം രൂപ |

സംയോജിത ഗൃഹനിർമാണ പദ്ധതിയിലൂടെ വീടുകൾ പൂർത്തിയാക്കിയത് LDF സർക്കാർ

## ധനകാര്യ വകുപ്പ് വികസന പ്രവർത്തനങ്ങൾ



(തോമസ് ഐസക്)

വികസനകുതിപ്പിന്റെ ചാലക ശക്തിയായിരുന്നു ധനകാര്യവകുപ്പ്.കടുത്ത പ്രതിസന്ധികൾക്കിടയിലും വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് പണ ലഭ്യത പ്രശ്നമാകാത്ത രീതിയിൽ സാമ്പത്തിക പദ്ധതികൾ ആവിഷ്കരിച്ചു നവകേരള നിർമ്മിതിയുടെ നട്ടെല്ലായി മാറാൻ ധനകാര്യവകുപ്പിനായി.

- എല്ലാ മേഖലകളിലും കൂടുതൽ വകയിരുത്തി നൽകിയ ബജറ്റ്.

| | 2015-2016 UDF | 2021-22 LDF |
|---|---|---|
| സാമൂഹികസുരക്ഷ, വികസനമേഖല | 46,202 കോടി | 81,141 കോടി |
| കാർഷിക അനുബന്ധ ചെലവ് | 4,853 കോടി | 7,207 കോടി |
| ആരോഗ്യമേഖല | 5,824 കോടി | 10,306 കോടി |
| വിദ്യാഭ്യാസം | 14,560 കോടി | 23,662 കോടി |

- നികുതി പിരിവ്: സേവനങ്ങൾ പൂർണമായും ഓൺലൈൻ ആക്കിയും, സംസ്ഥാനാതിർത്തികളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചും, പ്രധാനപ്പെട്ട 20 അതിർത്തി പാതകളിൽ ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തത് വഴി അഴിമതിയും അനധികൃത ഇടപെടലും അവസാനിപ്പിക്കാൻ ആയി. ഇതുവഴി നികുതി വർധിക്കാനുള്ള അടിസ്ഥാനോപാധി അഴിമതിയില്ലായ്മയായി മാറി.
- CAG നികുതി നഷ്ടം ചൂണ്ടിക്കാണിച്ച കേസുകൾ പരിശോധിച്ചു നികുതി ഈടാക്കിയെടുക്കാനുള്ള നടപടികൾ ആരംഭിച്ചു.
- നികുതി കുടിശ്ശിക പിരിക്കുന്നതിൽ വ്യാപാരി സൗഹൃദ നയം നടപ്പാക്കി. നികുതി കുടിശ്ശിക പിരിക്കാൻ സമഗ്രമായ ആംനിസ്റ്റി പ്രഖ്യാപിച്ചു. നികുതിയ്ക്ക് മേലുള്ള മുഴുവൻ പലിശയും പിഴയും ഒഴിവാക്കി.
- കിഫ്ബി വഴി വിവിധ പ്രോജക്ടുകളിലായി 20100 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിനുപുറമെ വ്യവസായപാർക്കുകൾക്കും മറ്റും ഭൂമി ഏറ്റെടുക്കുന്നതിനും 20000 കോടിരൂപ അനുവദിച്ചിട്ടുണ്ട്. KIIFB യിലെ ചില പദ്ധതികൾ;




  - കോളേജുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 1096.96 കോടി
  - കേന്ദ്രം വിൽപനയ്ക്ക് വെച്ച് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡ് ഏറ്റെടുക്കുന്നതിന് 200.60കോടി
  - ഭൂമിയേറ്റെടുക്കൽ പദ്ധതിക്ക് 20,000 കോടി
  - ദേശീയപാതയ്ക്ക് അയ്യായിരത്തി 5374 കോടി
  - അടിസ്ഥാനസൗകര്യ വികസന പദ്ധതിക്ക് 63250.66 കോടി

- 56 ആശുപത്രികൾക്കും വിവിധ ആശുപത്രികളിൽ ആധുനിക സൗകര്യങ്ങൾക്കും നാലായിരത്തി 4240.122 കോടി
- കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴിക്ക് 1038 കോടി
- 61 കുടിവെള്ള പദ്ധതികൾക്ക് 5222.60 കോടി
- പൊതുവിദ്യാഭ്യാസത്തിന് 2861 കോടി
- KFON-നും 2 IT പാർക്കുകളും 1412.86 കോടി

- കേരള ബാങ്ക് യാഥാർത്ഥ്യമായി
- കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ധനകാര്യ പുനസംഘടനയിലൂടെ 2015-16ൽ 657 കോടി വായ്പ വിതരണം ചെയ്ത സ്ഥാനത്ത് 2020-21ൽ ഇതുവരെ 2764കോടി വായ്പകൾ വിതരണം ചെയ്തു. 2015-16-ൽ 684കോടി രൂപയായിരുന്ന തിരിച്ചടവ് 2020-21ൽ 1407കോടിരൂപയായി. വായ്പകൾ ഉദാരമാക്കുകയും പലിശകുറക്കുകയും ചെയ്തെങ്കിലും ലാഭം 5 കോടിരൂപയിൽ നിന്ന് 20 കോടിരൂപയായി ഉയർന്നു.
- KSFE കുറഞ്ഞത് 8000 കോടിരൂപ ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്തു. 2015-16ൽ KSFE-യുടെ ടേണോവർ 28960 കോടി രൂപയായിരുന്നു. എന്നാൽ 2020-21ൽ ടേണോവർ 51000 കോടിരൂപയാണ്. നികുതിക്കുള്ള ലാഭം154 കോടിരൂപയിൽ നിന്നും 313 കോടിരൂപയായി ഉയർന്നു.
- KSFE പ്രവാസി ചിട്ടി ആരംഭിച്ചു.
- സ്റ്റേറ്റ് ഇൻഷ്വറൻസ് : 2015-16ലെ വരവ് 411 കോടി രൂപയായിരുന്നത് 2020-21ൽ 658 ആയി ഉയർന്നു.പരിമിതമായ വർത്തനമണ്ഡലത്തിൽ നിന്ന് 8348 കോടി രൂപയുടെ ഫണ്ട് ബാലൻസ് ഗണ്യമായി ഉയർത്തുകയാണ് ലക്ഷ്യം.
- 600 രൂപയായിരുന്ന പെൻഷൻ ഒന്നരക്കൊല്ലത്തോളം കുടിശികയിട്ട് യുഡിഎഫ് അധികമാരമൊഴിഞ്ഞിടത്ത് നിന്ന് കുടിശ്ശിക തീർത്ത് പെൻഷനുകൾ അർഹതപ്പെട്ട എല്ലാവർക്കും കൊടുക്കുകയും . ഇപ്പോൾ സാമൂഹ്യസുരക്ഷാ-ക്ഷേമ പെൻഷനുകൾ 1600 രൂപയാക്കി ഉയർത്തുകയും ചെയ്തു.




- ക്ഷേമപെൻഷൻ യുഡിഫ് കാലത്ത് 9311 കോടി രൂപ ആയിരുന്നത് LDF കാലത്ത് 30515.9 കോടി രൂപ.
- ട്രഷറി
    - **Integrated Finance Management (IFMS)** system പൂർണ്ണമായി നടപ്പാക്കി.
    - ഉപയോക്താക്കൾക്കും പെൻഷൻകാർക്കും ഇ-ട്രഷറി സേവനങ്ങൾ ലഭ്യമാക്കി

- ട്രഷറി സേവിങ്സ് അക്കൗണ്ടിന് കോ-ബ്രാൻഡഡ് ATM സൗകര്യം ഏർപ്പെടുത്തി.

- ലോട്ടറി
    - അനധികൃത ലോട്ടറികൾ നിരോധിച്ചു.
    - ലോട്ടറി ടേൺ ഓവർ 12,000 കോടി രൂപയിലെത്തി
- KSRTC-ക്ക് 5000 കോടി രൂപയോളം ധനസഹായം. യുഡിഎഫിന്റെ അഞ്ചു വർഷ ഭരണക്കാലത്ത് ആകെ നൽകിയത് 1220 കോടി രൂപ മാത്രം.
- കയർ വ്യവസായം
    - രണ്ടാം കയർ പുനഃസംഘാടനത്തിലൂടെ പരമ്പരാഗത കയർ വ്യവസായ മേഖലയുടെ സംരക്ഷണവും, നവീകരണവും, യന്ത്രവൽക്കരണവും നടപ്പാക്കി.
    - 125 പുതിയ De-fibering Mills കമ്മീഷൻ ചെയ്തു.
    - 4 വര്ഷം കൊണ്ട് ഏതാണ്ട് 1000 കോടിയിലധികം വിവിധ പദ്ധതികളിലായി നൽകി.


## ആരോഗ്യ,സാമൂഹ്യനീതി വകുപ്പ് വികസന പ്രവർത്തനങ്ങൾ



(കെ.കെ. ശൈലജ)

### ആരോഗ്യം

ദേശീയ-അന്തർദേശീയ തലത്തിൽ പോലും പലപ്പോഴും മാതൃകയാകാൻ ആരോഗ്യവകുപ്പിലെ പ്രവർത്തനങ്ങൾക്കായി എന്നത് അഭിമാനമായാ അഞ്ച് വർഷങ്ങൾ.
കഴിഞ്ഞ 4 വർഷത്തിനിടെ കേരളത്തിലെ സർക്കാർ ആതുരാലയങ്ങളിൽ ജനം അനുഭവിച്ചറിഞ്ഞ മാറ്റങ്ങളുടെ പേരാണ് ആർദ്രം. ഈ സർക്കാർ ആരോഗ്യ




മേഖലയുടെ വികസനത്തിനായി സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീ സൗഹൃദപരിചരണം സാധ്യമാക്കി മികച്ച സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ആർദ്രം മിഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ വരെ നൂതനമായ സംവിധാനങ്ങൾ



ഒരുക്കിയും , സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സാധാരണ ജനങ്ങൾക്ക് പ്രാപ്യം ആയ ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.
മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ആരോഗ്യരംഗത്ത് വളരെയധികം മുന്നിലാണെന്നതിൽ തർക്കമില്ല. ശിശുമരണ നിരക്കും, മാതൃമരണ നിരക്കും ഏറ്റവും കുറവുള്ള സംസ്ഥാനവും ഏറ്റവും കൂടുതൽ പ്രതീക്ഷിത ആയുസ് കേരളത്തിലെ ജനങ്ങൾക്കാണ്. ഒരു ലക്ഷം പ്രസവത്തിൽ മാതൃമരണ നിരക്ക് 46 ആക്കി കുറക്കാൻ സർക്കാർ പ്രവർത്തനങ്ങളിലൂടെ സാധിച്ചു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മികച്ച കെട്ടിടവും പശ്ചാത്തലവും ആണ് ഒരുക്കിക്കൊണ്ടിരിക്കുന്നത്. അർധം പദ്ധതിയിലൂടെ പ്രാഥമിക തലങ്ങളിലെ ക്ലിനിക്കൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.
ഫലപ്രദമായ ആരോഗ്യ സംരക്ഷണത്തിന് പൊതുമേഖലയിൽ എല്ലാ



അടിസ്ഥാന സൗകര്യങ്ങൾക്കുമൊപ്പം അത്യാധുനിക സൗകര്യങ്ങളും ഉറപ്പ് വരുത്തുന്ന സേവനങ്ങളാണ് സർക്കാർ വിഭാവനം ചെയ്തു നടപ്പാക്കിവരുന്നത്. അതിന്റെ ഭാഗമായി ആർദ്രം പദ്ധതിയിലൂടെ രോഗി സൗഹൃദമായ ആരോഗ്യ സംരക്ഷണം സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ജില്ലാ, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു.

ഒപ്പം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ (PHC) കുടുംബാരോഗ്യകേന്ദ്രങ്ങളായി (FHC) ഉയർത്തി കൊണ്ട് എല്ലാ കുടുംബങ്ങൾക്കും മെച്ചപ്പെട്ട ചികിത്സ സൗകര്യങ്ങൾ ലഭ്യമാക്കി സമൂഹത്തിനാകെ ആരോഗ്യ സംരക്ഷണം നൽകുക എന്ന ലക്ഷ്യം നടപ്പിലാക്കി വരുന്നു.
സംസ്ഥാന ചെലവിന്റെ ശരാശരി 5.6 % ആരോഗ്യ, കുടുംബക്ഷേമ മേഖലകളിലാണ് വിനിയോഗിക്കുന്നത്. ആരോഗ്യമേഖലയിലെ സംസ്ഥാനത്തിന്റെ പ്രശംസനീയമായ വളർച്ചയ്ക്കും പുരോഗതിക്കും ഇത് പ്രയോജനപ്പെടുന്നു. ഈ സമീപനം കൊണ്ടാണ് നിപ്പ പോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിച്ച് നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞത്.

<u>ചില പ്രധാന വികസന നേട്ടങ്ങൾ, പ്രവർത്തനങ്ങൾ.</u>

- ദേശിയ (നീതി ആയോഗ്) ആരോഗ്യസൂചികയിൽ തുടർച്ചയായി കേരളം 29 മാനദണ്ഡങ്ങളിലും ഒന്നാമതെത്തി.
- നവജാത ശിശു മരണനിരക്കും 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്.
- രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യത്തെ 12 സ്ഥാനവും കേരളം ഇപ്പോഴും നിലനിർത്തുകയാണ്.
- ഇന്ത്യയിൽ ആകെയുള്ള 5190 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളുള്ളതിൽ 36 എണ്ണത്തിന് മാത്രമാണ്NQAS അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിൽ 7 എണ്ണം കേരളത്തിലാണ്.
- ജനസൗഹൃദമാകുന്ന കുടുംബാരോഗ്യ ക്രേന്ദങ്ങൾ : ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക ആരോഗ്യ ക്രേന്ദ്രങ്ങളെയും (PHC) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി (FHC) മാറ്റാൻ ഉള്ള നടപടികൾ എടുത്തു .അതിൻ്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി 673 PHC കളിൽ 461 എണ്ണം FHC-കളായി ഉയർത്തി.




- കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവന മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഉച്ചവരെ ഉണ്ടായിരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം വൈ കുരേം 6 മണി വരെയാക്കി. ക്രൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ചു.
- KIIFB വഴി 7000 കോടി രൂപയുടെ മാസ്റ്റർപ്ലാൻ വികസനത്തിലൂടെ മെഡിക്കൽ കോളേജിന്റെ വികസനം; മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ ഗവേഷണ കേന്ദ്രവും ജില്ലാ / ജനറൽ / താലൂക്കും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ




ആശുപത്രികളുടെ വികസനം സാധ്യമായി.

- മെഡിക്കൽ കോളേജുകൾ സെന്റർ ഫോർ എക്സിലെൻസ് ആകുന്നു
- പുതുതായി 10 കാത്ത് ലാബുകൾ
- സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഉൾപ്പെടെ ഹൈടെക് ബഹുനില മന്ദിരങ്ങളോടെ താലൂക്ക് ആശുപത്രികൾ വികസിപ്പിക്കുന്നു (വൈക്കം,പുനലൂർ,കാഞ്ഞങ്ങാട് താലൂക്ക് ആശുപത്രികൾ അതിൽ ചിലത്)



- നെക്ടർ ഓഫ് ലൈഫ് എന്ന് പേരിട്ടിരിക്കുന്ന സംസ്ഥാനത്തെ ആദ്യ മുലപ്പാൽ ബാങ്ക് എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചു.
- സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു കാൻസർ ബോർഡ് രൂപീകരിച്ചു.
- എല്ലാ ജില്ലകളിലും കാൻസർ ചികിത്സ ഉറപ്പാക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ കേന്ദ്രങ്ങളിൽ കാൻസർ ചികിത്സ ഉറപ്പാക്കുന്നതിന് ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചു. ഈ കേന്ദ്രങ്ങളിലൂടെ കീമോതെറാപ്പിയുൾപ്പെടെയുള്ള ചികിത്സ സൗജന്യമായി നടപ്പിലാക്കി വരുന്നു.
- സാധാരണ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി വ്യത്യസ്ത വകുപ്പുകൾ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ രൂപീകരണം. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവയുടെ നടത്തിപ്പ് ചുമതല ഹെൽത്ത് ഏജൻസിക്കാണ്.
- സർക്കാർ പൊതുജനാരോഗ്യ സംവിധാനങ്ങളിൽ രാജ്യത്തെ മികച്ച മാതൃകാ പദ്ധതിയായി സംസ്ഥാനത്ത്  ക്ഷയരോഗ നിവാരണത്തിനായി നടത്തിവരുന്ന 'അക്ഷയകേരളം' പദ്ധതിയെ കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തു.
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി 2025 ഓടുകൂടി ക്ഷയരോഗ നിവാരണം എന്ന ലക്ഷ്യത്തിലെത്താൻ ആരോഗ്യ വകുപ്പ് 'എന്റെ ക്ഷയരോഗമുക്ത കേരളം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവിധം കിടപ്പിലായ രോഗികൾ, ശാരീരിക മാനസിക ബുദ്ധിമുട്ടുള്ളവർ, നൂറു

ശതമാനം അന്ധത ബാധിച്ചവർ, തീവ്രമാനസിക രോഗമുള്ളവർ, ഓട്ടിസം, സെറിബ്രൽ പാൾസി മുതലായ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ക്യാൻസർ രോഗികൾ, എൻഡോസൾഫാൻ ബാധിച്ച് പൂർണമായും ദുർബലപ്പെട്ടവർ തുടങ്ങിയ വിഭാഗത്തിൽപെട്ടവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സാമൂഹ്യ സുരക്ഷ മിഷന്റെ പദ്ധതിയായ ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസം ധനസഹായമായി 600 രൂപ യാണ് അനുവദിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 63,544 ഗുണഭോക്താക്കൾ ആയിരുന്നത് ഈ സർക്കാർ വന്നതിനു ശേഷം 1,13,713 ആയി വർധിച്ചു.58.12 കോടി രൂപയാണ് ഇതിനായി അനുവദിച്ചിരിക്കുന്നത്.

- secondary level പാലിയേറ്റീവ് കെയർ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കി
- കുട്ടികളിലെ ഹൃദ്രോഗം നേരത്തെ കണ്ടെത്തി ചികിൽസിക്കുന്നതിന് ഹൃദ്യം പദ്ധതി ആവിഷ്കരിച്ചു.
- 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ
- അനുവദിക്കുന്ന താലോലം പദ്ധതി .
- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അത്യാധുനിക സൗകര്യങ്ങളോടു കൂടിയ സഞ്ചരിക്കുന്ന നേത്രരോഗ പരിശോധന യൂണിറ്റുകളായ നയനപഥം സജ്ജമാക്കി.




- രാജ്യത്തെ തന്നെ ഏറ്റവും വലിയ , രാജ്യാന്തര നിലവാരമുള്ള institute of advanced virology സ്ഥാപിച്ചു
- 108 ആംബുലൻസ് സേവനം സംസ്ഥാനത്ത് മുഴുവനായും കനിവ് 108 എന്ന പേരിൽ വ്യാപിപ്പിച്ചു. 315 ആംബുലൻസുകൾ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്.
- മാനസിക ആരോഗ്യ പരിപാടി വിപുലപ്പെടുത്താൻ ആശ്വാസ് ക്ലിനിക് , 'അമ്മ മനസ്സ് പദ്ധതികൾ തുടങ്ങി.
- എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടി നടപ്പിലാക്കിയ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറി.
- പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനായി ആരോഗ്യ ജാഗ്രത എന്നാ കർമ്മ പരിപാടി നടപ്പിലാക്കി വരുന്നു.
- എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ.
- ഇന്ത്യയിലെ ആദ്യത്തെ സ്പോർട്സ് ആയുർവേദ ആശുപത്രി, "Kerala Institute of Sports Ayurveda Research" തൃശൂരിൽ ആരംഭിച്ചു.
- ആരോഗ്യ സ്ഥാപനങ്ങളിൽ ഇ -ഹെൽത്ത് പദ്ധതി നടപ്പിലാക്കി.

ഇത്തരം നേട്ടങ്ങളുടെ ഫലമാണ് മഹാമാരികളെപോലും പ്രതിരോധിക്കാൻ നമുക്കാകുന്നത്. ഉയർന്ന ജനസാന്ദ്രതയും (ഒരു ചതുരശ്ര കിലോമീറ്ററിൽ 860 ആണ് കേരളത്തിൽ. അതേസമയം ഇന്ത്യയുടെ ശരാശരി 430 ആണ്) , ആയുർദൈർഘ്യം കൂടിയവരുടെ ജനസംഖ്യ (ആകെ ജനസംഖ്യയുടെ 14%) ഏറ്റവും കൂടുതലുള്ള സംസ്ഥാനവുമായ കേരളം; ഇക്കാരണങ്ങളാൽ തന്നെ പകർച്ചവ്യാധി പ്രതിരോധത്തിന് മുന്നിൽ വലിയ വെല്ലുവിളികൾ നേരിടുന്നു. എന്നിട്ടും സർക്കാരിന്റെ ശ്രദ്ധേയമായ ഇടപെടലിന്റെ ഫലമായിട്ടാണ് നമുക്ക് കേസുകൾ ഇത്രയേറെ വർധിച്ചിട്ടും മരണനിരക്ക് വളരെ കുറക്കാൻ സാധിച്ചത്. ലോകാരോഗ്യ സംഘടനയും ആരോഗ്യ രംഗത്തെ മറ്റേജൻസികളും മരണനിരക്ക് ഒരു ശതമാനത്തിന് താഴെയാക്കാൻ കഴിഞ്ഞാൽ നേട്ടമാകുമെന്ന് സൂചിപ്പിച്ചപ്പോൾ നമുക്ക് മരണനിരക്ക് 0.4 ആയി കുറയ്ക്കാൻ സാധിച്ചു. ഇതാണ് ലോക രാഷ്ട്രങ്ങളുടേയും അന്താരാഷ്ട്ര സംഘടനകളുടേയും അഭിനന്ദനത്തിന് പാത്രമാകാൻ സഹായിച്ചത്.

## വനിതാ ശിശുക്ഷേമം

- സംസ്ഥാനത്തെ പൂർണ്ണമായും ബാല സൗഹൃദമാക്കി മാറ്റുക, കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, കുട്ടികളുടെ അവകാശങ്ങൾ എന്നിവ ഉറപ്പാക്കുന്ന ബാലനിധി പദ്ധതി നടപ്പാക്കി.
- അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളിൽ കഴിയുന്ന സ്പെഷ്യൽ നീഡ് കുട്ടികൾക്ക് വേണ്ടത്ര ശ്രദ്ധയും സംരക്ഷണവും മെച്ചപ്പെട്ട സേവനവും നൽകുക എന്ന ഉദ്ദേശത്തോട് കൂടി സ്പെഷ്യൽ നീഡ് ചിൽഡ്രൻസ് ഹോം ആരംഭിച്ചു.
- ബാലഭിക്ഷാടനം, ബാലവേല, കുട്ടികൾക്ക് എതിരെയുള്ള ചൂഷണം എന്നിവ തടയുന്നതിനായി ശരണ ബാല്യം പദ്ധതി ആരംഭിച്ചു.
- അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകുന്ന അഭയകിരണം പദ്ധതി നടപ്പിലാക്കി.
- 5 വർഷം കൊണ്ട് സ്ത്രീധനം പൂർണ്ണമായും ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ സ്ത്രീധനനിരോധനത്തിനായുള്ള ഒരു ക്യാമ്പയിന് തുടക്കമിട്ടു
- വിദ്യാർഥിനികളുടെ ആർത്തവ ശുചിത്വവുമായി ബന്ധപ്പെട്ട ഷീ-പാഡ് എന്ന പേരിൽ സമഗ്ര പദ്ധതി നടപ്പാക്കി.
- സ്ത്രീകളിലെയും കുട്ടികളിലെയും പോഷകക്കുറവ് തുടക്കത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിനായി പോഷകാഹാര ഗവേഷണ കേന്ദ്രം ആരംഭിച്ചു.
- വിധവകളായ സ്ത്രീകളുടെ കുട്ടികൾക്ക് ഉന്നത പഠനത്തിന് ധനസഹായം നൽകുന്ന പദ്ധതിയായ പടവുകൾ ആരംഭിച്ചു.
- പട്ടികവർഗ്ഗ വനിതകളുടെ വികസനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനുമായി 2017-18 ൽ ആദിവാസി വനിതാ വികസന പദ്ധതി-“വനമിത്ര” എന്ന മാതൃകാ പദ്ധതി ആരംഭിച്ചു.

- സംസ്ഥാനത്ത് ഷീ toilet-കൾ ആരംഭിച്ചു.

## സാമൂഹിക നീതി


- ബാരിയർ ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. മലപ്പുറം വയനാട് ജില്ലകളിൽ ഇതിനോടകം 15 കോടി ചിലവിൽ ഇത് നടപ്പാക്കി.
- സംസ്ഥാനത്ത് ആദ്യമായി മാനസിക രോഗം ബാധിച്ച ആളുകളെ സംരക്ഷിക്കുന്നതിനും അവരുടെ കുടുംബത്തെ സഹായിക്കുന്നതിനുമായി സുരക്ഷാ പദ്ധതി നടപ്പാക്കി.




- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ യൂണിഫോം എന്നിവ നൽകുന്ന വിദ്യാജ്യോതി പദ്ധതി നടപ്പാക്കി. 1344 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- അംഗപരിമിതിയുള്ള മാതാപിതാക്കളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി വിദ്യാകിരണം പദ്ധതി ആവിഷ്കരിച്ചു. 2013 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- ട്രാൻസ്ജെൻഡർന് വേണ്ടി Transgender Crisis Management centre സെന്റര് രൂപീകരിച്ചു.

## വൈദ്യുതി വകുപ്പ് വികസന പ്രവർത്തനങ്ങൾ

(എം.എം. മണി)




പ്രകാശ പൂരിതമായ അഞ്ചു വർഷങ്ങൾ ആണ് വൈദ്യുതി വകുപ്പിന് അവകാശപ്പെടാവുന്നത്

- കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്രവികസനം മുന്നിൽ കണ്ടുള്ള അഞ്ച് പദ്ധതികൾ ഉൾപ്പെടുന്ന ഊർജ്ജ കേരള മിഷൻ 2018 ജൂൺ 14ന് പ്രഖ്യാപിച്ചു.




a) ആയിരം മെഗാവാട്ട് സൗരവൈദ്യുതി ലക്ഷ്യമിടുന്ന "സൗര"
b) LED വിളക്കുകളുടെ ഉപയോഗം വ്യാപകമാക്കുന്നതിനായി "ഫിലമെന്റ് രഹിത കേരളം"
c) വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനുമുള്ള "ദ്യുതി 2021"
d) പ്രസരണ മേഖലയുടെ നവീകരണത്തിനുള്ള ട്രാൻസ്ഗ്രിഡ് 2.0
e) വൈദ്യുതി അപകടങ്ങള് ഒഴിവാക്കുന്നതിനുള്ള "ഇ-സേഫ്"

- 175 കോടി രൂപ പദ്ധതി ചെലവിൽ 15 ലക്ഷത്തിൽ പരം കണക്ഷനുകൾ നൽകി സംസ്ഥാനത്തെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിച്ച് 2017 മെയ് 29-ന് ഇന്ത്യയിലെ ആദ്യ സമ്പൂർണ വൈദ്യുതീകൃത സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞു.




- വൈദ്യുതീകരണത്തിൽ കേരളം ഇന്നും മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്.
- പവർകട്ടും ലോഡ്ഷെഡിങ്ങും ഇല്ലാത്ത അഞ്ചു വർഷങ്ങൾ.
- കേരളത്തിൽ ആവശ്യകതയുടെ 30% താഴെ മാത്രം വൈദ്യുതിയേ ഉത്പാദിപ്പിക്കുന്നുള്ളൂ; ബാക്കി 70 % വൈദ്യുതിയും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയെത്തിച്ചാണ് കേരളം അതിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. എന്നാൽ ഇങ്ങനെ വൈദ്യുതി വാങ്ങിയെത്തിക്കുന്നതിന് ആവശ്യമായ അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ കാര്യത്തിൽ കേരളത്തിന് വലിയ പരിമിതി ഉണ്ടായിരുന്നു. ഇത് പരിഹരിക്കാനും സർക്കാർ വലിയ ഇടപെടലാണ് നടത്തിയത്.




- ഇടമൺ - കൊച്ചി പവർ ഹൈവേ : കൂടംകുളത്തു നിന്ന് നമുക്ക് കിട്ടുന്ന 266 മെഗാവാട്ട് പ്രസരണ നഷ്ടം കുറച്ച് കേരളത്തിൽ എത്തിക്കാൻ കഴിയുന്നതിനോടൊപ്പം ആവശ്യ ഘട്ടങ്ങളിൽ 500 MV വൈദ്യുതി പുതുതായി കേരളത്തിലേക്കു കൊണ്ടുവരാനും കഴിയുന്ന പദ്ധതിയാണിത്.
- വർഷങ്ങളായി മുടങ്ങിക്കിടന്ന കൂടംകുളം-കൊച്ചി വൈദ്യുതി ലൈനും ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിലേക്ക് വൈദ്യുതി എത്തിക്കാനുള്ള

പുഗലൂർ-മാടത്തറ ഹൈ വോൾട്ടേജ് ലൈനും പൂർത്തീകരിച്ചു. ഇതോട് കൂടി കേരളത്തിൻറെ ഇറക്കുമതി ശേഷിയിൽ 2000 മെഗാവാട്ടിൻറെ വർദ്ധനവാണുണ്ടാകുന്നത്.

- ആദ്യത്തെ 4 വർഷത്തിനുള്ളിൽ തന്നെ വിതരണ നഷ്ടം കുറയ്ക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആയി മാറി. വിതരണ നഷ്ടം ഏതാണ്ട് 9.07% മാത്രമാണ്.
- ട്രാൻസ് ഗ്രിഡ് 2.0: സംസ്ഥാനത്തിനകത്തെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി KIIFB-യിൽ നിന്ന് 10000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതി. രണ്ടു ഘട്ടങ്ങളിലായി നടക്കുന്ന ഈ പദ്ധതിയുടെ 5200 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കേരളത്തിന്റെ ആഭ്യന്തര പ്രസരണ ശേഷി ഇരട്ടിയായി വർധിപ്പിക്കുക എന്നതാണ് ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി നിലവിലുള്ള 220 KV ലൈൻ 400 KV ആയി മാറ്റുകയാണ്.
- SCADA: പൂർണ്ണമായും ഓട്ടോമാറ്റിക് പ്ലാറ്റ്ഫോമിൽ വൈദ്യുതി വിതരണ ശൃംഖലയിലെ പിശകുകൾ തിരിച്ചറിയുന്നതിനും തൽക്ഷണം അത് വേർതിരിച്ച് കാര്യക്ഷമമായ രീതിയിൽ ശരിയാക്കാനും കഴിയുന്ന സാങ്കേതിക വിദ്യ.
- KSEB യുമായി ചേർന്ന് കേരളം മുഴുവൻ ചിലവ് കുറഞ്ഞ ഇന്റർനെറ്റ് ലഭ്യമാക്കുന്ന കഫോൺ പദ്ധതി
- KSEB സേവനങ്ങൾ വീട്ടുപടിക്കലെത്തിക്കുന്ന പദ്ധതി
- പെരുന്തേനരുവി, ചത്താൻകോട്ട് നട ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചു.
- ഇന്ത്യയിൽ ഏറ്റവും വലിയ ഫ്ലോട്ടിങ് സോളാർ പ്ലാന്റ് വയനാട്ടിലെ ബാണാസുര റിസേർവോയറിൽ പണി പൂർത്തീകരിച്ചു.
- നിലവിൽ 154 മെഗാവാട്ട് ശേഷിയുള്ള ആറു ജലവൈദ്യുത പദ്ധതികൾ ആണ് നിർമ്മാണത്തിൽ ഉള്ളത്.
- സൗര പദ്ധതിയുടെ ഒന്നാം ഘട്ടമായി 250 മെഗാവാട്ട് ഉത്പാദനം പൂർത്തിയാക്കി.
- ഇടുക്കി, ബാണാസുര സാഗർ അണക്കെട്ടുകളിൽ ഫ്ളോട്ടിങ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.ഇതിനകം സോളാർ നിലയങ്ങളിൽ നിന്ന് 200 MV വൈദ്യുതി ഉത്പാദിപ്പിക്കാൻ നമുക്ക് കഴിഞ്ഞു.



- കാറ്റാടി നിലയങ്ങളിൽ നിന്ന് 27 MV വൈദ്യുതി ഉത്പാദിപ്പിച്ചു.
- വൈദ്യുതി മേഖലയെ വിഭജിക്കുന്നതിനും സ്വകാര്യവത്കരിക്കുന്നതിനുമുള്ള നടപടികൾ രാജ്യവ്യാപകമായി നടന്നു വരുമ്പോഴും കേരളത്തിലെ വൈദ്യുതിമേഖലയെ പൊതുമേഖലയിൽ തന്നെ നിലനിർത്താൻ സർക്കാരിനായി.

- KSEB App: ഇതുവഴി KSEB യുടെ സേവനങ്ങൾ ഓൺലൈൻ ആയി ലഭിക്കും. വൈദ്യുതി തടസ്സം മുൻകൂട്ടി അറിയിക്കുക, ഒ.എം.എസ് ബിൽ വിവരങ്ങൾ ബിൽ അലർട്ട്, താരിഫ് മാറ്റം തുടങ്ങിയവയ്ക്കായി നൽകിയ അപേക്ഷയുടെ സ്ഥിതി മനസ്സിലാക്കുക തുടങ്ങി വിവിധ സേവനങ്ങൾ ഇതിലൂടെ ലഭ്യമാണ്.
- ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിൽ സംസ്ഥാനം നടത്തുന്ന ഇടപെടലിന്റെ ഭാഗമായി കഴിഞ്ഞ മൂന്നു വർഷവും ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് കേരളത്തിന് ലഭിച്ചു.
- തെരുവു വിളക്കുകളെ പൂർണമായും LED-യിലേക്ക് മാറ്റുന്നത് ലക്ഷ്യമിട്ട് "നിലാവ്"പദ്ധതി ആരംഭിച്ചു.
- വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകുക , വൈദ്യുതി ബില്ല് അടയ്ക്കുക തുടങ്ങി വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കി.
- വൈദ്യുതി മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിന് വൈദ്യുതി
- മന്ത്രി പങ്കെടുത്തുകൊണ്ട് ജില്ലാതലങ്ങളിൽ നടത്തിയ വൈദ്യുതി അദാലത്തുകളും വൈദ്യുതി വിതരണ സെക്ഷനുകൾ കേന്ദ്രമാക്കി നടത്തുന്ന സോഷ്യൽ ഓഡിറ്റിങ്ങും ഈ രംഗത്ത് ഉപഭോക്തൃ സംതൃപ്തി
- ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആയി മാറി.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ 16 ലക്ഷത്തോളം കണക്ഷനുകളാണ് നൽകിയത്. 7600 km 11KV ലൈനുകളും 9400 transformer -കളും സ്ഥാപിച്ചു. 16000 കിലോമീറ്റർ എൽ.ടി ലൈനുകൾ നിർമിക്കുകയുണ്ടായി.
- KSEB അടിമുടി പ്രൊഫഷണൽ വൽക്കരിച്ച ഒരു കാലം. വൈദ്യുതി മുടങ്ങിയാൽ വിളിച്ചാൽ ഉടനെയെത്തുന്ന വൈദ്യുതി വകുപ്പ് ജീവനക്കാർ , ഉപഭോക്തൃ സേവനത്തിൽ പുത്തൻ മാതൃകയുമായി KSEB സേവനങ്ങൾ വീട്ടുപടിക്കലെത്തിക്കുന്ന പദ്ധതി  മുതൽ ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പ്രസരണ നഷ്ടം വരുന്ന രീതിയിൽ വ്യാപകമായ വിതരണ ശൃംഖല തന്നെ ഉടച്ചു വാർത്ത അഞ്ച് വർഷങ്ങൾ.
- പ്രകൃതിക്ഷോഭം പോലെയുള്ള ഏത് ദുരന്തസമയങ്ങളിലും എത്രയും വേഗം വൈദ്യുതി പുനഃ സ്ഥാപിക്കുന്നതിനായി ഏർപ്പെടുത്തിയ പ്രൊജക്റ്റ് ആണ് 'Mission Reconnect'

## പൊതുവിദ്യാഭ്യാസ വകുപ്പ് വികസന പ്രവർത്തനങ്ങൾ

(സി. രവീന്ദ്രനാഥ്)



പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താനും , സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് ഉൾപ്പെടെയുള്ള സമഗ്ര വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കിയ 5 വർഷമാണ് കടന്നുപോകുന്നത്. ചില വികസന പ്രവർത്തനങ്ങൾ ചുവടെ;

- കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളും പൂർണമായും ഡിജിറ്റലായി കഴിഞ്ഞു
- 2017-18 മുതൽ 2019-20 വരെ മൂന്ന് അക്കാദമിക വർഷങ്ങളിലായി 5.05 ലക്ഷം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിലെത്തി. ആകെ 6.79 ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നു.
- പാഠപുസ്തകവിതരണം സമയബന്ധിതമാക്കി തൊട്ടടുത്ത ക്ലാസിലെ പാഠപുസ്തകങ്ങൾ സ്കൂൾ അടയ്ക്കുന്ന ഘട്ടത്തിൽ തന്നെ കുട്ടികൾക്ക് ലഭ്യമാക്കി.




കൈറ്റ് Kerala Infrastructure and Technology for Education (KITE)

- നീതി ആയോഗ് പ്രസിദ്ധീകരിച്ച മനുഷ്യ വിഭവശേഷി വിഭാഗത്തിലെ




മികച്ച മാതൃകകളുടെ സംക്ഷിപ്ത പട്ടികയിൽ കേരളത്തിൽ നിന്ന് KITE ഇടം പിടിച്ചു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, വിവര സാങ്കേതിക വിദ്യാ ഉപയോഗം, പരിശീലനം, ഉള്ളടക്ക വികസനം, കണക്ടിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണാ-പരിപാലന സംവിധാനം, ഇ-ഗവേർണൻസ് എന്നീ മേഖലയിലെ കൈറ്റിന്റെ ഇടപെടൽ രാജ്യത്തും പുറത്തും മാതൃകയാണെന്നാണ് 2020 നവംബർ 17-ന് പുറത്തിറക്കിയ റിപ്പോർട്ടിലുള്ളത്.
- "The Peel of First Bell at School"എന്ന പേരിൽ UNICEF കൈറ്റിന്റെ പ്രവർത്തനങ്ങൾ ശ്ലാഘിച്ചുകൊണ്ടുള്ള വിശദമായ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ, ഗുജറാത്ത്, പശ്ചിമബംഗാൾ, പഞ്ചാബ്, ന്യൂഡൽഹി, ഒറീസ തുടങ്ങി നിരവധി സംസ്ഥാനങ്ങളിൽ നിന്നും കൈറ്റ് മാതൃക നടപ്പാക്കുന്നതിനായി അന്വേഷണങ്ങൾ നടത്തിയിരുന്നു.

സ്കൂളുകളിൽ സാങ്കേതികവിദ്യയുടെ പിന്തുണ

- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളും പൂർണമായും ഡിജിറ്റലായി കഴിഞ്ഞു.
- മുഴുവൻ പൊതുവിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ്റൂമുള്ള ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു.




- 8 മുതൽ 12 വരെയുള്ള 45000 ക്ലാസുമുറികളാണ് സ്മാർട്ട് ആയത്.
- 13000 ഓളം പ്രൈമറി സ്കൂളുകളിലും IT ലാബുകൾ സ്ഥാപിച്ചു.
- 16,027 സ്കൂളുകളിലായി 3,74,274 ഡിജിറ്റൽ ഉപകരണങ്ങളാണ് സ്മാർട് ക്ലാസ്റൂം പദ്ധതിക്കായി വിതരണം ചെയ്തത്.
- മുഴുവൻ അധ്യാപകർക്കും IT പരിശീലനം നൽകി.
- 4752 സ്കൂളുകളിൽ IT അടിസ്ഥാന സാകര്യം.
- 14,000 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ്.
- അടിസ്ഥാനസാകര്യം മെച്ചപ്പെടുത്താൻ

- 982 സ്കൂളുകൾക്ക് 2336 കോടി രൂപ നൽകി. (141 സ്കൂളുകൾക്ക് 5 കോടി വീതവും, 395 സ്കൂളുകൾക്ക് 3 കോടി വീതവും 446 സ്കൂളുകൾക്ക് 1 കോടി വീതവും)
- എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ട് വഴി പണം നൽകി.
- 52 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടിയുടെ സഹായം
- പ്ലാൻ ഫണ്ടിലൂടെ 600 ലധികം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യവികസനവും നടപ്പാക്കി.
- 5 കോടി രൂപയുടെ കിഫ്ബി സഹായത്തോടെ നിർമിക്കുന്ന 60 വിദ്യാലയങ്ങൾ ഉദ്ഘാടനവും 54 കെട്ടിടങ്ങളുടെ തറക്കല്ലിടലും നടന്നു.

കോവിഡ് കാലത്തെ അതിജീവനം

- കോവിഡ് കാലത്തെ സ്കൂൾ അടച്ചിടീൽ തരണം ചെയ്ത കുട്ടികളുടെ പഠനം തുടന്ന് സാധ്യമാക്കാനും ജൂണിൽ തന്നെ ഫെസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു.
- ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സർക്കാരിന്റെ അഭ്യർത്ഥന കേരളീയസമൂഹം നെഞ്ചിലേറ്റി
- കോടിക്കണക്കിന് രൂപ മൂല്യമുള്ള പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കുംഡിജിറ്റൽ ക്ലാസുകൾ വീക്ഷിക്കാനുള്ള സൗകര്യം ഒരുക്കി.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസുകൾ ഒരുക്കി.
- അവധിക്കാലത്തുപോലും പുറത്തിറങ്ങാൻ കഴിയാതിരുന്ന കുട്ടികൾക്ക് ആശ്വാസമായി അവധിക്കാല സന്തോഷങ്ങൾ'. കൈറ്റിന്റെയും NCERT-യുടെയും നേതൃത്വത്തിൽ 'സമഗ്ര' പോർട്ടലിൽ വിവിധ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും നിശ്ചിത ശേഷികൾ ആർജ്ജിക്കാൻ കഴിയുന്ന പ്രത്യേക 'എഡ്യൂട്ടൻറ്മെൻറ്' രൂപത്തിൽ തയാറാക്കിയ 'അവധിക്കാല സന്തോഷങ്ങൾ' സൗകര്യത്തിലൂടെ കുട്ടികൾക്ക് കളികളുടെ ലോകം തുറന്നുകൊടുത്തു.




മറ്റ് പദ്ധതികൾ

- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകളെ കൊണ്ടുവന്നു.
- സമന്വയപോർട്ടൽ വികസിപ്പ് എയ്ഡഡ് മേഖലയിലെ അധ്യാപക, അനധ്യാപക ജീവനക്കാരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും കൂടുതൽ സുതാര്യമാക്കി.

- സമന്വയപോർട്ടൽ വഴി സർക്കാർ മേഖലയിലെ തസ്തിക നിർണ്ണയവും സമയബന്ധിതമാക്കി.
- സ്കൂളുകളുടെ സമഗ്രവികസനത്തിനായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി.
- അക്കാദമിക് വർഷാരംഭത്തിന് മുമ്പ് തന്നെ സമഗ്ര അക്കാദമിക് കലണ്ടർ തയ്യാറാക്കി.
- ഭാഷാവികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരിലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- സ്കൂളുകളിൽ നിലവിൽ വന്ന ഹൈടെക് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) നടപ്പാക്കുന്ന ഇ-ക്യൂബ് (E3) ഇംഗ്ലീഷ് പദ്ധതി ആരംഭിച്ചു.




- സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് ഗവേഷണാടിസ്ഥാനത്തിൽ “റെലിഷ് ഇംഗ്ലീഷ് എന്ന പദ്ധതി.
- സർഗ്ഗശേഷി വർധിപ്പിക്കാൻ സർഗ്ഗവിദ്യാലയ പദ്ധതി
- അക്കാദമികമായും വ്യക്തിപരമായുള്ള പ്രശ്നങ്ങളും പരിഹരിക്കാൻ മെന്ററിങ് പദ്ധതി നടപ്പാക്കി
- ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപ്പുസ്തകം വികസിപ്പിച്ചു പരിശീലനം നൽകി.
- 1 മുതൽ 8 വരെ ക്ലാസ്സുകളിൽ എല്ലാകുട്ടികൾക്കും APL, BPL ഭേദമന്യേ സൗജന്യ യൂണിഫോം.
- ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമാക്കി
- ഭക്ഷ്യ കൂപ്പൺ : വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ളത് വാങ്ങാൻ ഉള്ള ഭക്ഷ്യ കൂപ്പൺ. 5 ആം ക്ലാസ് വരെ 300 രൂപ, 8 ആം ക്ലാസ് വരെ 500 രൂപ. 27 ലക്ഷം കുട്ടികൾക്ക് പ്രയോജനം ലഭിക്കും.
- കേരള സ്റ്റേറ്റ് ഫിനാഷ്യൽ എൻറർപ്രൈസസ്സ് (KSFE) ആയി സഹകരിച്ചു 'വിദ്യാശ്രീ ചിട്ടി' പദ്ധതി മുഖാന്തരം സാധാരണക്കാരുടെ കുട്ടികൾക്ക് കുറഞ്ഞ വിലയ്ക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി തുടങ്ങി. വിദ്യാശ്രീ ചിട്ടിയിൽ ചേരുന്ന കുടുംബശ്രീ അംഗങ്ങൾക്ക് തിരിച്ചടവിൻറെ മൂന്നാം മാസം ലാപ്ടോപ്പ് നൽകും.

നിയമനങ്ങൾ

- സർക്കാർ യു.പി. സ്കൂളുകളിൽ 2685 കലാ-കായിക പ്രവൃത്തി പരിചയ അധ്യാപകരെ സമഗ്ര ശിക്ഷാകേരളം

- വഴി നിയമിച്ചു. കേന്ദ്രസർക്കാർ ഈ അധ്യാപകരുടെ വേതനം 7000 രൂപയായി വെട്ടിക്കുറച്ചു. എന്നാൽ സംസ്ഥാന സർക്കാർ ഇത് 14000 രൂപയായി വർധിപ്പിച്ചു.
- ഭിന്നശേഷിയുള്ള കുട്ടികളുടെ സേവനത്തിനായി 2160 റിസോഴ്സ് അധ്യാപകരെ (സ്പെഷ്യൽ എഡ്യുക്കേറ്റേർസ) നിയമിച്ചു.
- ഹയർസെക്കന്ററി ബാച്ചുകൾക്ക് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും കൂടി 3540 അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.


## പൊതുമരാമത്ത് വകുപ്പ് വികസന പ്രവർത്തനങ്ങൾ

(ജി. സുധാകരൻ)



അഴിമതിക്കാർക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചും പുതിയ സാങ്കേതികവിദ്യകൾ പ്രായോഗികമാക്കിയും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കി കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ കേരളത്തിലെ റോഡുകളുടെ മുഖച്ഛായ മാറ്റിയ വകുപ്പാണ് പൊതുമരാമത്ത് വകുപ്പ്.

- പരമ്പരാഗത റോഡ് നിർമാണ രീതികളിൽ നിന്നു മാറി കയർ ജിയോ ടെക്സ്റ്റയിലും നാച്ചുറൽ റബ്ബർ മിക്സ് ബിറ്റുമിനും ഉപയോഗിച്ച് പ്രകൃതിസൗഹൃദവും നവീന സാങ്കേതിക വിദ്യയും ഉൾപ്പെടുത്തിയുള്ള നിർമാണ രീതികൾ നടപ്പിലാക്കി.
- ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചു
- കോൾഡ് റീസൈക്ലിംഗ് പ്രീ സ്പ്രേഡ് സിമന്റ് സ്റ്റെബിലൈസ്ഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമിച്ചു.
- വൈറ്റ് ടോപ്പിങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് റോഡ് നിർമ്മാണം
- PWD റോഡുകളിലും പാലങ്ങളിലും ടോൾ പിരിവ് പൂർണമായി ഒഴിവാക്കി
- കടൽ ക്ഷോഭത്തിൽ തകർന്ന റോഡിന്റെ ഭാഗങ്ങൾ ഡയഫ്രംവാൾ നിർമിച്ച് സംരക്ഷിക്കുന്ന പുത്തൻ രീതി ആദ്യമായി പൊതുമരാമത്ത് വകുപ്പിൽ പ്രാവർത്തികമാക്കി.
- റോഡുകളുടെ കുഴികൾ അടയ്ക്കുന്നതിന് കേരള ഹൈവെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കന്താൾമിക്സിന്റെ ഉപയോഗം വിജയകരമായി പരീക്ഷിച്ചു.
- സംസ്ഥാനത്തെ 98.20% റോഡുകളും ഗതാഗത യോഗ്യമാക്കി.13756 km റോഡുകൾ ഉന്നത നിലവാരത്തിൽ പുനരുദ്ധാരണം നടത്തി.
- റോഡുകളുടെ അടിയന്തര അറ്റകുറ്റ പണികൾക്കും , മറ്റ് പൊതുമരാമത്ത് പദ്ധതികൾക്കും,പുതിയ റോഡ് - പാലങ്ങൾ എന്നിവയ്ക്കായി വിവിധ ധനസമാഹരണത്തിലൂടെ 13895 കോടി രൂപയുടെ പദ്ധതികൾ നടന്നു വരുന്നു.
- KIIFB വഴി 14700 കോടി രൂപക്കുള്ള 327 പൊതുമരാമത്ത് പദ്ധതികൾക്ക് സാമ്പത്തികാംഗീകാരംലഭ്യമായി.
- ദേശീയപാത അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന കാസർഗോഡ് - തിരുവനന്തപുരം ആറുവരി ദേശീയപാത വികസനത്തിന് സംസ്ഥാന



സർക്കാർ എല്ലാ സഹകരണവും പിന്തുണയും നൽകി. വികസനത്തിന്റെ സ്ഥലമെടുപ്പിനു ആവശ്യമായ തുകയുടെ 25% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.സ്ഥലം ഏറ്റെടുക്കുന്നത് തന്നെയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നതിൽ ഉള്ള കാലതാമസത്തിന് കാരണം.ഭൂവുടമകളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചാണ് ഭൂമിയേറ്റെടുക്കൽ എന്ന വലിയ വെല്ലുവിളിയെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പൂർത്തീകരിക്കാൻ ആയത്. ഈ പുതുവർഷത്തിൽ ഉത്ഘാടനം കഴിഞ്ഞ 3 ഹൈവേ പ്രോജക്ട്സ് ആയ വൈറ്റില ഫ്ളൈ ഓവർ കുണ്ടന്നൂർ ഫ്ളൈ ഓവർ ആലപ്പുഴ ബൈപ്പാസ് ഉൾപ്പെടെ ദേശീയപാതാവികസനം ബഹുദൂരം മുന്നിൽ ആയിരിക്കുന്നു. ഇതിൽ വൈറ്റില ഫ്ളൈ ഓവറും കുണ്ടന്നൂർ ഫ്ളൈ ഓവറും പൂർണ്ണമായും സംസ്ഥാന സർക്കാർ KIIFB വഴി ഫണ്ട് ചെയ്തതാണ്. ആലപ്പുഴ ബൈപ്പാസ് 50% ഫണ്ടിങ്ങും സംസ്ഥാന സർക്കാരിന്റെ ആണ്.

- ഇതോടൊപ്പം തന്നെ മലയോര ഹൈവേയും പൂർത്തീകരിച്ചു വരികയാണ്. കാസർകോഡ് ജില്ലയിൽ നന്ദാരപ്പദവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ ആകെ 1251 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് മലയോര ഹൈവേ പദ്ധതി. 3500 കോടി രൂപയുടെ ഈ പദ്ധതി സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ മുഴുവൻ ബന്ധിപ്പിക്കും. അതിലൂടെ മലയോര മേഖലകളിലും അത്യാധുനികമായി നിർമ്മിച്ച റോഡുകൾ എന്ന സ്വപ്നമാണ് യാത്ഥാർഥ്യമാകുന്നത്. സംസ്ഥാനത്തിൻ്റെ ഗതാഗത വികസനത്തിനും വ്യാവസായിക-വാണിജ്യ പുരോഗതിയ്ക്കും പുതിയ ഊർജ്ജം പകരാൻ കെല്പുള്ള ഒരു പദ്ധതി കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നത് നമ്മുടെ നാടിനാകെ സന്തോഷം പകരുന്ന കാര്യമാണ്.
- 48 വർഷങ്ങൾക്കിപ്പുറം യാഥാർഥ്യമാകുന്ന പദ്ധതി ആലപ്പുഴ ബൈപ്പാസ് നാടിന് സമർപ്പിച്ചു.348 കോടി രൂപ ചെലവിലാണ് ആലപ്പുഴ ബൈപ്പാസ് യാഥാർത്ഥ്യമാക്കിയിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 174 കോടി രൂപ വീതം ചെലവഴിച്ചു നിർമിച്ച ബൈപ്പാസിന്റെ നിർമാണം പൂർണ്ണമായും സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിച്ചത്. ബൈപ്പാസ് നിർമാണത്തിനുള്ള വിഹിതം നൽകിയതിനു പുറമേ മേൽപ്പാല നിർമാണവുമായി ബന്ധപ്പെട്ട് റെയിൽവേക്ക് കെട്ടിവയ്ക്കാനുള്ള 7 കോടി രൂപ നൽകിയതും സംസ്ഥാന സർക്കാരാണ്.



- 1996ഇൽ പണി തുടങ്ങിയ തിരുവല്ല ബൈപാസ്സ് പിണറായി സർക്കാർ വന്നതിന് ശേഷമാണ് ഭൂരിഭാഗവും പൂർത്തിയാക്കിയത്.

- കൊല്ലം, പേരാമ്പ്രാ,മാഹി ബൈപ്പാസുകൾ.517 പാലങ്ങൾ, 10000 നവീകരിച്ച റോഡുകൾ; സംസ്ഥാനത്തിൻ്റെ ഗതാഗത വികസനത്തിനും വ്യാവസായിക-വാണിജ്യ പുരോഗതിയ്ക്കും പുതിയ ഊർജ്ജം പകരാൻ കെല്പുള്ള ഇത്തരം പദ്ധതി കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നത് നമ്മുടെ വികസനക്കുതിപ്പിന് കാരണമാകും.
- ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 229 പുതിയ പാലങ്ങളും വിവിധ വകുപ്പുകളുടെ 472 കെട്ടിടങ്ങളും BM & BC നിലവാരമുള്ള 4093 കിലോമീറ്റർ റോഡുകളും നിർമിച്ചു.
- ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 8021 കോടിരൂപ അടങ്കലുള്ള പാലങ്ങൾ, മേൽപ്പാലങ്ങൾ, റെയിൽവെ മേൽപ്പാലങ്ങൾ, ക്രോസ്‌വേകൾ അടക്കമുള്ള 560 പാലങ്ങൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.
- പ്രളയത്തിൽ തകർന്ന 2529 പാലങ്ങളുടെ ബലപരിശോധനയും അതോടൊപ്പം 138 പാലങ്ങളുടെ പുനരുദ്ധാരണവും അറ്റകുറ്റപ്പണികളും നടത്തി ഗതാഗതയോഗ്യമാക്കി.
- റോഡ് സുരക്ഷയ്ക്കായി കാൽനട യാത്രക്കാർക്കായി കൂടുതൽ നടപ്പാതകൾ സജ്ജമാക്കി. പ്ലാൻ- നോ പ്ലാൻ വിഭാഗങ്ങളിലായി 12.16 കോടിരൂപയുടെ 151 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈൻ ബോർഡുകൾ, മീറ്റർ ക്രാഷ് ബാരിയർ, ഡയറക്ഷൻ ബോർഡ്,ഡിലീനിയേറ്റർ പോസ്റ്റ് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്.



- റെയിൽവേ വികസനം : കേരള സർക്കാരും കേന്ദ്രസർക്കാരും 51:49 ഓഹരി പങ്കാളിത്തത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി കേരള റെയിൽ ഡവലപ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നു. ഈ കമ്പനിയുടെ നേതൃത്വത്തിൽ കേരളത്തിന്റെ അടിസ്ഥാന റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിവിധ വികസന പദ്ധതികൾ മുന്നോട്ട് വച്ചിട്ടുണ്ട്.
- മൂന്ന് ചീഫ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉൾപ്പെടെ 317 പുതിയ തസ്തികകൾ പൊതുമരാമത്ത് വകുപ്പിൽ സൃഷ്ടിച്ചു. PSC വഴി വിവിധ തസ്തികകളിൽ 4193 പേരെ നിയമിക്കുന്നത് ഉൾപ്പെടെ 4,413 പോസ്റ്റിംഗുകൾ.
- മൂന്നാർ, വൈക്കം,കുറ്റാലം എന്നിവിടങ്ങളിലെ പൊതുമരാമത്ത് വകുപ്പിന്റെ വിശ്രമ കേന്ദ്രങ്ങൾ സർക്കാർ വീണ്ടെടുത്തു.
- യുഡിഫ് അഴിമതി കാരണം പൊളിച്ചു പണിയേണ്ടി വന്ന പാലാരിവട്ടം പാലം 22 കോടി ചിലവഴിച്ചു കേവലം 164 ദിവസം കൊണ്ട് പണി പൂർത്തീകരിച്ചു പൊതുജനത്തിന് തുറന്നുകൊടുത്തു.

## കൃഷി വകുപ്പ് വികസന പ്രവർത്തനങ്ങൾ



(വി.എസ്. സുനിൽ കുമാർ)

ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സ്വീകരിച്ച കർഷകരെ കാർഷിക സംരംഭകരാക്കുക എന്ന മുദ്രാവാക്യത്തിന്റെ വിജയം കൊയ്തെടുക്കുകയാണ് കാർഷിക കേരളം.

- സുഭിക്ഷ കേരളം: കോവിഡ് പ്രതിസന്ധിയുടെ ഘട്ടത്തിലാണ് ഭക്ഷ്യക്ഷാമം മുന്നിൽ കണ്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സുഭിക്ഷകേരളമെന്ന സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതി പ്രഖ്യാപിച്ചത്.തരിശുനിലങ്ങൾ പരമാവധി കണ്ടെത്തി കൃഷി ചെയ്യിക്കുകയെന്നതായിരുന്നു ലക്ഷ്യം.29,000 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കി.
- നെൽകൃഷി വികസനം



  - 50,000 ഏക്കർ തരിശുനിലങ്ങൾ ഇതിനകം നെൽകൃഷി ആരംഭിച്ചു.
  - സുസ്ഥിര നെൽകൃഷി വികസനം, തരിശുനില കൃഷി, കരനെൽകൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി,സവിശേഷ ഇനങ്ങളുടെ കൃഷി പ്രോത്സാഹനം, നെൽ വികസന ഏജൻസികൾക്ക് ധനസഹായം, മിനി/ചെറുകിട റൈസ് മില്ലുകളുടെ സ്ഥാപനം,രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി എന്നീ വിവിധ ഘടകങ്ങളിലൂടെയാണ് നെൽകൃഷി വികസനത്തിനുള്ള പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കിയത്.
  - 2019- 20 സാമ്പത്തികവർഷത്തിൽ നെൽ വിസ്തൃതി 1.96 ലക്ഷം ഹെക്ടറിൽ നിന്നും 2.31 ലക്ഷം ഹെക്ടറിലേയ്ക്ക് ഉയർന്നു.
  - നെൽവയൽ ഉടമകൾക്ക് റോയൽറ്റി : ഇന്ത്യയിൽ ആദ്യമായി നെൽവയൽ ഉടമകൾക്ക് റോയൽറ്റി. നെൽവയലുകൾ രൂപമാറ്റം വരുത്താതെയും തരിശ് ഇടാതെയും സംരക്ഷിക്കുന്ന ഭൂവുടമകൾക്ക് റോയൽറ്റി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.



  - നെല്ല് സംഭരണം: ഇന്ത്യയിലെ ഏറ്റവും ഉയർന്ന സംഭരണ വിലയായ 22.48 രൂപ നൽകി നെല്ല് സംഭരിക്കുന്നത് കേരളത്തിലാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 28% ആണ് സംഭരണ വിലയിൽ വർധനവ്

ഉണ്ടായിട്ടുള്ളത്. 2019-20 വർഷം 2.1 ലക്ഷം മെട്രിക് ടൺ റെക്കോർഡ് സംഭരണവും നടത്തുകയുണ്ടായി.

- പച്ചക്കറി വികസന പദ്ധതി
  - പച്ചക്കറി ഉത്പാദനം ആറ് ലക്ഷം മെട്രിക് ടൺ ആയിരുന്നത് 15 ലക്ഷം മെട്രിക് ടൺ ആയി വർധിപ്പിച്ചു.
  - 46813 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷിചെയ്യുവാനും കഴിഞ്ഞു.
  - കിഴങ്ങ് - പയർവർഗ വിളകളുടെ വ്യാപനം കേരളത്തിലെ 14 ജില്ലകളിലെ തിരഞ്ഞെടുത്ത സീഡ് വില്ലേജുകൾ വഴി, കേന്ദ്ര കിഴങ്ങുവർഗ വിള ഗവേഷണകേന്ദ്രം (CTCRI) ത്തിന്റെ സഹകരണത്തോടെ നടപ്പാക്കി.
  - രാജ്യത്ത് ആദ്യമായി കേരളത്തിൽ 16 ഇനം പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ചു.
  - ഇന്തോ- ഡച്ച് ആക്ഷൻ പ്ലാനിന്റെ ഭാഗമായി വയനാട് ജില്ലയിൽ പച്ചക്കറി പുഷ്പകൃഷി മേഖലയുടെ സെന്റർ ഓഫ് എക്സലൻസ് 2020ൽ സ്ഥാപിച്ചു.
  - പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷവിമുക്ത പച്ചക്കറിസംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.
- നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചു.
- കർഷക ക്ഷേമനിധി ബോർഡ് : കേരളത്തിന്റെ നിയമനിർമാണ ചരിത്രത്തിലെ നാഴികക്കല്ല് എന്ന് വിശേഷിപ്പിക്കാവുന്ന കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം യാഥാർത്ഥ്യമായി. കർഷകർക്കു വേണ്ടി മാത്രമായി രൂപീകരിക്കപ്പെട്ട രാജ്യത്തെ ആദ്യത്തെ ബോർഡാണിത്.




- സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി: വിളയുടെ വിപണിമൂല്യത്തോടടുത്തു നിൽക്കുന്ന രീതിയിൽ വിളനാശത്തിന് നഷ്ടപരിഹാരം നൽകുവാൻ ഈ പദ്ധതിക്കായി.
- കർഷക പെൻഷൻ: 500 രൂപയായിരുന്ന കർഷക പെൻഷൻ 1600 രൂപയാക്കി ഉയർത്തി.മുൻ സർക്കാരിന്റെ കാലയളവിലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈ കാലയളവിൽ വിതരണം ചെയ്തു.
- അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി: അതിരപ്പിള്ളി ആദിവാസി സമൂഹത്തിത്തിന്റെ ഭക്ഷ്യസുരക്ഷയും ജീവനമാർഗവും തനത് കാർഷിക വിഭവങ്ങളുടെ സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയാണിത്.

- കർഷകന്റെ സ്വന്തം റേഡിയോ കുട്ടനാട് FM 90.0 ON AIR ആരംഭിച്ചു.
- കണ്ണാറ ബനാന ആൻഡ് ഹണി പാർക്ക്: തേൻ, വാഴപ്പഴം എന്നിവയുടെ സംസ്ക്കരണം ലക്ഷ്യമിട്ട് 25.13 കോടി രൂപ കിഫ്ബി ധനസഹായത്തോടെയാണ് പൂർത്തിയാക്കിയിട്ടുള്ള പദ്ധതി. സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്ന നാല് അഗ്രോ പാർക്കുകളിൽ ആദ്യത്തെ അഗ്രോ പാർക്ക് ആണിത്.
- നാടൻ പഴം-പച്ചക്കറികൾക്കു മാത്രമായുള്ള ഹോർട്ടികോർപ്പിൻ്റെ കേരളത്തിലെ ആദ്യത്തെ സൂപ്പർ മാർക്കറ്റ് കോഴിക്കോട് ജില്ലയിലെ തടമ്പാട്ടുതാഴത്ത് പ്രവർത്തനമാരംഭിച്ചു.
- സുഭിക്ഷ കേരളത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി www.aims.kerala.gov.in എന്ന രജിസ്ട്രേഷൻ പോർട്ടൽ കർഷകർക്കായി ആരംഭിച്ചു.

## വ്യവസായം,കായികം,യുവജനകാര്യ വകുപ്പ് വികസന പ്രവർത്തനങ്ങൾ

(ഇ.പി. ജയരാജൻ)



### വ്യവസായം

UDF ഭരണത്തിൽ കുളംതോണ്ടിയ വ്യവസായ വകുപ്പിനെ വ്യത്യസ്തമായ വികസന പ്രവർത്തനത്തിലൂടെ മുന്നോട്ട് പോവുകയാണ്. വൈവിധ്യവൽക്കരണത്തിലൂടയും നവീകരണത്തിലൂടെയും പൊതുമേഖല വൻമുന്നേറ്റം നടത്തുകയാണ്. പിണറായി സർക്കാർ അധികാരത്തിലെത്തുമ്പോൾ തകർച്ചയുടെയും അടച്ചുപൂട്ടലിന്റെയും വക്കിലായിരുന്ന പൊതുസ്ഥാപനങ്ങൾ ഇന്ന്, മഹാമാരിയും പ്രകൃതിദുരന്തങ്ങളും അതിജീവിച്ച് കരുത്തോടെ മുന്നേറുകയാണ്. ആധുനികവത്കരണത്തിനും നവീകരണത്തിനും ഒപ്പം വൈവിധ്യവത്കരണത്തിനുമുള്ള നടപടി സ്വീകരിച്ചാണ് പൊതുമേഖലയെ നേട്ടങ്ങളുടെ കേന്ദ്രമാക്കി മാറ്റാൻ സാധിച്ചത്.




- നിതി ആയോഗിന്റെ ഇന്ത്യ ഇന്നോവേഷൻ സൂചികയിൽ മികച്ച ബിസിനസ് സാഹചര്യം, മനുഷ്യമൂലധനം വിഭാഗങ്ങളിൽ കേരളം രണ്ടാമതാണ്.
- വ്യവസായ വകുപ്പിന് കീഴിലുള്ള 42 സ്ഥാപനങ്ങളിൽ 15 എണ്ണം ലാഭപ്പട്ടികയിൽ ഇടം നേടി. UDF കാലം പൊതുമേഖല 131 കോടി നഷ്ടത്തിൽ ആയിരുന്നിടത്ത് LDF ഭരണത്തിൽ 258 കോടി ലാഭത്തിൽ ആയി.
- 3,149 കോടി രൂപയുടെ വിറ്റുവരവും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നേടാനായി.
- സംസ്ഥാനത്ത് പുതുതായി നടപ്പാക്കിയ സ്റ്റോർ പർച്ചേസ് നിയമം പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെയും ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് സഹായകരമായിട്ടുണ്ട്.
- ISRO-യ്ക്ക് ചന്ദ്രയാൻ 2 ദൗത്യത്തിന് ആവശ്യമായ ഭൂരിപക്ഷം ഉപകരണങ്ങളും നിർമിച്ചു നൽകിയത് നാല് സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ്.
- ഇന്ത്യയിലെ മൊത്തം സാമ്പത്തിക വളർച്ച 4.7 ശതമാനം കുറഞ്ഞപ്പോഴും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ തുടരുകയാണ്.
- യുഡിഎഫ് കാലത്ത് അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന കെഎസ്ഡിപി ഉൾപ്പെടെ എൽഡിഎഫ് സർക്കാറിന്റെ ഭരണമാതൃകയിൽ തിരിച്ചുവരവിന്റെ പാതയിലെത്തിയ സ്ഥാപനങ്ങൾ നിരവധി. കെഎസ്ഡിപി 2019-20 ൽ 7.13 കോടിയുടെ റെക്കോഡ് ലാഭം നേടി. ഈ സാമ്പത്തിക വർഷം 100 കോടിയുടെ വിറ്റുവരവും സ്വന്തമാക്കി.




- 12 വർഷത്തിനുശേഷം ലാഭത്തിലെത്തി സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനം കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിങ്ങ് കമ്പനി (KEL). 2019-20ൽ 70 ലക്ഷം രൂപയുടെ ലാഭമാണ് കെൽ കൈവരിച്ചത്. ഒപ്പം 129.32 കോടി വിറ്റുവരവും നേടി.
- കെൽട്രോൺ 2018-19 ലെ വിറ്റുവരവിൽ 459.5 കോടി രൂപയുടെ സർവകാല റെക്കോർഡ്.
- പ്രതിസന്ധിയിലായിരുന്ന ടിസിസി, 2019-20 ൽ 55.87 കോടി ലാഭം നേടി.
- 2017 -18 ൽ KMML നേടിയത് ചരിത്രത്തിലെ ഏറ്റവും വലിയ ലാഭമായ 1 81.11 കോടി രൂപ. കരിമണലിൽ നിന്ന് ധാതുക്കൾ വേർതിരിക്കുന്ന നവീന സംവിധാനമായ "ഫ്രോത്ത് ഫ്ളോട്ടേഷൻ' ഇവിടെ നടപ്പാക്കി.
- കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് കേരളാ നീം ജി എന്ന പേരിൽ ഇലക്ട്രിക്ക് വാഹനങ്ങൾ നിർമിച്ചു.




- വാണിജ്യ മേഖലയിൽ പുരോഗതി ലക്ഷ്യമിട്ടും സാമ്പത്തിക മേഖലയ്ക്ക് പുത്തനുണർവിനും വാണിജ്യമിഷൻ രൂപീകരിച്ചു.
- MSME-കൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മികച്ച വിപണന സാകര്യം ലഭ്യമാക്കാൻ കേരള ഇ മാർക്കറ്റ് വെബ് പോർട്ടൽ ആരംഭിച്ചു.
- കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിനു കീഴിൽ സാനിറ്റൈസർ നിർമ്മാണം ഏർപ്പെടുത്തി.




- സാധാരണക്കാർക്ക് ആശ്വാസമായി കുത്തിവെപ്പ് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള കെഎസ്ഡിപി പുതിയ പ്ലാന്റ് പൂർത്തീകരണത്തിലേക്ക് അടുക്കുകയാണ്. മണിക്കൂറിൽ 2000 കുപ്പി, മരുന്നുകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള അസപ്റ്റിക്ക് ബ്ലോ ഫിൽ സീൽ യന്ത്രങ്ങൾ എത്തി. ആന്റിബയോട്ടിക് ഇൻജക്ഷൻ മരുന്നുകളും ഗ്ലൂക്കോസും നിർമ്മിക്കാനുള്ള റൊമലാഗ് യന്ത്രമാണിത്. മരുന്നിനൊപ്പം ബോട്ടിലുകളും (പൊളിത്തീൻ കുപ്പി) നിർമ്മിച്ച്, മരുന്ന് നിറച്ച് ലേബൽ പതിക്കുന്നതുൾപ്പടെ മുഴുവൻ പ്രവർത്തനവും യന്ത്രം നിർവഹിക്കും. ഈ സർക്കാർ വന്ന ഉടനെതന്നെ നോൺ ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപിച്ചു. വൈവിധ്യവൽക്കരണവും സാധ്യമാക്കി. കമ്പനി നഷ്ടത്തിൽ നിന്ന് കരകയറി ലാഭത്തിലേക്ക് ചുവടുവെച്ചു. ഇപ്പോൾ 8കോടിയോളം രൂപ ലാഭത്തിലെത്തി. ചരിത്രത്തിലാദ്യമായി 100 കോടിക്ക് മുകളിൽ വിറ്റുവരവ് നേടി. മൂന്നാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പുതിയ കുത്തിവപ്പ് മരുന്ന് നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നത്.കാൻസർ മരുന്ന് നിർമ്മാണത്തിനുള്ള ഓങ്കോളജി ഫാർമ പാർക്കിന്റെ ശിലാസ്ഥാപനവും നടന്നു.

- വൈവിധ്യവൽക്കരണത്തിലൂടെ ഇലക്ട്രോണിക് വ്യവസായ രംഗത്ത് വൻ കുതിപ്പിന് ഒരുങ്ങുകയാണ് കണ്ണൂരിലെ കെൽട്രോൺ കോംപണന്റ് കോംപ്ലക്സ്. ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദനകേന്ദ്രത്തിന് ഈ പൊതുമേഖലാ വ്യവസായ സ്ഥാപനത്തിൽ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. കെ പി പി നമ്പ്യാർ സ്മാരക ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രത്തിന്റെയും MPP കപ്പാസിറ്റർ നിർമ്മാണ കേന്ദ്രത്തിന്റെയും പൂർത്തിയായ വിവിധ നവീകരണപ്രവർത്തനങ്ങളുടെയും ഉദ്ഘാടനവും നടന്നു.




- ഓട്ടോകാസ്റ്റ് ലിമിറ്റഡ് ചരക്ക് ട്രെയിനുകൾക്കാവശ്യമായ കാസ്നബ് ബോഗി ഫെയിം നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അഞ്ച് കാസ്നബ് ബോഗികൾക്കായി ഉത്തര റെയിൽവേയുടെ ഓർഡർ ഈ വർഷം മാർച്ചിലാണ് ഓട്ടോകാസ്റ്റിന് ലഭിക്കുന്നത്.
- കേരളത്തിന്റെ സ്വന്തം ഇ-ഓട്ടോ നിർമ്മിച്ച് KAL.
- KAL -ൽ ഇനി ഇ-സ്ക്രൂട്ടറും നിർമ്മിക്കും. സ്ക്രൂട്ടർ നിർമ്മാണ യൂണിറ്റിന് കണ്ണൂർ മട്ടന്നൂരിലെ കിൻഫ്ര പാർക്കിൽ തുടങ്ങും.









- ചെന്നൈ - ബംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് ദീർഘിപ്പിച്ചു. ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു.
- ഓട്ടോകാസ്റ്റ് ലിമിറ്റഡ്ൽ പരിസ്ഥിതി സൗഹൃദ വ്യവസായത്തിലേക്ക് ചുവടുറപ്പിക്കുന്നതിന് ഭാഗമായി വ്യാവസായിക അവശിഷ്ടമായ മണൽ ഉപയോഗിച്ച് ഇഷ്ടികകൾ നിർമ്മിക്കുന്ന പദ്ധതി തുടങ്ങി.
- നെൽ കർഷകർക്കും അനുബന്ധ മേഖലയിലെ സംരംഭകർക്കും സഹായകമാകുന്ന കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി സർക്കാർ പ്രഖ്യാപിച്ച ആലപ്പുഴ സംയോജിത റൈസ് ടെക്നോളജി പാർക്കിന് ശിലാസ്ഥാപനം നിർവഹിച്ചു.
- പ്രതിരോധ- എയ്റോസ്പേസ് മേഖലയിൽ ആവശ്യമായ ഫോർജിംഗുകളുടെ ഉൽപ്പാദനവും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ സഹായിക്കുന്ന പുതിയ എയ്റോസ്പോസ് ഹീറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്



വ്യവസായ വകുപ്പിന് കീഴിലുള്ള സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ് ലിമിറ്റഡിൽ ഉദ്ഘാടനം നിർവഹിച്ചു.

- പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്താണ് 130.94 കോടി രൂപ ചെലവിൽ കിൻഫ്രയുടെ നേതൃത്വത്തിൽ രാജ്യത്തെ ആദ്യ പ്രതിരോധ പാർക്ക് സജ്ജമായി. പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണം, റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ടെസ്റ്റിങ് , സർട്ടിഫിക്കേഷൻ എന്നിവയ്ക്കാണ് ഊന്നൽ.
- രാജ്യത്ത് ആദ്യമായി സമുദ്രോൽപന്ന സംഭരണവും സംസ്കരണവും കയറ്റുമതിയും ഒരു കുടക്കീഴിലാക്കുന്ന മെഗാമറൈൻ ഫുഡ് പാർക്ക് സംസ്ഥാന വ്യവസായവികസന കോർപറേഷന്റെ(കെഎസ്ഐഡിസി) ചേർത്തല പള്ളിപ്പുറത്തെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിലാണ് പാർക്ക് 125.15കോടി രൂപചെലവിൽ 68 ഏക്കറിലാണ് പാർക്ക് നിർമിച്ചത്.
- കേന്ദ്രസർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ച പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (HNL) ഏറ്റെടുക്കാൻ 200 കോടിയുടെ കിഫ്ബി അംഗീകാരം. കമ്പനിയുടെ 100 ശതമാനം ഓഹരിയും സർക്കാരിന് കൈമാറിയതോടെ കേരള സർക്കാർ HNL ഏറ്റെടുത്തു.
- കേരള ക്ലെയ്സ് ആൻഡ് സെറാമിക്സ് ലിമിറ്റഡ് ഇന്റഗ്രേറ്റഡ് കയർ കോംപ്ലക്സ് ഹൈടെക് ഡിഫൈബറിംഗ് യൂണിറ്റ് ആരംഭിച്ചു.




- ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിങ് മിൽ ആധുനികവത്ക്കരിച്ചു. രണ്ടര വർഷത്തോളമായി പ്രവർത്തനം നിർത്തിവെച്ച കൊല്ലം സഹകരണ സ്പിന്നിങ്മിൽ നവീകരണം പൂർത്തിയാക്കി വീണ്ടും തുറന്നു.
- വർഷങ്ങളായി നവീകരണ പ്രവർത്തനങ്ങൾ നടക്കാതിരുന്ന ആറ് വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണമാണ് കേരള സിഡ്കോയുടെ സഹായത്തോടെ പൂർത്തിയാക്കിയത്.തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ മിനി എസ്റ്റേറ്റ്, കൊല്ലം ജില്ലയിലെ ഉമയനല്ലൂർ എസ്റ്റേറ്റ്, ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൊല്ലക്കടവ് എസ്റ്റേറ്റ്, കോഴിക്കോട് ജില്ലയിലെ കടലുണ്ടി മിനി എസ്റ്റേറ്റ്, വെസ്റ്റ്ഹിൽ എസ്റ്റേറ്റ് പാലക്കാട് ജില്ലയിലെ ഒലവക്കോട് എസ്റ്റേറ്റ് എന്നിവയുടെ നവീകരണമാണ് പൂർത്തിയായത്.




- നവീകരണം നടത്തിയും വൈവിധ്യവൽക്കരണം സാധ്യമാക്കിയും കാലാനുസൃതമായി പുതിയ വിൽപനശാലകൾ ആരംഭിച്ച് വിപണിയിൽ ശക്തമായ സാന്നിദ്ധ്യമാകാൻ പരമ്പരാഗത വ്യവസായമായ ഖാദിക്ക് കഴിഞ്ഞു.
- ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷന്റെയും 10 മെഗാവോൾട്ട് ആംപിയർ വരെയുള്ള പവർട്രാൻസ്ഫോർമർ നിർമ്മിക്കാനുള്ള പവർ ട്രാൻസ്ഫോർമർ പ്ലാന്റിന്റെയും പ്രവർത്തനം

ആരംഭിച്ച KEL. കെല്ലിന്റെ കുതിപ്പിന് ഊർജ്ജം പകരുന്ന പദ്ധതിയാണിത്. കമ്പനി നഷ്ടക്കണക്കുകൾ പഴങ്കഥയാക്കി ലാഭത്തിലേക്ക് കുതിക്കുകയാണ്.

- സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് കുതിപ്പേകാൻ കൊച്ചിയിൽ ബിപിസിഎല്ലിന്റെ സഹകരണത്തോടെ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന് ശിലാസ്ഥാപനം നടത്തി.
- സുഗന്ധ വ്യഞ്ജന മേഖലയിൽ പ്രീപ്രോസസിംഗ്, മൂല്യവർദ്ധന എന്നിവയെ ലക്ഷ്യമാക്കി ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ മുട്ടത്ത് 15 ഏക്കർ സ്ഥലത്ത് സുഗന്ധ വ്യഞ്ജനാധിഷ്ഠിത വ്യവസായങ്ങൾക്കായി കിൻഫ്രയുടെ നേതൃത്വത്തിൽ സ്പൈസസ് പാർക്ക് ആരംഭിക്കും.
- കെഎസ്ഐഡിസിയുടെ കീഴിൽ പാലക്കാട് പ്രവർത്തിക്കുന്ന ഇൻവെസ്റ്റ്മെന്റ് സോണിലെ രണ്ടാമത്തെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചു. 280 ഓളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. പാർക്ക് പൂർണ്ണമായും സജ്ജമാകുമ്പോൾ ഏകദേശം, 400 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. പാർക്കിൽ തുടങ്ങുന്ന വിവിധ സംരംഭങ്ങളിലൂടെ 2000 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു.
- കേരളം നിക്ഷേപസൗഹൃദമായി എന്നതിന്റെ വലിയ തെളിവായി എൽഡിഎഫ് സർക്കാരിന് കീഴിൽ ഏറ്റവും വലിയ മുന്നേറ്റമുണ്ടായ മേഖലയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖല. ആറായിരം കോടിക്ക് മുകളിൽ നിക്ഷേപം ഈ മേഖലയിൽ മാത്രം സംസ്ഥാനത്തുണ്ടായി. 5 വർഷത്തിൽ 6082 കോടി രൂപയുടെ നിക്ഷേപമാണ് ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടായത്. 64,879 സംരംഭങ്ങളാണ് തുടങ്ങിയത്. ഇതിലൂടെ 2,30,000 തൊഴിലും ലഭ്യമായി. നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഫലപ്രദമായിരിക്കുകയാണ്.

## കായികം

അടിസ്ഥാന സൗകര്യ വികസനത്തിൽ ചരിത്രമുന്നേറ്റമാണ് എൽഡിഎഫ് സർക്കാരിന് കീഴിൽ കായിക രംഗത്ത് ഉണ്ടായത്. നാടാകെ ലോകനിലവാരത്തിലുള്ള കളിക്കളങ്ങൾ ഒരുക്കി. നീലേശ്വരത്ത് സജ്ജമാക്കിയ കളിക്കളം ഇന്നലെ നാടിന് സമർപ്പിച്ചു. ഇതോടെ 17 കളിക്കളങ്ങളാണ് തുറന്ന് നൽകിയത്. ഫുട്ബോൾ, നീന്തൽ, ബാസ്ക്കറ്റ്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, അത്ലറ്റിക്സ് തുടങ്ങി സർവമേഖലകൾക്കും പ്രാധാന്യം നൽകി തയ്യാറാക്കിയ സ്റ്റേഡിയങ്ങൾ ഭാവിയിൽ കേരളത്തിന്റെ കായിക മുന്നേറ്റത്തിന് വഴിയൊരുക്കും. ചെറുപ്പത്തിൽ തന്നെ കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്ന പദ്ധതികളും അതിന് സഹായകരമാകുന്ന സൗകര്യങ്ങളും ലോകത്തിന്റെ നെറുകയിലെത്താൻ ഭാവിതാരങ്ങളെ സഹായിക്കും. കരുത്തോടെ ഒന്നിച്ച് നിന്ന് ഇനിയും നമുക്ക് മുന്നേറാം.

- മേനംകുളത്ത് ജി.വി.രാജ സെന്റർ ഫോർ എക്സലൻസ് വരുന്നതോടെ രാജ്യത്തെ തന്നെ ഒന്നാംകിട കായികകേന്ദ്രമായി തിരുവനന്തപുരം മാറും. കായികതാരങ്ങൾക്ക് പരിശീലനത്തിന് ഏറ്റവും മികച്ച സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് സെന്റർ ഫോർ എക്സലൻസിന് രൂപം നൽകിയിരിക്കുന്നത്. വിവിധ കായിക ഇനങ്ങൾക്കായി അന്താരാഷ്ട്ര







നിലവാരമുള്ള ഒരു ഏകീകൃത ട്രെയിനിംഗ് കോംപ്ലക്സാണ് ലക്ഷ്യമിടുന്നത്.


- സ്പോർട്സ് ക്വാട്ടാ പ്രകാരം 500 കായികതാരങ്ങൾക്ക് എൽ ഡി എഫ് ഗവൺമെന്റ് നിയമനം നൽകി. ഇതൊരു സർവകാല റെക്കോഡാണ്. 2011-15 കാലയളവിൽ ആകെ 110 പേർക്ക് മാത്രമാണ് നിയമനം നൽകിയത്.
- ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി കായിക താരങ്ങൾക്ക് നിയമനം നൽകാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.
- കേരളാ പോലീസിൽ 132 കായികതാരങ്ങൾക്ക് നിയമനം നൽകി.
- പൊതുജീവിതത്തിലും കായികജീവിതത്തിലും വ്യായാമത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞാണ് ഫിസിക്കൽ ഫിറ്റ്നസ് സെന്ററുകൾ തുടങ്ങാൻ കായികവകുപ്പ് തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ എട്ട് കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി. രണ്ടാം ഘട്ടത്തിൽ 10 കേന്ദ്രങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അതിൽ കോന്നി, മാവേലിക്കര എന്നിവിടങ്ങളിൽ നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ഇന്ന് നിർവഹിച്ചു. രണ്ടിടത്തുമായി ഇന്റീരിയർ പ്രവൃത്തികൾക്ക് കായിക വകുപ്പ് 1.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ, 9 ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങാൻ മൂന്നര കോടി രൂപയുടെ ഭരണാനുമതിയും ഉണ്ട്. ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന പിരപ്പൻകോട് ഫിറ്റ്നസ് സെന്ററും ഇന്ന് നാടിന് സമർപ്പിച്ചു. തിരുവനന്തപുരത്ത് വട്ടിയൂർക്കാവിലും വെള്ളയമ്പലത്തും ആറ്റിങ്ങലും കണ്ണൂർ, തൃശൂർ, കൊല്ലം എന്നിവിടങ്ങളിലും ഫിറ്റ്നസ് സെന്റർ പ്രവർത്തനം തുടങ്ങി. ജി വി രാജ സ്കൂളിലും കോഴിക്കോട്ടും ഉടൻ നിർമ്മാണം പൂർത്തിയാകും.



- കായിക, യുവജനകാര്യലയത്തിന് കീഴിൽ 80 കോടി രൂപ കായിക മേഖലയിലെ അടിസ്ഥാനസാകര്യ വികസനത്തിന് ചെലവഴിച്ചു.
- KIIFB -യിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് / മുനിസിപ്പാലിറ്റി സ്റ്റേഡിയങ്ങളും പ്രഖ്യാപിച്ചിരുന്നു. സ്റ്റേഡിയങ്ങളുടെ
- നിർമാണത്തിന് 1000 കോടി രൂപ അനുവദിച്ചു. നിർമാണം പൂർത്തീകരിച്ച 6 സ്റ്റേഡിയങ്ങൾ നാടിന് സമർപ്പിച്ചു.
- നിയമസഭ പാസ്സാക്കിയ ആക്ട് മുഖേന സ്പോർട്സ് കൗൺസിൽ രൂപീകരിച്ച ഏക സംസ്ഥാനമായി കേരളം മാറി.
- 2020, 2024 ഒളിമ്പിക്സുകളിൽ മെഡൽ ലക്ഷ്യമിട്ട് 11 കായിക ഇനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകാൻ "ഓപ്പറേഷൻ ഒളിമ്പിയ" പദ്ധതി ആരംഭിച്ചു. നിലവിൽ 115 താരങ്ങൾ പരിശീലനം നടത്തുന്നു.
- 5 മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്കായി നീന്തൽ പരിശീലനത്തിന് "സ്പ്ലാഷ്" പദ്ധതി ആരംഭിച്ചു.  പ്രതിഭ തെളിയിക്കുന്ന കുട്ടികളെ മികച്ച നീന്തൽതാരങ്ങളാക്കാനുള്ള പദ്ധതി കൂടിയാണിത്.
- കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകാൻ കിക്കോഫ് പദ്ധതി ആരംഭിച്ചു
- കുട്ടികൾക്ക് ബാസ്ക്കറ്റ് ബോൾ പരിശീലനം നൽകാനുള്ള പദ്ധതിക്ക് അഞ്ച് ജില്ലയിലായി 10 കേന്ദ്രങ്ങൾ തിരഞ്ഞെടുത്തു.
- കുട്ടികൾക്ക് അത്ലറ്റിക്സ് പരിശീലനം നൽകാൻ സ്പ്രിന്റ് പരിശീലന പദ്ധതി ആരംഭിക്കുന്നു.
- കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർധിപ്പിക്കാൻ സ്കൂളുകളിൽ നടപ്പാക്കുന്ന പ്ലേ ഫോർ ഹെൽത്ത് പദ്ധതി ആരംഭിച്ചു.

## റവന്യൂ വകുപ്പ് വികസന പ്രവർത്തനങ്ങൾ

(ഇ. ചന്ദ്രശേഖരൻ)



ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനുള്ള ഷെൽഫ് ഇല്ലാതെ ചാക്കിൽ കെട്ടി സൂക്ഷിക്കുന്ന സ്ഥിതിയിൽ നിന്ന് അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും ആധുനികവത്ക്കരണത്തിലൂടെയും സാധാരണക്കാർ ഏറ്റവുമധികം ബന്ധപ്പെടുന്ന റവന്യൂ ഓഫീസുകളുടെ സേവനങ്ങൾ മെച്ചപ്പെടുത്തിയ 5 വർഷങ്ങൾ.

റവന്യൂ ഓഫീസുകളിൽ വിവരസാങ്കേതികവിദ്യ നടപ്പാക്കൽ

1. ഇ-ഓഫീസ് സംവിധാനം: വില്ലേജ് ഓഫീസുകളും താലൂക്കാഫീസുകളും കളക്ടറേറ്റുകളും കമ്മീഷണറേറ്റും വിവിധ സബ്-ഓഫീസുകളും കടലാസ് രഹിതമാക്കുക എന്ന ലക്ഷ്യത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചു. ആദ്യ ഘട്ടമെന്ന നിലയിൽ താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും പദ്ധതി ആരംഭിച്ചു. ഈ പദ്ധതി പൂർത്തിയായാൽ വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ കടലാസ് രഹിത റവന്യൂ ഭരണം സാധ്യമാകും. പൊതുജനങ്ങൾക്ക് തങ്ങളുടെ ഫയലിന്റെ സ്റ്റാറ്റസ് മൊബൈൽ ഫോൺ വഴി ലഭ്യമാകും. മാത്രമല്ല ഏതൊരു വില്ലേജ് ഓഫീസിൽ നൽകുന്ന അപേക്ഷയും പല ഓഫീസുകൾ വഴി പ്രോസസ് ചെയ്ത് അന്നേ ദിവസം തന്നെ സെക്രട്ടേറിയറ്റിൽ എത്തിക്കാനുമാകും.



14 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം മന്ത്രി ഇ.ചന്ദ്രശേഖരൻ വീഡിയോ കോൺഫറൻസിങ്ങിലൂടെ നിർവഹിക്കുന്നു.

2. ജനസൗഹൃദ വില്ലേജ് ഓഫീസുകൾ: ജീവനക്കാർ ജനങ്ങളോട് പെരുമാറുന്ന രീതിയെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി ജീവനക്കാരുടെ നല്ല രീതിയിലുള്ള പെരുമാറ്റത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് &ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) വഴി ഓൺലൈനായി വിവിധ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകി. വില്ലേജ് ഓഫീസുകളിലെ പരിശോധനകൾ ശക്തിപ്പെടുത്തുകയും ഓഫീസ് നടപടിക്രമങ്ങൾ സുതാര്യമാക്കുകയും ചെയ്യുന്നതിലൂടെ സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിച്ചു.
3. ഇ-ഗവേണൻസ്: റവന്യൂവകുപ്പിന്റെ 25 ഇനം സർട്ടിഫിക്കറ്റുകൾ നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന ഓൺലൈനായി നൽകുന്നു. അപേക്ഷകന് വീട്ടിലിരുന്നു തന്നെ ഓൺലൈനായി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ഫീസ് ഒടുക്കുന്നതിനും അനുവദിക്കപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പ്രിന്റ് എടുക്കുന്നതിനുമുള്ള സൗകര്യം ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
4. RELIEF software: ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകളെ ഏകോപിപ്പിച്ച് കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് വേണ്ടി നടപ്പിലാക്കിയ പുതിയ

ആപ്ലിക്കേഷനാണ് RELIEF. ഈ സംവിധാനത്തിലൂടെ പ്രളയ ദുരിതാശ്വാസമുൾപ്പെടെയുള്ള സഹായങ്ങൾ വേഗത്തിലും കുറ്റമറ്റ രീതിയിലും വിതരണം ചെയ്യാനാകുന്നുണ്ട്.

5. റവന്യൂ മിത്രം ഓൺലൈൻ പരാതി പരിഹാര സംവിധാനം: സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളെയും ഉൾപ്പെടുത്തികൊണ്ട് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള വിവിധ പരാതികൾ റവന്യൂ വകുപ്പ് മന്ത്രിയെ ഓൺലൈനായി അറിയിക്കുന്നതിനുള്ള സംവിധാനമാണ് Revenue Minister's Interactive, Transparent Redressal and Assistance Mission (MITRAM). www.mitram.revenue.kerala.gov.in എന്ന വെബ്സൈറ്റ് വഴി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതി ലോകത്തെവിടെനിന്നും റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്ക അയക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം തയ്യാറാക്കിയിട്ടുണ്ട്.
6. റവന്യൂ റിക്കവറി നടപടികൾ പൂർണമായും ഓൺലൈൻ സംവിധാനത്തിലാക്കി. മന്ത്രിയുടെ ഓഫീസ് മുതൽ വില്ലേജ് ഓഫീസ് വരെ നീളുന്ന എല്ലാ തലങ്ങളും ഓൺലൈൻ ആക്കി.

റവന്യൂ റിക്കവറി രീതികളിൽ പരിഷ്കാരം: റവന്യൂ റിക്കവറി തുകകൾ ഗഡുക്കളായി ഒടുക്കുന്നതിന് അനുവാദം ലഭിക്കുന്നതിന് ജനങ്ങൾ തലസ്ഥാനത്ത് എത്തണമെന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനായി 25000 രൂപ വരെയുള്ള കുടിശ്ശികയ്ക്ക് തവണ അനുവദിക്കാനുള്ള അധികാരം തഹസിൽദാർക്ക് നൽകി. രണ്ട് ലക്ഷം വരെയുള്ള ബാങ്ക് വായ്പാ കുടിശ്ശികയ്ക്കും ഒരു ലക്ഷം വരെയുള്ള സർക്കാർ കുടിശ്ശികയ്ക്കും തവണ അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എല്ലാ കളക്ടർമാർക്കും നൽകി.

ഭൂമി ഏറ്റെടുക്കൽ: നാടിൻ്റെ വികസനത്തിനായി നാഷണൽ ഹൈവേ , ഗെയിൽ പദ്ധതി ഉൾപ്പെടെ വിവിധ പൊതു ആവശ്യം ഉൾക്കൊള്ളുന്ന പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി ഭൂമി ഏറ്റെടുത്ത് പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞു.ദേശീയ പാതയ്ക്കായി ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 % സംസ്ഥാന സർക്കാർ ആണ് വഹിക്കുന്നത്.

പട്ടയ വിതരണം

- 165000 പട്ടയങ്ങൾ വിതരണം ചെയ്തു.
- 32000 കാണം കുടിയാന്മാർക്ക് പട്ടയം നൽകി.
- ഉപാധിരഹിതമായി പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനായി 1964ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്തു.
- പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെയും, മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്നതിനായി



പ്രത്യേക ഉത്തരവുകൾ പ്രകാരം ഭൂമി നൽകി. ലൈഫ് ഭവന പദ്ധതിക്കായി ഭൂമി നൽകുന്നതിനും പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചു.

- തീർപ്പാക്കാതെ കെട്ടികിടന്ന 303 മിച്ചഭൂമി കേസ്സുകൾ തീർപ്പാക്കി.
- 55.14 ഹെക്ടർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തു.
- 103.33 ഏക്കർ ഭൂമി 656 പേർക്ക് വിതരണം ചെയ്തു.

ദുരന്ത നിവാരണ വകുപ്പ്: റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തി. 2018 പ്രളയത്തിൽ ഓഗസ്റ്റ് 1 നും 30 നും ഇടയിൽ 34,15,937 പേരാണ് വിവിധതരം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞത്. 6,92,966 കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10000 രൂപ വീതം നൽകി. 326048 കുടുംബങ്ങൾക്ക് 22 അവശ്യ സാധനങ്ങൾ അടങ്ങിയ 725000 കിറ്റുകളും 500 രൂപ വിലവരുന്ന 1050838 ഭക്ഷ്യകിറ്റുകളും നൽകി.

ഭവന പദ്ധതികൾ

- പ്രീഫാബ് ടെക്നോളജി ഭവനങ്ങൾ: ചോറ്റാനിക്കരയിൽ 24 ഫ്ളാറ്റുകൾ ഉള്ള ഭവന സമുച്ചയത്തിന്റെ പണി പൂർത്തിയാക്കി.
- അത്താണി ഭവന പദ്ധതി: തൊഴിലാളികൾക്ക് നഗരങ്ങളിൽ താമസ സൌകര്യം ഒരുക്കുന്നതിനായി 24 ഫ്ളാറ്റുകൾ വീതമുള്ള രണ്ട് ഭവന സമുച്ചയങ്ങൾ തിരുവനന്തപുരത്ത് പൂജപ്പുരയിൽ നിർമാണം പൂർത്തീകരിച്ചു.
- ഗൃഹശ്രീ ഭവന നിർമാണ പദ്ധതി: സ്വന്തമായി രണ്ട് സെന്റിൽ കുറയാത്ത ഭൂമിയുള്ള ദുർബ്ബല വിഭാഗക്കാർക്ക് സർക്കാരിന്റെ രണ്ട് ലക്ഷം രൂപയുടെ സബ്സിഡിയും സന്നദ്ധ സംഘടകളുടെ / ഗുണഭോക്താക്കൾ നൽകുന്ന രണ്ട് ലക്ഷം രൂപയും പ്രയോജനപ്പെടുത്തി വീട് നിർമിക്കുന്ന പദ്ധതിയിൽ 2698 ദുർബ്ബലവിഭാഗത്തിലുള്ളവർക്ക് വീടുകൾ നിർമിക്കാൻ ധനസഹായം അനുവദിച്ചു. ഇതിനായി സംസ്ഥാന സർക്കാർ 53 കോടി 96 ലക്ഷം രൂപ വിതരണം ചെയ്തു. ഇതനുസരിച്ച് 2698 ദുർബ്ബല വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് വീടുകൾ നിർമിക്കാൻ ധനസഹായം അനുവദിച്ചു.

## പട്ടികജാതി പട്ടികവർഗ പിന്നോക്കക്ഷേമ വികസനം

(എ.കെ. ബാലൻ)



പട്ടികജാതി പട്ടികവർഗ വിഭാഗം ഇന്നതയുടെ പ്രധാന പ്രശ്നം തൊഴിലില്ലായ്മയും അത് കാരണമുള്ള സാമ്പത്തിക അരക്ഷിതാവസ്ഥയും,കൃഷിഭൂമിയുടെ ലഭ്യതക്കുറവും, വരുമാനക്കുറവും വിദ്യാഭ്യാസ പിന്നാക്കാവസ്ഥയുമാണ്. ഇതിന് പരിഹാരം കാണുന്നതിനായി ഇൻക്ലൂസിവ് ഡെവലപ്മെന്റ് എന്ന ആശയം മുൻനിർത്തിയുള്ള പദ്ധതികളാണ് ഇടതുപക്ഷ സർക്കാർ നടപ്പാക്കി വരുന്നത്.

<u>വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

- 7 ലക്ഷം വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ
- 5 മുതൽ 8 വരെയുള്ള ക്ലാസുകളിലെ 120000 ത്തോളം വിദ്യാർത്ഥികൾക്ക് 2000 രൂപ വീതം സഹായം
- നീറ്റ് മെറിറ്റിൽ പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർഥികൾക്കും ഫീസ് സൗജന്യം.
- സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന 2 ലക്ഷം വിദ്യാർഥികൾക്ക് വാടക അലവൻസ്
- ലംപ്സം ഗ്രാന്റ്, സ്റ്റൈപെൻഡ് (പ്രീ-പ്രൈമറി മുതൽ പിഎച്ച്ഡി വരെയുള്ള മുഴുവൻ വിദ്യാർഥികളുടെയും) 50% വർധിപ്പിച്ചു.
- പഠനമുറി : 800 ചതുരശ്ര അടിയിൽ കുറഞ്ഞ വിസ്തൃതിയുള്ള വീടുകളിൽ താമസിക്കുന്ന 8-12 ക്ലാസുകളിലെ വിദ്യാർഥികൾക്ക് സ്വന്തമായി 120 ചതുരശ്ര അടിയുള്ള ഒരു പഠനമുറി വീടിനോട് ചേർന്ന് നിർമിക്കുന്ന പദ്ധതിയാണിത്. 25000 പേർക്കാണ് പഠനമുറികൾ അനുവദിക്കുക. ഇതിൽ 13922 എണ്ണം പൂർത്തിയായി.




- സാമൂഹ്യപഠനമുറി: പട്ടികവർഗ കോളനികളിൽ 30 കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഗൃഹപാഠങ്ങൾ ചെയ്യുവാനും പാഠഭാഗങ്ങളെ കുറിച്ചുള്ള സംശയ നിവാരണം വരുത്തുവാനുമുള്ള സൗകര്യം ഒരുക്കിയ പദ്ധതി.മേശ, കസേര, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി എന്നീ സൗകര്യങ്ങളെല്ലാം ഇവർക്കായി ഒരുക്കുന്ന പഠനമുറികളിലുണ്ട്. ഈ വിഭാഗത്തിലെതന്നെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി നിയമിച്ചു പ്രത്യേക അലവൻസോടെയാണ് പഠനമുറി പ്രവർത്തിപ്പിക്കുന്നത്.500 കോളനികളിൽ ആണ് പദ്ധതി നിർമ്മിക്കുക ഇതിൽ 250 എണ്ണം പൂർത്തിയാക്കി. അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറഞ്ഞ വീടുകളിലെ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനം ചെയ്ത ഒരു പദ്ധതിയാണിത്.



- ഗോത്രബന്ധു: പട്ടികവർഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, പ്രൈമറി ക്ലാസുകളിൽ നിന്നുള്ള പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക, അഭ്യസ്തവിദ്യരായ പട്ടികവർഗ - യുവജനങ്ങൾക്ക് തൊഴിൽ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഗോത്രബന്ധു പദ്ധതി ആരംഭിച്ചത്. പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഗോത്ര ഭാഷയിലൂടെ പഠനം നടത്തുന്നതിനുള്ള പദ്ധതിയാണ് ഗോത്രബന്ധു. അധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളെ പ്രൈമറി സ്ക്കൂളുകളിൽ നിയമിച്ചുകൊണ്ട് ഗോത്രഭാഷയിലൂടെ പഠനം സാധ്യമാക്കുന്നതിനും, അതു വഴി വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഇല്ലാതാകുന്നതിനും കൂടാതെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക് തൊഴിൽ ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. ഗോത്രബന്ധു പദ്ധതിയിലൂടെ വയനാട് ജില്ലയിൽ 241 പട്ടികവർഗ്ഗ യുവതീയുവാക്കൾക്കും പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 26 പേർക്കുമായി ആകെ 267 പേർക്ക് നിയമനം നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേരളത്തിലെ ആദ്യത്തെ സ്പോർട്സ് എം.ആർ.എസ്; കാസർഗോഡ് ഏകലവ്യ സ്പോർസ് എംആർഎസ് നിർമ്മാണപ്രവർത്തനം തുടങ്ങുന്നു.
- മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടെ വികസനം: 20 മോഡൽ റെസിഡൻഷ്യൽ സ്ക്കൂളുകളിൽ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആധുനിക വിദ്യാഭ്യാസ സംവിധാനങ്ങളായ സ്മാർട്ട് ക്ലാസ്സ്റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്ക്കൂൾ റേഡിയോ, കരിയർ ഗൈഡൻസ് & കൗൺസിലിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കായികപരവും മാനസികപരവുമായിട്ടുള്ള ഉന്നമനത്തിനായി മൾട്ടിപർപസ് സിന്തറ്റിക് കോർട്, ഫിറ്റ്നസ് സെന്റർ തുടങ്ങിയവയും സജ്ജമാക്കിയിരിക്കുന്നു. മിനി മാസ്ററ് ലൈറ്റ്, സി.സി.റ്റി.വി, നവീകരിച്ച അടുക്കള സംവിധാനങ്ങൾ, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, നാപ്കിൻ വെന്റിംഗ് മെഷീൻ, മിന്നൽ രക്ഷാ ചാലകം, ജലശുദ്ധികരണ പദ്ധതി എന്നിവയിലൂടെ സ്ക്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും, പഠനോപകരണങ്ങൾ, യൂണിഫോം, ഭക്ഷണം തുടങ്ങി എല്ലാ ആനുകൂല്യങ്ങളും നൽകികൊണ്ട് എല്ലാ കുട്ടികൾക്കും മെച്ചപ്പെട്ട വിദ്യാഭാസവും സർക്കാർ ഉറപ്പ് വരുത്തുന്നു.







- ഗോത്ര സാരഥി: വാഹന സൗകര്യം ഇല്ലാത്ത ഊരുകളിൽ താമസിക്കുന്ന കുട്ടികൾക്കു ഊരുകളിൽ നിന്നും സ്ക്കൂളിൽ പോയി പഠിക്കുന്നതിനും തിരികെ വരുന്നതിനും വേണ്ടി വാഹനസൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി.

- ഭാരത ദർശൻ (പഠന യാത്ര): ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കുവാൻ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപെട്ട സമർത്ഥരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും അവസരമൊരുക്കുന്ന പഠന യാത്രാ പദ്ധതിയാണ് ഭാരത ദർശൻ. ഇതിനു പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2 , ഡിഗ്രി, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനവിനോദയാത്രകൾക്കുള്ള യഥാർത്ഥ ചിലവും സാമ്പത്തിക സഹായമായി ഈ പദ്ധതിയിൽ അനുവദിച്ചു നൽകുന്നു.

<u>വനിതകൾക്കുള്ള പദ്ധതികൾ</u>

- ഗോത്രവാത്സല്യ നിധി : പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കു ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നതിനുവേണ്ടി 2017 ൽ ആരംഭിച്ച ഇൻഷുറൻസ് പദ്ധതിയാണ് ഗോത്രവാത്സല്യ നിധി. 138000 രൂപയാണ് ഒരു കുട്ടിയുടെ ഇൻഷ്വറൻസ് പ്രീമിയമായി സർക്കാർ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ നൽകുക.മെച്യൂരിറ്റി ബെനിഫിറ്റ് 3 ലക്ഷം രൂപയാണ്. 2017 ഏപ്രിൽ ഒന്ന് മുതൽ ജനിച്ച 2088 പെൺകുഞ്ഞുങ്ങൾക്ക് 8.15 കോടി രൂപ വിനിയോഗിച്ചു നാളിതുവരെ ഇൻഷുറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഷുറൻസ് ചെയ്യപ്പെടുന്ന പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുന്നതിന് മുൻപ് കുട്ടിയുടെ വരുമാനദായകനായ രക്ഷകർത്താവോ ,കുട്ടിയുടെ രണ്ടാം രക്ഷകർത്താവോ മരണപ്പെട്ടാൽ യഥാക്രമം 2,00,000 / - രൂപ , 30,000/- രൂപ എന്നിങ്ങനെ ധനസഹായം ഈ പദ്ധതിപ്രകാരം ലഭിക്കും. കൂടാതെ ഇൻഷുറൻസ് ചെയ്യപ്പെടുന്ന പെൺകുട്ടി 8  വയസ്സ് പൂർത്തിയായശേഷം മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ അനുപാതികമായ തുക മതാപിതാക്കൾക്കും ലഭിക്കും.




- അപ്പാരൽപാർക്ക് : പട്ടികവർഗ യുവതികൾക്ക് ആധുനികവസ്ത്രനിർമാണത്തിൽ പരിശീലനം നൽകിയ ശേഷം സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി. അട്ടപ്പാടിയിൽ പദ്ധതി ആരംഭിച്ചു തുടർന്ന് പാലക്കാട്, വയനാട്, തിരുവനന്തപുരം, എന്നിവിടങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചു. 250 ഓളം പട്ടികവർഗ യുവതികൾക്ക് ഇവിടെ തൊഴിൽ ലഭിക്കും.
- വർക്കിങ് വിമൻസ് ഹോസ്റ്റൽ: പല ആവശ്യങ്ങൾക്കായി പട്ടണങ്ങളിലേക്ക് പോകേണ്ടി വരുന്ന വനിതകൾക്ക് സുരക്ഷിതമായി താമസിക്കാനും അതേപോലെ ജോലി ചെയ്യുന്നവർക്കും താമസസൗകര്യത്തിനായി വർക്കിങ് വിമൻസ് ഹോസ്റ്റൽ.

പേരൂർക്കടയിൽ പൂർത്തിയായി, കോഴിക്കോടും എറണാകുളത്തും കൂടി ഓരോ ഹോസ്റ്റൽ നിർമ്മിക്കും.

- ജനനി ജന്മരക്ഷ: പട്ടികവർഗ വിഭാഗത്തിലെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യം ഉറപ്പ് വരുത്തുന്നപദ്ധതിയാണ് ഇത്. ഗർഭിണിയായി മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസാകും വരെയുള്ള 18 മാസക്കാലം രണ്ടായിരം രൂപ വച്ച് പ്രതിമാസം അനുവദിക്കുന്നു. ആവശ്യമായ സമയത്ത് ലഭിക്കുന്ന സാമ്പത്തിക സഹായത്തിലൂടെ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യവും സുരക്ഷയും ഉറപ്പാകുന്നു.




<u>തൊഴിലില്ലായ്മ പരിഹരിക്കാൻ</u>

- സർക്കാർ മേഖലയിലും സർക്കാർ നടത്തുന്ന പ്രൊജക്ടുകളിലും കഴിയുന്നത്ര പട്ടികവിഭാഗക്കാരെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.
- പാലക്കാട് കെൽപാമിന്റെ മേൽനോട്ടത്തിൽ 50 പേർക്ക്
- തൊഴിൽ ലഭ്യമാക്കുവാൻ കഴിയുന്ന ഒരു റൈസ് മിൽ ആരംഭി
- ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.
- പൊലീസ് , എക്സൈസ് സേനകളിലേക്ക് 100 പേരെ നിയമിച്ചു. 100 പേരെ കൂടി നിയമിക്കാൻ PSC നടപടികൾ ആരംഭിച്ചു.
- 500 ബീറ്റ് ഫോറസ്റ്റ് ഓഫിസർമാരെ നിയമിക്കാൻ തീരുമാനമായി.
- നൈപുണ്യ വികസനം : ഭാഷാ പ്രയോഗത്തിലും പെരുമാറ്റത്തിലും തൊഴിൽ നൈപുണ്യത്തിലും ഉന്നത നിലവാരം പുലർത്തുന്നവരാക്കി പട്ടികവിഭാഗം യുവജനങ്ങളെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ 25 ഓളം പരിശീലന സ്ഥാപനങ്ങളിലൂടെ 22524 പട്ടികജാതി യുവജനങ്ങൾക്കും 5431 പട്ടികവർഗ യുവജനങ്ങൾക്കും നൈപുണ്യവികസന പരിശീലനം നൽകി.ഇതുവഴി സ്വകാര്യമേഖല ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ 4537 പേർക്ക് തൊഴിൽ ലഭിച്ചു.
- ഗോത്രജീവിക : വയനാട് ജില്ലയിലെ പട്ടികവർഗ മേഖലയിൽ 1120 പട്ടികവർഗ യുവാക്കളെ കെട്ടിട നിർമാണത്തിന്റെ വിവിധപ്രവൃത്തികൾ പരിശീലിപ്പിക്കുകയും അവരെ 51 തൊഴിൽ ഗ്രൂപ്പുകളായി വിഭജിച്ച് വിവിധ വകുപ്പുകളുടെ നിർമാണ പ്രവർത്തനങ്ങൾ നിർവഹിച്ചു വരുന്നു.
- കേരള ട്രൈബൽ പ്ലസ്: മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകുന്ന 100 പ്രവൃത്തി ദിവസങ്ങൾക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് 100 ദിവസത്തെ തൊഴിൽ കൂടി പട്ടികവർഗക്കാർക്ക് നൽകുന്ന പദ്ധതി ആരംഭിച്ചു. 14432 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ തൊഴിൽ ദിനങ്ങൾ അധികമായി ലഭിച്ചു.




- വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായ പദ്ധതി : അഭ്യസ്തവിദ്യരും, ഏതെങ്കിലും തൊഴിൽമേഖലയിൽ

നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി വിഭാഗത്തിൽപെട്ട യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും,വിസ സംബന്ധമായ ചെലവുകൾക്കുമായി ധനസഹായം നൽകി വരുന്ന പദ്ധതിയാണിത്.

ഗദ്ദികമേള : പട്ടികവിഭാഗക്കാരുടെ 4.60 കോടി രൂപയുടെ കരകൌശല ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു. ഓൺലൈൻ മാർക്കറ്റിങ് ശൃംഖലയായ ആമസോൺ ആപ് മുഖേന ലോകത്തിന്റെ എല്ലാ ഭാഗത്തും കരകൗശല ഉൽപന്നങ്ങളുടെ വിൽപന നടത്താനുള്ള സാകര്യം ഏർപ്പെടുത്തി.

ഭൂമിയും വീടും: 4632 ഭൂരഹിത പട്ടികവർഗ കുടുംബങ്ങൾക്ക് 3787 ഏക്കർ ഭൂമി വിതരണം ചെയ്തു. 3000 കുടുംബങ്ങൾക്ക് കൂടി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 18690 ഭൂരഹിത പട്ടികജാതിക്കാർക്ക് വീട് നിർമിക്കുന്നതിനാവശ്യമായ സ്ഥലവും ലഭ്യമാക്കി. വിവിധ പദ്ധതികളിലായി 5330 പട്ടികജാതി കുടുംബങ്ങൾക്കും 12377 പട്ടികവർഗ കുടുംബങ്ങൾക്കും ഭവനനിർമാണ ധനസഹായം ലഭ്യമാക്കി.

സ്മാർട്ട് കാർഡ് / സർവീസ് പ്ലസ്: പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓൺലൈൻ പദ്ധതികളായ സ്മാർട്ട് കാർഡ് പദ്ധതിയും സർവീസ് പ്ലസ് പദ്ധതിയും . പട്ടികവർഗ്ഗക്കാർക്ക് വിവിധ സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന പുതിയ പദ്ധതിയുടെയും അവർക്ക് ചിപ്പ് ഘടിപ്പിച്ച വ്യക്തികത സ്മാർട്ട് കാർഡ്.

അംബേദ്കർ ഗ്രാമങ്ങൾ: 80 അംബേദ്കർ ഗ്രാമങ്ങളുടെ പ്രവർത്തി പൂർത്തികരിച്ചു.

പാലക്കാട് മെഡിക്കൽ കോളേജ്: സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ സ്വപ്നപദ്ധതിയായ  പാലക്കാട് ഗവണ്മെൻ്റ് മെഡിക്കൽ കോളെജിലെ ഒപി ബ്ലോക്ക്, ജനറൽ  മെഡിസിൻ ഐ പി, ഉദ്ഘാടനം ചെയ്തു.

മിലറ്റ് വില്ലേജ് പദ്ധതി : പരമ്പരാഗത കൃഷി വീണ്ടെടുത്തുകൊണ്ട്, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പട്ടിക വർഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. 270 ഊരുകളിലായി 1256 കർഷകർക്ക് 7 കോടി രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

നമ്മുത് വെള്ളാമ : അട്ടപ്പാടിയിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി ജൈവകൃഷിയിലൂടെ കൃഷി നടത്താൻ കെ-ഡിസ്കിന്റെ നേതൃത്ത്വത്തിൽ തണൽ എന്ന ഏജൻസിയുമായി ചേർന്ന് വരുമാനദായക കാർഷിക പദ്ധതി "നമ്മുത് വെള്ളാമ"' എന്ന പേരിൽ അട്ടപ്പാടിയിൽ നടപ്പാക്കി.

ശിശുമരണങ്ങൾ: പട്ടികവർഗ വികസന വകുപ്പ് വിവിധ സർക്കാർ വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഗുണഫലമായി മുൻവർഷങ്ങളെ അപേക്ഷിച്ച് ശിശുമരണ നിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു.2013-ൽ 31 ശിശുമരണങ്ങളുണ്ടായ സ്ഥാനത്ത് 2019-ൽ 13 ലേക്കും 2020-ൽ 6-ലേക്കും ശിശുമരണങ്ങൾ കുറച്ചുകൊണ്ടുവരാനായത്.

## സഹകരണം, ടൂറിസം, ദേവസ്വം വകുപ്പ് വികസന പ്രവർത്തനങ്ങൾ

(കടകംപള്ളി സുരേന്ദ്രൻ)



### സഹകരണം

- 13 ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചു കേരള ബാങ്ക് രൂപീകരിച്ചു.
- സംസ്ഥാനത്ത് ആദ്യമായി സഹകരണ നയം രൂപീകരിച്ചു. സമഗ്രമായ സഹകരണ ഗൈഡും പ്രസിദ്ധീകരിച്ചു.
- പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണത്തിനായി സഹകരണ സംഘങ്ങളെ കൂട്ടിയിണക്കി സഹകരണ വകുപ്പ് ആവിഷ്കരിച്ച കെയർ ഹോം പദ്ധതിയിലൂടെ രണ്ടായിരത്തിലേറെ വീടുകൾ നിർമിച്ചു കൈമാറി.
- പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹകരണ സംഗം നേരിട്ട് നെല്ല് സംഭരണവും, സംസ്കരണവും ,വിപണനവും തുടങ്ങി.
- പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിങ് & മാർക്കറ്റിങ് സഹകരണ സംഘം (പാപ്കോസ്) രൂപീകരിച്ചു.
- നെല്ല് സംഭരണ പദ്ധതി ആറു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുകയും ചെയ്തു.
- സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കളുടെ കൈകളിൽ നേരിട്ട് എത്തിച്ചു.
- സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തതിനുശേഷം മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ എന്നിവർക്കായി രൂപീകരിച്ച റിസ്ക് ഫണ്ട് പദ്ധതിക്ക് കീഴിൽ ഈ സർക്കാർ അധികാരമേറ്റശേഷം 18086 പേർക്ക് 142.61 കോടി രൂപ സഹായധനം നൽകി.
- മുറ്റത്തെ മുല്ല ചെറുകിട വായ്പ
- PSC കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ തൊഴിൽദാതാവായ സഹകരണ സർവീസ് പരീക്ഷാ ബോർഡ് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയത് റെക്കോർഡ് നിയമനങ്ങളാണ്. 2016 മുതൽ 2020 വരെ ആകെ 20 വിജ്ഞാപനങ്ങളിലായി 3453 തസ്തികകളിലേക്കാണ് സഹകരണ സർവീസ് പരീക്ഷാ ബോർഡ് അപേക്ഷകൾ ക്ഷണിച്ചത്. ഇതിൽ 3027 തസ്തികകളിലേക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആകെ 1603 നിയമനങ്ങൾ നടത്തിയ സ്ഥാനത്താണിത്.



## ദേവസ്വം ബോർഡ്

- ചരിത്രത്തിലാദ്യമായി 19 പട്ടികജാതി വിഭാഗത്തിൽ പെട്ട ആളുകൾ അടക്കം 133 അബ്രാഹ്മണരെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ശാന്തിമാരായി നിയമിച്ചു.
- ഇന്ത്യയിൽ ആദ്യമായി മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് 10% സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചു.
- ദേവസ്വം ബോർഡ് നിയമനങ്ങൾ സുതാര്യവും അഴിമതിരഹിതവും ആയി.
- ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് PSC മാതൃകയിൽ ദേവജാലിക എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി.



- അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചു.
- ശബരിമല വികസനത്തിന് നിരവധി പദ്ധതികൾ പൂർത്തീകരിച്ചു.
- KIIFB വഴി 150 കോടി രൂപ മുതൽമുടക്കിൽ കേരളത്തിൽ 50 km ഇടവിട്ട് അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടുന്ന ഇടത്താവളങ്ങൾ നിർമിക്കാൻ ഉള്ള പദ്ധതി.
- ശബരിമലയിൽ ആധുനിക അന്നദാന മണ്ഡപം, റസ്റ്റോറന്റ് ബ്ലോക്ക് എന്നിവയും നിലക്കലെ കൺവെൻഷൻ ബ്ലോക്ക്, നടപ്പന്തൽ എന്നിവയും പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.
- ശബരിമലയിൽ 5.5 കോടി രൂപ ചെലവിൽ ആധുനിക സജ്ജീകരണമുള്ള പുതിയ ആശുപത്രിയും ആരംഭിച്ചു.




- ജീർണാവസ്ഥയിലുള്ള പുരാതന ക്ഷേത്രങ്ങൾ തനത് രൂപത്തിൽ സംരക്ഷിക്കുന്നതിനായി 5 കോടി രൂപ ബജറ്റിൽ വകയിരുത്തി.
- ഉത്തരമലബാറിലെ ആചാര്യസ്ഥാനീയരുടെയും കോലാധികാരികളുടെയും പ്രതിമാസ ധനസഹായം 700 രൂപയിൽ നിന്ന് 1100 രൂപയാക്കി വർധിപ്പിച്ചു.
- സംസ്ഥാനസർക്കാരിന്റെ ചരിത്രത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സംസ്ഥാന ഖജനാവിൽ നിന്ന് 100 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.

**ശബരിമല വികസനം**

| | | മുൻ സർക്കാർ | പിണറായി സർക്കാർ |
|---|---|---|---|
| 1 | ശബരിമല വികസനം | മാസ്റ്റർപ്ലാൻ ഉൾപ്പെടെ 456.21 കോടി | കിഫ്ബി ഫണ്ട് ഉൾപ്പെടെ 1519.22 കോടി രൂപ |
| 2 | ശബരിമല മാസ്റ്റർപ്ലാൻ | 115 കോടി രൂപ | 163.9 കോടി രൂപ |

- മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം

പരിഷ്കരിച്ച് ഉത്തരവായി. 2019 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് വർധനവ്. ഏറ്റവും കുറഞ്ഞ അടിസ്ഥാനശമ്പളം 750 രൂപയായിരുന്നത് 8500 രൂപയായി വർധിപ്പിച്ചു. ഏറ്റവും കൂടിയ അടിസ്ഥാനശമ്പളം 41,500 രൂപയാണ്. മറ്റ് ആനുകൂല്യങ്ങളും ഇതിനനുസരിച്ച് വർധിച്ചിട്ടുണ്ട്.

## ടൂറിസം

- 2017-ൽ കേരള വിനോദസഞ്ചാര നയം പ്രഖ്യാപിച്ചു.
- വിദേശ ടൂറിസ്റ്റുകളുടെയും, ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണത്തിൽ വർധനവ് ഉണ്ടാവുകയും അതുവഴി കേരളത്തിന് ടൂറിസം മേഖലയിലൂടെ ഏറ്റവും കൂടുതൽ വരുമാനം നേടാനായ കാലയളവാണ് പിന്നിടുന്നത്.




- 2019-ൽ 46000 കോടി രൂപയുടെ റെക്കോർഡ് വരുമാനം.
- ടൂറിസം വരുമാനത്തിന്റെ പങ്ക് തദ്ദേശവാസികൾക്ക് കൂടി ലഭ്യമാക്കാൻ ഉള്ള സാമ്പത്തിക ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കി. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നിരവധി അംഗീകാരങ്ങൾ ലഭിച്ചു. റെസ്പോൺസിബിൾ ടൂറിസം അവാർഡ്,WTM ഗോൾഡ്, ഗ്രാന്റ്, ഹൈലി കമന്റഡ്, പാറ്റാ ഗോൾഡ് ഉൾപ്പെടെ 5 അന്തർദേശീയ അവാർഡുകളും 6 ദേശീയ അവാർഡുകളും മിഷൻ രൂപീകരിച്ച് 4 വർഷത്തിനുള്ളിൽ കേരളം നേടി.ഒരു ലക്ഷത്തിലധികം കുടുംബങ്ങളാണ് ഉത്തരവാദിത്ത ടൂറിസം ഗുണഭോക്താക്കളായി മാറിയത്. ആകെ യൂണിറ്റുകൾ 20,019 ആയി. ഇതിൽ 85% വനിതകൾ നയിക്കുന്ന യൂണിറ്റുകൾ ആണ്. 38 കോടി രൂപയുടെ വരുമാനം തദ്ദേശീയ യൂണിറ്റുകൾക്ക് നേടാനായി.
- പൈതൃകപ്പെരുമ വീണ്ടെടുക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു . ഇത് പ്രകാരം കോഴിക്കോട് മിഠായി തെരുവ് , ചാല കമ്പോളം പണികൾ പൂർത്തീകരിച്ചു.




- ആലപ്പുഴ, തലശ്ശേരി, പൊന്നാനി എന്നിവിടങ്ങളിലും ഇ പദ്ധതി നടപ്പാക്കി വരുന്നു.
- തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ പൈതൃക സ്മാരകങ്ങൾ അടിസ്ഥാനമാക്കി തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു.




- തിരുവിതാംകൂർ ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി നഗരത്തിലെ

ചരിത്ര പ്രാധാന്യമുള്ള കെട്ടിട സമുച്ചയങ്ങളെ സിഡ്നി ഓപ്പറ ഹൗസ് മാതൃകയിൽ വെളിച്ച വിന്യാസം ഒരുക്കി ആകർഷകമാക്കുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമായി. ശ്രീപദ്മനാഭ സ്വാമി ക്ഷേത്ര പരിസരവും കിഴക്കേക്കോട്ടയും എംജി റോഡ് മുതൽ വെള്ളയമ്പലം വരെ പ്രൗഢഭംഗിയാർന്ന 19 കെട്ടിട സമുച്ചയങ്ങൾ അത്യാധുനിക പ്രകാശ സംവിധാനങ്ങൾ സ്ഥാപിച്ച് മനോഹരമാക്കും.

- ടൂറിസം മേഖലയിലെ ആദ്യ BOT പദ്ധതി ചടയമംഗലത്തെ ജടായു എർത്ത്സ് സെന്റർ യാഥാർഥ്യമായി.



- പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ 100 കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി.
- 10 കോടി ചിലവിൽ വേളി ടൂറിസ്റ്റ് വില്ലേജിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന മിനിയേച്ചർ ട്രെയിൻ സർവീസ് തുടങ്ങി.
- 5 കോടി ചിലവിൽ തെന്മല ഇക്കോ ടൂറിസം പദ്ധതിയിൽ ലൈറ്റ് & സൗണ്ട് ഷോ നടപ്പാക്കി.



- പോസ്റ്ററുകളും നോട്ടീസുകളും നിറഞ്ഞ തിരുവനന്തപുരം നഗരത്തിലെ പൗരാണിക കെട്ടിടങ്ങളുടെ മതിലുകളെ മനോഹരമാക്കാനായി ആരംഭിച്ചതാണ് ആർട്ടീരിയ എന്ന ചുവർചിത്ര പദ്ധതി. ഏതാണ്ട് 25000 ലധികം ചതുരശ്ര അടി വിശാലമായ ഈ പദ്ധതി ഇന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ഏറ്റവും വലിയ ചിത്രസമുച്ചയത്തിൽ ഒന്നാണ്.
- ഇന്റർനാഷണൽ ട്രാവൽ ആൻഡ് ടൂറിസം പ്ലാറ്റ്ഫോമായ ബുക്കിങ്.കോമിന്റെ ട്രാവലേഴ്സ് ചോയ്സ് അവാർഡിൽ മോസ്റ്റ് വെൽക്കമിങ് റീജിയനായി കേരളം തുടർച്ചയായ മൂന്നാം വർഷവും തിരഞ്ഞെടുക്കപ്പെട്ടു.
- ആധുനിക കേരളത്തെ വാർത്തെടുക്കുന്നതിൽ വലിയ പങ്കു വഹിച്ച നവോത്ഥാന നായകന്മാരിൽ ഒരാളായ ശ്രീ വാഗ്ഭടാനന്ദ ഗുരുവിന്റെ സ്മരണയ്ക്ക് സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് 2.80 കോടി രൂപ ചെലവഴിച്ച് വടകര കാരക്കാട് നിർമിച്ച വാഗ്ഭടാനന്ദ പാർക്ക് നാടിന് സമർപ്പിച്ചു.
- ശ്രീനാരായണ ഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തിയിലെ ശ്രീനാരായണ ഗുരുകുലത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് 10 കോടി രൂപ ചെലവിൽ നിർമിച്ച അത്യാധുനിക കൺവെൻഷൻ സെന്റർ ഉദ്ഘാടനം ചെയ്തു.
- 200 കോടിയിലധികം ചിലവിൽ വിവിധ പദ്ധതികൾ പുരോഗമിക്കുന്നു

## ഫിഷറീസ്, തുറമുഖ എൻജിനീയറിങ്,കശുവണ്ടി വ്യവസായ വകുപ്പ് വികസന പ്രവർത്തനങ്ങൾ



(ജെ. മേഴ്സികുട്ടിയമ്മ)

### ഫിഷറീസ്, തുറമുഖം

- മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ആനുകൂല്യം 2 ലക്ഷത്തിൽ നിന്നും 4 ലക്ഷം ആയി വർധിപ്പിച്ചു.
- ഈ സർക്കാർ വന്നതിന് ശേഷം 5457 ഭാവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനങ്ങൾ നൽകി.
- പുനർഗേഹം : കടൽത്തീരത്ത് നിന്നും സുരക്ഷിതമായി മാറി താമസിക്കാൻ ഒരു കുടുംബത്തിന് 3 സെന്റ് വരെ ഭൂമിയും , 10 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതി. 2650 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.



- 29 കോടി രൂപ ചെലവഴിച്ചു സാഫ് മുഖേന 2500 ഓളം ചെറുകിട തൊഴിൽ സംരംഭങ്ങൾ വഴി 2000 മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബങ്ങൾക്കും സുസ്ഥിരമായ വരുമാനം ഉറപ്പു വരുത്തി.
- 647 പുതിയ മത്സ്യത്തൊഴിലാളി വനിതാസംരംഭങ്ങൾ ആരംഭിച്ചു.
- തീരമൈത്രി യൂണിറ്റുകൾക്ക് ഉണ്ടായിരുന്ന 38 കോടി രൂപയുടെ പ്രതിവർഷ വിറ്റുവരവ് 91 കോടി രൂപയായി ഉയർത്താൻ ആയി.
- മത്സ്യഫെഡ് മുഖേന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് 225.4 കോടി രൂപ സർക്കാർ അനുവദിച്ചു.
- മത്സ്യഫെഡ് പ്രവർത്തന ലാഭത്തിൽ തുടരുന്നു.
- അന്തിപച്ച -യെന്ന പേരിൽ 6 മൊബൈൽ ഫിഷ്മാർട്ടും, 15 ഫിഷ് മാർട്ടുകളും, ഒരു നിയോജക മണ്ഡലത്തിൽ ഒരു ഹൈടെക് ഫിഷ്സ്റ്റാളും തുടങ്ങുക എന്ന ലക്ഷ്യത്തോടെ 21 മത്സ്യ സ്റ്റാളുകൾ പ്രാഥമിക സഹകരണ സംഘങ്ങളുമായി സഹകരിച്ച് മത്സ്യഫെഡ് തുടങ്ങി.




- മത്സ്യത്തൊഴിലാളികൾക്ക് ആദ്യ വിൽപനാവകാശം ഉറപ്പാക്കാൻ നിയമ നിർമാണത്തിന്റെ ഭാഗമായി മത്സ്യലേലവും മത്സ്യ വിപണനവും ഗുണനിലവാര പരിപാലനവും ഓർഡിനൻസിലൂടെ മത്സ്യത്തിന് അടിസ്ഥാന വില നിശ്ചയിക്കാൻ തൊഴിലാളികൾക്ക് അവകാശം നൽകി.
- മത്സ്യതൊഴിലാളികൾക്ക് കൂടെ പങ്കാളിത്തമുള്ള മാനേജ്മെന്റ് സൊസൈറ്റികൾ യാഥാർഥ്യമാക്കി.

- മത്സ്യലേലം നിയന്ത്രണങ്ങൾക്ക് വിധേയമാക്കി പരമാവധി ലേലക്കമ്മീഷൻ ലേല തുകയുടെ 5% ആയി നിജപ്പെടുത്തി.
- മത്സ്യലേലക്കാർക്ക് ലേലം നടത്തുന്നതിനുള്ള അനുമതി പത്രങ്ങൾ നിർബന്ധമാക്കി.
- നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും 203.04 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കി.
- സംസ്ഥാനത്ത് ആകെയുള്ള 25 മത്സ്യബന്ധന തുറമുഖങ്ങളിൽ 18 എണ്ണത്തിന്റെ നിർമാണം പൂർത്തീകരിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കി.
- 5 മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമാണം പൂർത്തീകരിച്ചു. കണ്ണൂർ ജില്ലയിലെ തലായ്, തൃശൂർ ജില്ലയിലെ ചേറ്റുവ, തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ,കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നീ ഹാർബറുകളാണ് നിർമാണം പൂർത്തീകരിച്ചത്.



- മൽസ്യബന്ധന സമുദ്ര ഗവേഷണ ശാസത്ര പഠനത്തിനായി കേരള സർക്കാർ സ്ഥാപിച്ച കുഫോസിൽ (KUFOS) പുതിയ അക്കാഡമിക് സമുച്ചയം ഉദ്ഘാടനം ചെയ്തു. നൂതന സൗകര്യങ്ങളോട് കൂടിയ അക്കാഡമിക്ക് ബ്ലോക്കുകൾ, ലാബോറട്ടറികൾ, കൾച്ചർ പോഡുകൾ, ഹോസ്റ്റൽ സമുച്ചയങ്ങൾ, സെമിനാർ - വർക്ക്ഷോപ്പ് കോംപ്ലക്സുകൾ, സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളോടും കൂടി മികച്ച യൂണിവേഴ്സിറ്റികളിൽ ഒന്നായി മാറിയിരിക്കുകയാണ്.



- മൽസ്യബന്ധനത്തിനിടയിൽ കടലിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ മൽസ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിനായി മറൈൻ ആംബുലൻസിൻ്റെ സഹായം ലഭ്യമാക്കുന്ന പദ്ധതിയിൽ 3 മറൈൻ ആംബുലൻസുകൾ പ്രതീക്ഷ, പ്രത്യാശ, കാരുണ്യ പ്രവർത്തനം ആരംഭിച്ചു.



- കേരളത്തിലെ ആദ്യത്തെ പൊമ്പാനോ മൽസ്യവിത്ത് ഹാച്ചറിക്ക് തുടക്കം കുറിച്ചു.
- ഇന്ത്യയിലെ ആദ്യത്തെ തദ്ദേശ ഇനങ്ങളായ മത്സ്യങ്ങളുടെ വിത്തുല്പാദന കേന്ദ്രം തളിപ്പുഴയിൽ ആരംഭിച്ചു.



- കോവിഡ് കാലത്ത് മത്സ്യത്തൊഴിലാളികൾക്കായി 34.629 കോടി രൂപയുടെ പ്രത്യേക ധനസഹായ പദ്ധതികൾ.
- പൂട്ടിക്കിടന്ന പൊതുമേഖല കശുവണ്ടി ഫാക്ടറികൾ പൂർണ്ണമായി തുറന്നും സ്വകാര്യ മേഖലയ്ക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ഏറെക്കുറെ തുറന്നു പ്രവർത്തിപ്പിച്ചും കശുവണ്ടി വ്യവസായത്തിന് ഉണർവേകാൻ കഴിഞ്ഞു. ആറു വർഷത്തെ ഗ്രാറ്റിവിറ്റി കുടിശ്ശികയാണ് ഈ ഗവൺമെന്റ് കശുവണ്ടി തൊഴിലാളികൾക്ക് കൊടുത്ത് തീർത്തത്. രണ്ടു വർഷത്തെ ഗ്രാറ്റിവിറ്റി കൂടി കൊടുക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## കശുവണ്ടി വ്യവസായ വകുപ്പ്

- കാഷ്യൂ കോർപ്പറേഷനിൽ 2000 തൊഴിലാളികൾക്ക് പുതുതായി നിയമന ഉത്തരവ് നൽകി.
- കശുവണ്ടി വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ രംഗത്തെ ഫാക്ടറികൾക്ക് പലിശ ഇളവ് ലഭിക്കുന്നതിന് അഞ്ചു കോടി രൂപ അനുവദിച്ചു.




- കശുവണ്ടി വ്യവസായം ചെറുകിട- ഇടത്തരം വ്യവസായ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചു.
- കോവിഡ് കാലത്ത് ആശ്വാസ സഹായമായി സംസ്ഥാനത്തെ പൊതു സ്വകാര്യ കശുവണ്ടി തൊഴിലാളികൾക്ക് 1000 രൂപ വീതം നൽകി.

## ജലവിഭവ വകുപ്പ് വികസന പ്രവർത്തനങ്ങൾ



(കെ കൃഷ്ണൻകുട്ടി)

സംസ്ഥാനത്തെ 21.42 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് പൈപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുന്ന ജലജീവൻ മിഷൻ പദ്ധതി 2020 ഒക്ടോബർ 8-ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം




ചെയ്തു. ഈ പദ്ധതിയിലൂടെ കുടിവെള്ള വിതരണത്തിനായി 13,32,593 പുതിയ പൈപ്പ് കണക്ഷൻ നൽകി. 2024-ഓടെ 49.65 ലക്ഷം കുടുംബങ്ങൾക്ക് പൈപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നതാണ് പദ്ധതി. കേരള ചരിത്രത്തിലാദ്യമായാണ്
ഒരു സർക്കാർ അതിൻറെ അഞ്ച് വർഷം കൊണ്ട് 13.3 ലക്ഷം പുതിയ പൈപ്പ് കണക്ഷനുകൾ നൽകുന്നത്.മുൻ സർക്കാറിനേക്കാൾ രണ്ടര ഇരട്ടി കണക്ഷനുകൾ.
2020-21-ലെ ജല ജീവൻ മിഷൻ പദ്ധതി പ്രകാരം 586 വില്ലേജുകളിലെയും 380 പഞ്ചായത്തുകളിലെയും 23 ബ്ലോക്ക് പഞ്ചായത്തുകളിലെയും മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകാൻ കഴിയും.

ജല അതോറിറ്റി
ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജല അതോറിട്ടി ചെറുതും വലുതുമായ 89 പദ്ധതികൾ പൂർത്തീകരിച്ചു.
416 ദശലക്ഷം ലിറ്റർ കുടിവെള്ളം അധികമായി ഉത്പാദിപ്പിച്ചു. സംസ്ഥാനത്ത് നിലവിൽ 26,93,288 പേർക്ക് ജല അതോറിട്ടി കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്.
കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4,93,000 കണക്ഷനുകളാണ് നൽകിയത്.കഴിഞ്ഞ സർക്കാരിനേക്കാൾ 397294 അധിക കണക്ഷൻ നൽകാനായി.

ജലനിധി
ജലനിധി പദ്ധതി രണ്ടാം ഘട്ടം ആകെ 115 ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്.
ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 799.24 കോടി രൂപ ചിലവിൽ 1026 കുടിവെള്ളവിതരണ പദ്ധതികൾ പൂർത്തീകരിച്ചു. 1,76,045 ഭവനങ്ങൾക്ക് പുതിയതായി കുടിവെള്ളകണക്ഷനുകൾ നൽകി.

മറ്റ് വിവിധ പ്രവർത്തനങ്ങൾ

- കാർഷിക ആവശ്യത്തിനായി ഈ കാലയളവിൽ 12713 ഹെക്ടർ പ്രദേശത്ത് ജലം എത്തിച്ചു.
- നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ പുതിയ റാങ്കിങ്ങിൽ കേരളം രണ്ടാം സ്ഥാനത്തെത്തി.വെറും 0.67 പോയിന്റിന്റെ വ്യത്യാസത്തിലാണ് ദാമോദർ വാലി കോർപ്പറേഷൻ ഒന്നാം സ്ഥാനത്ത് എത്തിയത്. IDRB-യുടെ ഹൈഡ്രോളജി വിഭാഗത്തിന്റെ ചിട്ടയായ

പ്രവർത്തനത്തിലൂടെയാണ് ജലസേചന വകുപ്പിന് റാങ്കിങ്ങിൽ മുന്നിൽ എത്താൻ കഴിഞ്ഞത്.

- അരുവിക്കരയിൽ കുപ്പിവെള്ള നിർമാണ പ്ലാന്റിന്റെ നിർമാണം പൂർത്തീകരിച്ച്, വിപണിയിൽ കുടിവെള്ളം എത്തിക്കാൻ ആരംഭിച്ചു.
- ഇന്ത്യയിൽ ആദ്യമായി വ്യവസ്ഥാപിത മാർഗത്തിൽക്കൂടി ഡാമുകളുടെ ഡീസിൽറ്റേഷൻ നടപ്പാക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചു. ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലും മണലും നീക്കംചെയ്ത്  സംഭരണശേഷി വർധിപ്പിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു.
- തോട്ടപ്പള്ളി പൊഴി റെക്കോഡ് വേഗതയിൽ ആഴംകൂട്ടി തുറന്നു ന ൽകിയതിനാൽ കുട്ടനാട് നേരിടുന്ന വെള്ളപ്പൊക്ക ഭീഷണിക്ക് പരിഹാരം കാണാനായി.
- വിള വർധനയ്ക്കായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിക്ക് തു ടക്കം കുറിച്ചു.
- പുഷ്ത്രു സംവിധാനം സംസ്ഥാനത്ത് ആദ്യമായി അവതരിപ്പിച്ച് ഒരുപാട് കാലമായി മുടങ്ങിക്കിടന്ന ഇടമലയാർ ജലസേചന പദ്ധതിയുടെ  ലോ ലെവൽ കനാൽ ജലമൊഴുക്കിന് സാകര്യപ്പെടുത്തി.
- കുടിവെള്ള വിതരണം, സീവറേജ് സംവിധാനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനായി ജല അതോറിട്ടിയിൽ ആദ്യമായി 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ നമ്പർ 1916 നിലവിൽ വന്നു.
- മഴ നിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകി.
- കാലാനുസൃതമായ രീതികൾ നടപ്പാക്കുന്നതിനായി ഇന്നവേഷൻ ഹബ് രൂപീകരിച്ചു.
- സംസ്ഥാനത്ത് പുതിയതായി ഒരു ജലസേചന പദ്ധതിക്ക് തുടക്കം കുറിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു.
- അട്ടപ്പാടിയിൽ പുതിയ ഡാം അടക്കം 497 കോടി രൂപയുടെ ജലസേചന പദ്ധതിയാണ് തയാറാക്കിയിട്ടുള്ളത്.
- പ്രളയം നിയന്ത്രിക്കാനായി വിവിധ നദികളിൽ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമിക്കും. ഇതിനുള്ള പദ്ധതി രൂപരേഖ തയാറാക്കാൻ വോയന്റ്സ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി, പ്രവൃത്തി പുരോഗമിക്കുന്നു. ഡാമുകളുടെ പുനരുദ്ധാരണത്തിനും മെച്ചപ്പെടുത്തലിനുമായി 327 കോടിയുടെ പദ്ധതി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്നു.
- പ്രളയ നിയന്ത്രണത്തിനായി ഡാമുകളും റെഗുലേറ്ററുകളും നിർമിക്കാൻ നടപടി സ്വീകരിച്ചു. 20 നദികളിലായി 28 റെഗുലേറ്ററുകൾ നിർമിക്കാൻ തീരുമാനിച്ചു.



- 256.60 കോടിയുടെ പദ്ധതികളാണ് റീബിൽഡ് കേരളയ്ക്ക് കീഴിൽ ജല അതോറിട്ടി വിഭാവനം ചെയ്യുന്നത്.
- ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ 390 km നീളത്തിൽ പുഴകൾ ശുചീകരിച്ചു. 41,529 km നീളത്തിൽ തോടുകളും, 54,362 കിണറുകളും ശുചീകരിച്ചു കഴിഞ്ഞു.
- ഹരിതകേരള മിഷനിലൂടെ വിവിധ വകുപ്പുകളെ സഹകരിപ്പിച്ചു ജലസ്രോതസുകളുടെ പുനരുജ്ജീവനം ലക്ഷ്യം വെച്ചുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. നീർച്ചാൽ പുനരുജ്ജീവന പരിപാടിയായ “ഇനി ഞാനൊഴുകട്ടെ” നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ധാരാളം ജലസ്രോതസുകൾക്ക് പുതുജീവൻ നൽകി.
- മഴവെള്ള സംഭരണ ഭൂജല പരിപോഷണം ത്തിന്റെ ഭാഗമായി 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും 10 ഗ്രാമപഞ്ചായത്തിലെ 1000 കുടുംബങ്ങൾക്ക് വിതരണം ചെയ്തു. 840 സർക്കാർ സ്കൂളുകൾക്ക് 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നൽകി.
- 1974 ൽ ആവിഷ്കരിച്ച മൂവാറ്റുപുഴ ജലസേചന പദ്ധതി മൂന്നര പതിറ്റാണ്ടിനുശേഷം യാഥാർത്ഥ്യമായി.



- ഈ കാലയളവിൽ ജലവിഭവ വകുപ്പ് കൈവരിച്ച മറ്റൊരു പ്രധാന നേട്ടം, കഴിഞ്ഞ 12 വർഷമായി മുടങ്ങിക്കിടന്ന അങ്കമാലി നഗരസഭയിലെയും നെടുമ്പാശ്ശേരി പഞ്ചായത്തിലെയും വരൾച്ചാ ബാധിത പ്രദേശങ്ങളെ ജലസമൃദ്ധമാക്കാൻ ലക്ഷ്യമിട്ടുള്ള ഇടമലയാർ ലോ ലെവൽ കനാൽ പദ്ധതി നവീനസാങ്കേതിക വിദ്യ ഉപയോഗിച്ച് പൂർത്തിയാക്കി.
- ചിറ്റൂരിലെ കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് ആക്കം കൂട്ടാനും ജില്ലയിലെ വരൾച്ചാ ബാധിത പ്രദേശമായ കിഴക്കൻ മേഖല ഉൾപ്പെടുന്ന സ്ഥലങ്ങളിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നതിനായി പുനരുദ്ധരിച്ച മൂലത്തറ റെഗുലേറ്റർ നാടിന് സമർപ്പിച്ചു.



- പെരുമാട്ടി, പട്ടഞ്ചേരി, നല്ലേപ്പിള്ളി, എലപ്പുള്ളി പഞ്ചായത്തുകൾക്കായി കുന്നംകാട്ടുപതിയിൽ സ്ഥാപിച്ച സമഗ്ര കുടിവെള്ള പദ്ധതി ജലശുദ്ധീകരണശാലയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു.

## തദ്ദേശ സ്വയംഭരണ വികസന പ്രവർത്തനങ്ങൾ

(എ.സി. മൊയ്തീൻ)



തദ്ദേശ സ്വയംഭരണ വികസന രംഗത്ത് വലിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ച അഞ്ചുവർഷമാണ് കടന്നുപോയത്.

- ഉപാധിരഹിത ഫണ്ടിൽ വൻ വർധനവ് : വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിങ്ങനെ മൂന്ന് ഇനങ്ങളിലായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഉപാധിരഹിത ഫണ്ടിൽ (Untied Fund) 73% വർധനവ് വരുത്തി. കഴിഞ്ഞ സർക്കാർ അഞ്ച് വർഷം കൊണ്ട് 30,610 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഈ സർക്കാർ 52,903 കോടി രൂപ അനുവദിച്ചു.
- കുടിവെള്ള വിതരണം, മാലിന്യ പരിപാലനം, നഗര ശുചീകരണം, വാഹന പാർക്കിങ്, നഗരങ്ങളുടെ മനോഹാരിത വർധിപ്പിക്കൽ എന്നിങ്ങനെ നിരവധി നഗര വികസനത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 7093.44 കോടി രൂപയുടെ പ്രത്യേക വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്.
- മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 2100 കോടി രൂപയുടെ വായ്പയാണ് സർക്കാർ ലഭ്യമാക്കുന്നത് . ഇതിൽ ലോകബാങ്കിന്റെ വിഹിതം 1420 കോടി രൂപയും കേരള സർക്കാരിന്റെ വിഹിതം 630 കോടി രൂപയുമാണ്.
- 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ഓർഡിനൻസ് ഇറക്കി.




- തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിയ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾക്കായി 1460.21 കോടി രൂപയുടെ 4194 പദ്ധതികളാണ് നടപ്പിലാക്കിയത്. 188 പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾക്കായി 23 കെട്ടിടങ്ങൾ, 23 ആശുപത്രി കെട്ടിടങ്ങൾ എന്നിവ ഇക്കാലയളവിൽ തദ്ദേശസ്ഥാപനങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്.
- പൊതു വിദ്യാഭ്യാസയജ്ഞത്തെ ശക്തിപ്പെടുത്താൻ 39,167 പദ്ധതികളിലായി 2001.06 കോടി രൂപയാണ് തദ്ദേശസ്ഥാപനങ്ങൾ ചെലവഴിച്ചത്.1285 ക്ലാസ് മുറികളും, 1845 സ്മാർട്ട് ക്ലാസ് റൂമുകളും 132 ലാബുകളും കഴിഞ്ഞ നാലു വർഷം കൊണ്ട് നിർമിക്കാൻ കഴിഞ്ഞു.




| | | UDF (2011-016) | LDF (2016-021) |
|---|---|---|---|
| 1 | കുടുംബശ്രീ അംഗത്വം | 40 ലക്ഷം | 45 ലക്ഷം |
| 2 | കുടുംബശ്രീ വായ്പ | 5717 കോടി രൂപ | 11,804 കോടി രൂപ |

- കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സുഭിക്ഷ കേരളം പദ്ധതിക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക

പദ്ധതികൾ ഭേദഗതി ചെയ്ത് പദ്ധതികൾ നടപ്പിലാക്കാൻ 2238 കോടി രൂപ വകയിരുത്തി. 316 .36 കോടി രൂപയുടെ വർധനവ്.

- ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള പ്രസ്ഥാനമായ കുടുംബശ്രീയെ ശക്തിപ്പെടുത്തി. 2.96 ലക്ഷം അയൽക്കൂട്ടങ്ങളിലായി 45 ലക്ഷം പേർ ഇന്ന് കുടുംബ്രശ്രീ അംഗങ്ങളാണ്.
- 2017 ൽ കുടുംബശ്രീ NRO ക്ക് മികച്ച പ്രവർത്തനത്തിന് ദേശീയ അവാർഡ് ലഭിച്ചു.
- 20 രൂപക്ക് ഊണ്, 10% ഊണ് സൗജന്യമായി നൽകുക എന്നീ ലക്ഷ്യങ്ങളോടെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് തുടക്കമിട്ടു. ഇപ്പോൾ 850 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നു.




- കോവിഡ് 19 മഹാമാരി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കോവിഡ് ഫസ്റ്റ് ലൈൻ സെന്ററുകളുടെ നടത്തിപ്പ്, വാർഡ് സമിതികളുടെ സംഘാടനം, റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തനം, സുഭിക്ഷ കേരളം, കമ്മ്യൂണിറ്റി കിച്ചൻ പദ്ധതികൾ നടപ്പാക്കി.



- 2,439 ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സെന്ററുകളും 1374 കമ്മ്യൂണിറ്റി കിച്ചനുകളും ഈ കാലയളവിൽ പ്രവർത്തിച്ചിരുന്നു.




- സംസ്ഥാനത്തെ ഗ്രാമീണമേഖലയെ സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തമായി പ്രഖ്യാപിച്ചു.
- അമൃത് പദ്ധതിയിൽ നാലു വർഷമായി മികച്ച പ്രവർത്തനത്തിനുള്ള ദേശീയ അവാർഡ് നേടി. 59.52 കോടി രൂപ പ്രോത്സാഹന സമ്മാനമായി ലഭിച്ചു.
- ദീന്ദയാൽ ഉപാധ്യായ പഞ്ചായത്ത് ശാക്തീകരൺ പുരസ്കാരത്തിന് ആറു തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹരായി.
- കുടുംബശ്രീ ജോബ് പോർട്ടൽ: സംസ്ഥാനത്ത് തൊഴിൽ ആവശ്യമുള്ളവരുടെയും തൊഴിൽ കണ്ടെത്താൻ നൈപുണ്യ പരിശീലനം ആവശ്യമുള്ളവരുടെയും രജിസ്ട്രേഷനുള്ള ജോബ് പോർട്ടൽ കുടുംബശ്രീ മിഷൻ തയ്യാറാക്കി.

**ഭരണനിർവഹണത്തിനുള്ള ISO അംഗീകാരം**

| | | മുൻ സർക്കാർ | പിണറായി സർക്കാർ |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തുകൾ | 162 | 939 |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | 0 | 152 |

## വനം മൃഗസംരക്ഷണം വകുപ്പ് വികസന പ്രവർത്തനങ്ങൾ



(കെ. രാജു)

### വനം

- ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തുടർച്ചയായി നാലാം വർഷവും വനാവരണ വർധനവ് വരുത്തിയതിൽ ഇന്ത്യയിലെ മൂന്നാം സ്ഥാനം കേരളത്തിന് ലഭിച്ചു.
- പുതുതായി കരിമ്പുഴ വൈൽഡ് ലൈഫ് സാങ്ച്വറി രൂപീകരിച്ചു. മലപ്പുറം ജില്ലയിലെ ന്യൂ അമരമ്പലം സംരക്ഷിത വനവും, വടക്കേക്കോട്ട മലവാരം നിക്ഷിപ്ത വനവുമടങ്ങുന്ന കരിമ്പുഴ സംസ്ഥാനത്തെ പതിനെട്ടാമത്തെ വന്യജീവി സങ്കേതമാണ്. ഈ മേഖലയിലെ അപൂർവ സസ്യജന്തുജാലങ്ങളുടെ സംരക്ഷണവും ലക്ഷ്യം.




- തദ്ദേശീയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്ന പദ്ധതി ആരംഭിച്ചു.
- എൻ്റെ മരം പദ്ധതി വഴി സ്കൂൾ കുട്ടികൾക്കും ഹരിത കേരളം മിഷന്റെ ഭാഗമായി 271.45 ലക്ഷം വൃക്ഷതൈകൾ വിതരണം ചെയ്തു.
- നട്ട വൃക്ഷതൈകളുടെ അതിജീവന കണക്കെടുപ്പ് നടത്തി.
- വൃക്ഷലതാദികളുടെ പുഷ്ടിയോടെയുള്ള വളർച്ചയ്ക്കും വ ന്യജീവികൾക്ക് ആവശ്യത്തിന് കുടിനീരിന്റെ ലഭ്യത വർധിപ്പിക്കാനും വനത്തിനുള്ളിൽ 350 ചെക്ക് ഡാമുകൾ നിർമിച്ചു.
- ഇക്കോടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി.
- വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടി ആ സമൂഹത്തിന് വനാവകാശ നിയമ പ്രകാരമുള്ള 25664 വ്യക്തിഗത അവകാശങ്ങളും 174 കമ്മ്യൂണിറ്റി റൈറ്റ്സും, വികസനാവകാശരേഖ 464 എണ്ണവും നൽകി.
- ആദിവാസികൾ ശേഖരിച്ച് , സംഭരിച്ച് മൂല്യവര്ധനവ് നടത്തി വനശ്രീ വിപണന ശാലകൾ വഴി വിപണനം നടത്തുന്നു.
- വനത്തിനുള്ളിലെ ജലാശയങ്ങളും നദികളും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.169 കുളങ്ങൾ വൃത്തിയാക്കി നൂറുകണക്കിന് ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും സംരക്ഷിക്കാനും നടപടികളെടുത്തു. പുഴയോര തീരസംരക്ഷണത്തിന്റെ ഭാഗമായി പമ്പാ തീരത്ത് 72.5km തീരത്ത് മുളകൾ വെച്ചു പിടിപ്പിച്ചു.



- ഏഷ്യയിലെ ഏറ്റവും വലിയ സുവോളജിക്കൽ പാർക്ക്: നൂറ്റാണ്ടുകൾ പഴക്കമുള്ള തൃശൂർ മൃസിയവും മൃഗശാലയും വിശാലമായ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റി സ്ഥാപിച്ചു.തൃശ്ശൂർ പട്ടണത്തിൽ നിന്ന് 12 കിലോമീറ്റർ അകലെ പുത്തൂരിൽ 338 ഏക്കറിൽ ലോക നിലവാരത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ സുവോളജിക്കൽ പാർക്കിന്റെ ഒന്നാംഘട്ട ഉദ്ഘാടനം നടന്നു. രണ്ടു ഘട്ടങ്ങളിലായി 278.75 കോടി കിഫ്ബി വഴി അനുവദിച്ചു. അന്താരാഷ്ട്ര മൃഗശാല ഡിസൈനർ ജോൺ കോ രൂപകൽപന ചെയ്ത ഈ മൃഗശാല സവിശേഷമായ അത്യാധുനിക രൂപകൽപനയുള്ള രാജ്യത്തെ ആദ്യത്തെ മൃഗശാലയായി മാറും. മൃഗങ്ങളെ കൂട്ടിലടച്ച് പ്രദർശിപ്പിക്കുന്ന പരമ്പരാഗത രീതിക്കു പകരം ഓരോ ഇനം ജീവിയെയും സ്വാഭാവിക ആവാസ വ്യവസ്ഥയിൽ തുറസ്സായ സ്ഥലത്ത് പ്രദർശിപ്പിക്കും.
- കാട്ടുതീ തടയുന്നതിനുള്ള പ്രത്യേക വാഹനത്തിന്റെ സേവനം ആരംഭിച്ചു.




## മൃഗസംരക്ഷണം


- ബ്ലോക്കടിസ്ഥാനത്തിൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേ വനം നൽകാൻ സംവിധാനമേർപ്പെടുത്തി.
- സഞ്ചരിക്കുന്ന മൃഗാശുപത്രികൾ / ജില്ലാതല ക്ലിനിക്കൽ ലാബുകൾ, ഒരു മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപ്രതി സംസ്ഥാനതല രോ ഗാരോഗനിർണ്ണയ കേന്ദ്രം എന്നിവയും ആരംഭിച്ചു.
- സംസ്ഥാനം ക്ഷീരസഹകരണ മേഖലയിൽ സ്വയം പര്യാപ്തത കൈവരിച്ചു. നിലവിൽ 3643 ക്ഷീരസഹകരണ സംഘങ്ങളിൽ കൂടി പ്രതിദിനം 20.83 ലക്ഷം ലിറ്റർ പാൽ സംഭരിച്ചു വരുന്നു.

**പാൽ ഉത്പാദനം സ്വയം പര്യാപ്തതയിലേക്ക്**

| | | മുൻ സർക്കാർ | പിണറായി സർക്കാർ |
|---|---|---|---|
| 1 | അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ ഇറക്കുമതി | 4 ലക്ഷം ലിറ്റർ | 1.5 ലക്ഷം |
| 2 | പാൽ ഉത്പാദനം | 26180.42 ലക്ഷം ലിറ്റർ | 31421.38 ലക്ഷം ലിറ്റർ |

- കടക്കെണിയിലായ ക്ഷീരകർഷകർക്ക് ധന സഹായമായി 5 കോടി രൂപ ഈ സർക്കാർ അനുവദിച്ചതു വഴി 2285 കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുവാൻ സാധിച്ചു.
- സർക്കാർ ധനസഹായത്തോടെ ക്ഷീരസാന്ത്വനം' എന്ന സമഗ്ര ഇൻഷുറൻസ് പരിരക്ഷാ പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നു.

## തുറമുഖം മ്യൂസിയം പുരാവസ്തുവകുപ്പ് വകുപ്പ് വികസന പ്രവർത്തനങ്ങൾ



(രാമചന്ദ്രൻ കടന്നപ്പള്ളി)

### തുറമുഖം

- തുറമുഖങ്ങളുടെ വികസനത്തിനായി കേരള ബോർഡ് രൂപീകരിച്ചു
- കപ്പൽച്ചാലുകളിലെ പരമ്പരാഗത മണൽവാരലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന മാഫിയകളെ പൂർണമായും ഒഴിവാക്കി പുതിയ മണൽ നയം ആവിഷ്കരിച്ചു നടപ്പാക്കി.



- പൊന്നാനി തുറമുഖത്ത് PPP അടിസ്ഥാനത്തിൽ മണൽ ശുദ്ധീകരണശാല
- കൊല്ലം തുറമുഖത്ത് പുതിയ പാസഞ്ചർ ടെർമിനൽ സ്ഥാപിച്ചു
- വിഴിഞ്ഞം തുറമുഖത്തെ അന്താരാഷ്ട്ര ക്രൂചേഞ്ചിങ് ആൻഡ് ബാങ്കിങ് ടെർമിനലായി പ്രഖ്യാപിച്ചു.



- ബേപ്പൂർ ,കൊല്ലം തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനം പുതിയ മോട്ടോർ ടഗ്ഗുകൾ ഉൾപ്പെടെ നടപ്പാക്കി.
- കൊല്ലത്തും നീണ്ടകരയിലുമുള്ള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നവീകരിച്ച് ഹ്രസ്വകാല കോഴ്സുകൾ ആരംഭിച്ചു.




- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണം അന്തിമഘട്ടത്തിൽ. തുറമുഖത്തിന്റെ പോർട്ട് ഓഫീസ് നിലവിൽ വന്നു.
- കണ്ണൂർ മലബാർ അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമാണത്തിന് പ്രത്യേക കമ്പനി രൂപീകരിച്ചു.

### മ്യൂസിയം പുരാവസ്തുവകുപ്പ്

- എല്ലാ ജില്ലകളിലെയും ജില്ലാ പൈതൃക മ്യൂസിയം പദ്ധതികൾ.
- ഹാൻഡ്‌വീവ് കോംപ്ലക്സിലെ പൈതൃക കെട്ടിടത്തിൽ കണ്ണൂരിൽ ഹാ ൻഡ്‌വീവ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി.
- തിരുവനന്തപുരം Napier Museum നവീകരണം
- തിരുവനന്തപുരത്തെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം നവീകരിച്ചു.



- സെൻട്രൽ ആർക്കൈവ്സ് കെട്ടിടത്തിന്റെ സംരക്ഷണം പൂർത്തിയായി.
- പ്രമുഖരുടെ ഒപ്പുകൾ ചിത്രീകരിക്കുന്ന ഒരു സിഗ്നേച്ചർ മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിച്ചു.
- കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി നടപ്പിലാക്കി.
- മഹാത്മാഗാന്ധിയുടേയും കുമാരനാശാൻ, ഒ.എൻ.വി.,പി. കേശദേവ് തുടങ്ങിയ പ്രശസ്ത എഴുത്തുകാരുടെയും കൈയെഴുത്തുപ്രതികൾ ആർക്കൈവ്സ് വകുപ്പും അതിന്റെ ഡിജിറ്റൽ പകർപ്പ് സ്റ്റേറ്റ് ആർക്കൈവിലും സൂക്ഷിച്ചിരിക്കുന്നു.
- കേരളവും Dutch-മായി ബന്ധപ്പെട്ട ആർക്കൈവുകൾ കൈമാറ്റം ചെയ്യുന്നതിനായി നെതർലാൻഡ്സ്, കേരള വകുപ്പുകൾ തമ്മിൽ MOU ഒപ്പുവച്ചു.



- Archives, Archaeology വകുപ്പുകൾക്കായുള്ള പ്രത്യേക നിയമങ്ങൾ പരിഷ്കരിച്ചു.
- കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ International Study & Research Centre in Archives ഒരു അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതിക്ക് ശിലാസ്ഥാപനം നിർവഹിച്ചു. നിർമ്മാണത്തിന് ആറ് കോടി രൂപ അനുവദിച്ചു.

## തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് വികസന പ്രവർത്തനങ്ങൾ



(ടി.പി. രാമകൃഷ്ണൻ)

### തൊഴിലും നൈപുണ്യവും

**ജനക്ഷേമ- തൊഴിലാളിപക്ഷ ബദൽ ഉയർത്തിപിടിക്കുകയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്ത അഞ്ചുവർഷമാണ് കേരളം പിന്നിടുന്നത്.**

- തൊഴിൽ സൗഹൃദ-നിക്ഷേപസൗഹൃദ സംസ്ഥാനമെന്ന പദവിയിലേക്ക് ഉയർത്താൻ സർക്കാരിന് കഴിഞ്ഞു.
- ജോലി ചെയ്യാതെ കൂലി വാങ്ങുന്നതും അമിതകൂലി ആവശ്യപ്പെടുന്നതും നിയമം മൂലം തടഞ്ഞു.
- ഏറ്റവും ഉയർന്ന മിനിമം വേതനമുള്ള സംസ്ഥാനം
- അസംഘടിതമേഖല അടക്കം എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധികൾ മുഖേന സാമൂഹ്യസുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തി .
- പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ കാലോചിതമായി വർധിപ്പിച്ചു.
- തൊഴിലാളികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താൻ ഇഎസ്ഐ പദ്ധതി സംസ്ഥാനവ്യാപകമാക്കി.




- അസംഘടിത മേഖലയിലെ വേതനം കുറഞ്ഞ തൊഴിലാളികൾക്ക് ജനനി പദ്ധതിയിൽ അപ്പാർട്ട്മെന്റുകളൊരുങ്ങുന്നു. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ ഭവനം ഫൗണ്ടേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പെരുമ്പാവൂരിനടുത്ത് പോഞ്ഞാശ്ശേരിയിൽ 715 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 290 അപ്പാർട്മെന്റുകളുടെ നിർമാണം നാലു ടവറുകളിലായി പുരോഗമിക്കുകയാണ്.
- തൊഴിലാളി അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ : ഇരിപ്പിടം അവകാശമാക്കിയതും അൺ എയ്ഡഡ് വിദ്യാഭ്യാസമേഖലയിൽ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് ബാധകമാക്കിയതും ഇവയിൽ ചിലത്
- 4,34,280 ഇതരസംസ്ഥാന തൊഴിലാളികൾക്ക് 21,556 ക്യാമ്പുകൾ സജ്ജീകരിച്ച് ഭക്ഷണവും താമസ സൗകര്യവും നൽകി.




- നൈപുണ്യ ശേഷി വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു.
- വൈവിധ്യവത്കരണത്തിൻറെയും ആധുനികവത്കരണത്തിൻറെയും പാതയിലൂടെ കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ തൊഴിലും പരിശീലനവും വ്യക്തിത്വവികാസവും പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളായി മാറി.

- 17 പുതിയ ITI-കൾ തുടങ്ങി. 5 ITI-കൾ കൂടി ഉടൻ പ്രവർത്തനമാരംഭിക്കും.
- തൊഴിലന്വേഷകരുടെ സാങ്കേതികവൈദഗ്ധ്യം ഉയർത്തുന്നതിനായി കൊല്ലം ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ ആരംഭിച്ചു.
- ഒക്കുപ്പേഷണൽ സേഫ്റ്റി ആൻഡ് ഹെൽത്ത് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. വ്യവസായശാലകളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇന്ത്യയിൽ ആദ്യമായാണ് സംസ്ഥാന സർക്കാറിന് കീഴിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് എറണാകുളത്തെ കാക്കനാട് ആണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്.
- തൊഴിലന്വേഷകർക്ക് വഴികാട്ടിയായി സംസ്ഥാന ജോബ് പോർടലും സ്കിൽ രജിസ്ട്രിയും നിലവിൽ വന്നു.
- ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ ഉപജീവനമാർഗം നൽകുന്ന "കൈവല്യ" ആരംഭിച്ചു.
- 50-65 പ്രായപരിധിയിലുള്ളവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ധനസഹായം നൽകുന്ന "നവജീവൻ" പദ്ധതി ആരംഭിച്ചു.
- കേരളത്തിൽ നിന്ന് നഴ്സുമാരെ നിയമിക്കുന്നതിനായി ഇംഗ്ലണ്ടിലെ ആരോഗ്യ വിദ്യാഭ്യാസ മന്ത്രാലയുവുമായി ധാരണാപത്രം ഒപ്പിട്ടു.

## എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ അടിമുടി മാറ്റം വന്ന അഞ്ച് വർഷങ്ങൾ. ശക്തമായ എൻഫോഴ്സ്മെന്റ്; "വിപുലമായ ലഹരി വിരുദ്ധ ബോധവത്കരണം" എന്നിങ്ങനെ ഇരട്ട ദൗത്യമാണ് വകുപ്പ് നിർവഹിക്കുന്നത്.




- ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്തകേരളം" എന്ന ലക്ഷ്യം മുൻനിർത്തി ലഹരിമാഫിയയെ തുടച്ചുനീക്കാൻ അതിശക്തമായ നടപടികൾ ഈ കാലയളവിലുണ്ടായി.

- മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള അനധികൃത ലഹരി പദാർഥങ്ങൾ കടത്തിക്കൊണ്ടുവരുന്നതും വിൽപ്പന നടത്തുന്നതും കർശനമായി തടഞ്ഞു.
- ലഹരിവേട്ടയ്ക്ക് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് രൂപം നൽകി.
- ലഹരി കേസുകൾ കൈകാര്യം ചെയ്യുന്നതിനും എൻഫോഴ്സ്മെന്റിന് കൂടുതൽ കരുത്ത് പകരാനും യഥാർഥ കുറ്റവാളികളെ വലയിലാക്കാനും എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിച്ചു.




- എല്ലാ ജില്ലകളിലും De-addiction കേന്ദ്രങ്ങൾ ആരംഭിച്ചു. ചികിത്സയും പുനരധിവാസവും ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ആധുനിക നിലവാരത്തിലുള്ള ഡീ അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- NGO-കൾ, സാംസ്കാരിക / കായികം, റെസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് മയക്കുമരുന്ന് വിരുദ്ധ മിഷൻ ന്റെ ഭാഗമായി “വിമുക്തി” എന്ന പദ്ധതി ആവിഷ്കരിച്ചു.
- പ്രൊഫഷണൽ സ്ഥാപനങ്ങൾ ഉൾപ്പെടെ സ്കൂളുകളിലും കോളേജുകളിലും 5,741 മയക്കുമരുന്ന് വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചു.
- 25 ആദിവാസി യുവാക്കൾക്കായി പ്രത്യേക നിയമനം ആരംഭിച്ചു.
- 138 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിച്ചു.
- എക്സൈസ് വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കാനും അപേക്ഷ സമർപ്പിക്കുന്നതുൾപ്പെടെ എല്ലാ ലൈസൻസ്, നടപടി ക്രമങ്ങളും 2017 മുതൽ ഓൺലൈനാക്കി.
- എക്സൈസ് സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നവീകരണം ത്വരിതപ്പെടുത്തി.
- ചേർത്തല, ഇടുക്കി, തങ്കമണി, ഉടുമ്പഞ്ചോല, മനന്തവാടി, ബദിയടുക്ക, മട്ടന്നൂർ എക്സ്ചേഞ്ച് റേഞ്ച് ഓഫീസുകൾ 100 ദിവസത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.
- എക്സൈസ് വകുപ്പിന്റെ "ഹലോ എക്സൈസ്" മൊബൈൽ ആപ്പ് നിലവിൽ വന്നു. ആപ്പ് ഉപയോഗിച്ച് ഏതൊരാൾക്കും അബ്കാരി, ലഹരിമരുന്ന് കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും , പരാതികളും എക്സൈസ് വകുപ്പിനെ അറിയിക്കാവുന്നതാണ് . സംസ്ഥാനത്തെ ലഹരി കടത്തും ഉപഭോഗവും കുറയ്ക്കുന്നതിന്റെ ഭാഗമായാണ് മൊബൈൽ ആപ്പ് തയാറാക്കിയിരിക്കുന്നത്.

## ഗതാഗത വകുപ്പ് വികസന പ്രവർത്തനങ്ങൾ



(എ.കെ. ശശീന്ദ്രൻ)

സുരക്ഷിതമായി സൗകര്യപ്രദമായി യാത്രചെയ്യാനുള്ള സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗതാഗത വകുപ്പ് പ്രവർത്തിച്ചത്.

- റോഡപകടങ്ങളുടെ കാര്യത്തിൽ ഇന്ത്യയിൽ മുൻനിരയിലുണ്ടായിരുന്ന കേരളത്തിൽ അപകടമരണ നിരക്ക് കുറയ്ക്കാൻ സാധിച്ചു.
- എല്ലാ താലൂക്കുകളിലും ഒരു സബ്ബ് ആർ.ടി. ഓഫീസ് വീതം ആരംഭിക്കുന്ന പദ്ധതിയുടെ ഭാഗമായി ഈ കാലയളവിൽ 13 പുതിയ സബ്ബ് ആർ.ടി ഓഫീസുകൾ ആരംഭിച്ചു.
- മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഫയൽ നടപടികൾ ഓൺലൈനിലേക്ക് മാറിക്കഴിഞ്ഞു, മിക്കവാറും സർവ്വീസുകൾ എല്ലാം തന്നെ ഓൺലൈനായി ബുക്ക് ചെയ്യാവുന്നതാണ്. ലൈസൻസ്/ പെർമിറ്റ് പുതുക്കലുകൾക്ക് വിദേശ ഇന്ത്യക്കാർക്ക് ഇനി ഓഫീസിൽ ഹാജരാകേണ്ടതില്ല.
- കേരളത്തിൽ വർധിച്ചു വരുന്ന അപകടങ്ങൾ നിയന്ത്രിച്ച് വാഹനാപകടങ്ങളുടെയും മരണങ്ങളുടെയും എണ്ണം പ്രതിവർഷം 10 ശതമാനം വീതം കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ "സേഫ് കേരള പദ്ധതി" ന ടപ്പിലാക്കാൻ തീരുമാനിച്ചു
- പൊതുഗതാഗത വാഹനങ്ങളിൽ വി.എൽ.ടി.ഡി (ജി.പി.എസ്) ഘടിപ്പിക്കണമെന്ന നിബന്ധന വെച്ചു




- ദേശീയ സംസ്ഥാന പാതകളിൽ അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.
- പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനായി പരമ്പരാഗത ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാനും ഇലക്ട്രിക്ക് വാഹങ്ങളുടെ പ്രോത്സാഹനത്തിനും ആയി സംസ്ഥാന ഇലക്ട്രിക് വെഹിക്കിൾ പോളിസിയ്ക്ക് രൂപം നൽകി.
- KSRTC-യുടെ തിരുവനന്തപുരത്ത് നിന്നുള്ള സൂപ്പർ ക്ലാസ് ബസ്സുകളുടെ സർവ്വീസ് സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ് ടെർമിലിൽ നിന്ന് ആരംഭിക്കും. കേരളത്തിലെ തന്നെ ആദ്യത്തെ ശീതികരിച്ച ബസ് ടെർമിനലാണ് ഇത്.




- വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനത്തിലൂടെ ഇന്റലിജന്റ്സ് ട്രാൻസ്പോർട്ട് സിസ്റ്റത്തിൽ അധിഷ്ഠിതമായ നഗരഗതാഗത സേവനം മെച്ചപ്പെടുത്താൻ സംസ്ഥാനത്തെ ആദ്യത്തെ

മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയായ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നിലവിൽ വന്നു.

- ഇന്ത്യയിലെ ആദ്യത്തെ സോളാർ യാത്രാബോട്ട് “ആദിത്യ”, ഇന്ത്യയിലെ ആദ്യത്തെ “വാട്ടർ ടാക്സി” എന്നിവ നടപ്പിൽ വരുത്തി.
- കേരളത്തിൽ ആദ്യമായി “വാട്ടർ ആംബുലൻസ്” സർവ്വീസ് ആരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്ടർ ആംബുലൻസിൽ പ്രാഥമിക ശുശ്രൂഷയ്ക്ക് ആവശ്യമായ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്ക സമയത്ത് ജലഗതാഗത വകുപ്പിന്റെ ഈ വാട്ടർ ആംബുലൻസുകൾ നിരവധിപേർക്ക് താങ്ങായി.



- അതിവേഗ എ.സി ബോട്ടായ “ലക്ഷ്യ”സർവ്വീസ് ആരംഭിച്ചു.
- 100 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന രണ്ട് ഹള്ളുള്ള “കറ്റാമറൈൻ ബോട്ട് സർവ്വീസ് ആരംഭിച്ചു.
- സാധാരണ ബോട്ടിന്റെ ഏതാണ്ട് ഇരട്ടിവേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന അതിവേഗ എ.സി ബോട്ടായ
- “വേഗ 120” സർവ്വീസ് ആരംഭിച്ചു. വൈക്കത്ത് നിന്നും 1.45 മണിക്കൂർ കൊണ്ട് കൊച്ചിയിൽ എത്തിച്ചേരും.
- “സീ കുട്ടനാട്” എന്ന പദ്ധതിയുടെ ഭാഗമായി കോട്ടയം ആലപ്പുഴ-കുമരകം റൂട്ടിൽ 120 പേർക്ക് സഞ്ചരിക്കാവുന്ന അതിവേഗ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവ്വീസ് “വേഗ 2” സർവ്വീസ് ആരംഭിച്ചു.
- കെ.എസ്.ആർ.ടി.സിയ്ക്ക് ധനസഹായമായി 5000 കോടി രൂപ അനുവദിച്ചു
- കെ.എസ്.ആർ.ടി.സി.ബസ് ഓൺ ഡിമാൻഡ് (BOND) എന്ന പേരിൽ സ്ഥിരയാത്രക്കാർക്കായി ആരംഭിച്ചു.




- മൊബൈലിൽ ടിക്കറ്റ് ബുക്കുചെയ്യുന്നതിനും മൊബൈൽ റിസർവേഷൻ ആപ്ലിക്കേഷൻ ‘EnteKSRTC’ നിലവിൽ വന്നു.



- സംസ്ഥാനത്ത് ഒരു ഇന്റർനാഷണൽ ഡ്രൈവിങ് ടെസ്റ്റിങ് ട്രാക്ക് കം ഡ്രൈവർ കോച്ചിങ് സെന്റർ ആരംഭിക്കുന്നതിനായി 35.42 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി. ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ വിദേശ രാജ്യങ്ങളിൽ ജോലി തേടിപോകുന്നവർക്ക് അനായാസമായി അവിടുത്തെ ഡ്രൈവിങ് ലൈസൻസ് ലഭിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടും.

## ഭക്ഷ്യ-പൊതുവിതരണ വകുപ്പ് വികസന പ്രവർത്തനങ്ങൾ

(പി. തിലോത്തമൻ)



**കേരളത്തിലെ പൊതുവിതരണ സംവിധാനവും അടിമുടി മാറിയ വർഷങ്ങൾ ആയിരുന്നു ഇ ഇടതുപക്ഷ സർക്കാരിന്റെ കാലം.**

- ഹൈടെക് ആയി മാറിയ റേഷൻ കടകൾ. 2018 ജനുവരി മുതൽ 14335 റേഷൻ കടകളിലും EPOS മെഷീൻ വന്നു.ബിയോമെട്രിക്സ് സംവിധാനത്തിൽ ഓരോ കാർഡ് ഉടമയ്ക്കും അർഹമായ റേഷൻ വിതരണം നടത്താൻ ഇതുകൊണ്ട് ആകും. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തു.
- കേരളത്തിലെ ഏത് റേഷൻ കടകളിൽ നിന്നും സാധനം വാങ്ങാൻ കഴിയുന്ന സൗകര്യം
- ദേശീയ ഭക്ഷ്യഭദ്രത നിയമം 2016 ഒക്ടോബർ മാസം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി.




- FCI സപ്ലൈകോ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്ക് സാധനങ്ങൾ എത്തിക്കുന്ന പ്രവർത്തികൾ പൂർണമായും കമ്പ്യൂട്ടർ വത്കരിച്ചു
- പൊതുവിതരണ ശൃംഖലയെ കൂടുതൽ സുതാര്യമാക്കിയ 5 വർഷം
- എല്ലാ റേഷൻ കാർഡ് ഉടമകളേയും തങ്ങൾക്ക് ഒരു മാസം അനുവദിച്ചിട്ടുള്ള ഭക്ഷ്യധാനയത്തിന്റെ ലഭ്യത, അളവ്, വില തുടങ്ങിയ വിവരങ്ങൾ SMS മുഖേന അറിയിക്കുന്ന സംവിധാനം ഏർപ്പെടുത്തി.
- കോവിഡ് കാലത്ത് 88 ലക്ഷം കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം നടത്തി രാജ്യത്തിന് തന്നെ മാതൃകയായി
- റേഷൻ കാർഡ് ഇല്ലാത്തവർക്ക് ആധാർ അടിസ്ഥാനമാക്കി റേഷൻ വിതരണം
- ആദിവാസി ഊരുകളിലേക്ക് സഞ്ചരിക്കുന്ന റേഷൻ സംവിധാനം ഏർപ്പെടുത്തി. പ്രളയബാധിത പ്രദേശമായ കുട്ടനാട്ടിലെ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി.




- അപേക്ഷ നൽകി 24 മണിക്കൂറിനുള്ളിൽ പുതിയ റേഷൻ കാർഡ്.
- ദേശീയഭക്ഷ്യ ഭദ്രത നിയമം 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു. എല്ലാ ജില്ലകളിലും കമ്മീഷന്റെ അംഗങ്ങൾ ഹിയറിങ് നടത്തുകയും പരാതികളിൽ തീരുമാനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

- റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുന്നതിനായി ഒരു റേഷൻകടയ്ക്ക് 2500 രൂപ വീതം സാമ്പത്തിക സഹായം നൽകുകയും സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും നവീകരിക്കുകയും ചെയ്തു.
- ഇന്ത്യയിൽ ഏറ്റവും മികച്ച റേഷൻ വിതരണ കമ്മീഷൻ നൽകുന്ന സംസ്ഥാനം കേരളം ആണ്.45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കി.
- 1600ഓളം സപ്ലൈകോ വിപണന കേന്ദ്രങ്ങൾ വഴി കുടുംബശ്രീ ഉത്പന്നങ്ങൾ വിപണനം നടത്താനായി ഒരു പ്രത്യേക ഷെൽഫ് സ്പേസ് നൽകാമെന്ന കരാറിൽ കുടുംബശ്രീയും സപ്ലൈകോയും ഇപ്പോൾ എത്തിയിരിക്കുകയാണ്. ഇത് അനുസരിച്ച് കേരളത്തിലെ സപ്ലൈകോ വിപണന കേന്ദ്രങ്ങളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ കൂടി ലഭ്യമാകും.




- കേന്ദ്ര സർക്കാരിന്റെ "ഒരു രാജ്യം ഒരു റേഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കി.ഉപഭോക്താക്കൾക്ക് ഇഷ്ടപ്പെട്ട കടയിൽ നിന്നും റേഷൻ വാങ്ങുവാൻ ഉള്ള പോർട്ടബിലിറ്റി സംവിധാനം നടപ്പിൽ വന്നു. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമാണ് Integrated Management of Public Distribution System (IMPDS). ഇതുവഴി മറ്റ് സംസ്ഥാനങ്ങളിലുള്ള മലയാളികൾക്ക് അവരുടെ താമസ സ്ഥലത്ത് കേരളത്തിലെ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങുവാനും, കേരളത്തിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ കേരളത്തിൽ നിന്നും വാങ്ങുവാനും സാധിക്കും.
- എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് കാർഡിന് 30 kg അരിയും 5kg ഗോതമ്പും സൗജന്യമായി നൽകി വരുന്നു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും 4kg അരിയും 1kg ഗോതമ്പും കി.ഗ്രാമിന് 2 രൂപ നിരക്കിൽ നൽകിവരുന്നു.
- തിരഞ്ഞെടുത്ത 160 ഔട്ട്ലെറ്റുകളിൽ വഴി സാധാരണ ഉപഭോക്താക്കൾക്ക് ആശ്വാസമേകി ഓപ്പൺ മാർക്കറ്റ് വിലയുടെ 40% മാർജിനിൽ വീട്ടുപയോഗത്തിനുള്ള പാത്രങ്ങൾ സപ്ലൈകോയിൽ വിൽപ്പന ആരംഭിച്ചു.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24 പഞ്ചായത്തുകൾക്ക് സപ്ലൈകോ ഔട്ട്ലെറ്റുകൾ ആരംഭിച്ചു.
- ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം 82 വിൽപ്പനശാലകൾ പുതിയതായി ആരംഭിക്കുകയും നിലവിലുള്ള വിൽപ്പനശാലകൾ കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.പുതുതായി 47 മാവേലി സ്റ്റോറുകളും 15 സൂപ്പർ

മാർക്കറ്റുകളും 22 മാവേലി സൂപ്പർ സ്റ്റോറുകളും ആരംഭിച്ചു. അതോടൊപ്പം സപ്ലൈകോ പിറവം സബ് അർബൻ മാൾ പുതിയതായി ആരംഭിക്കുകയും ഇതിൽ ഒരു ഹൈപ്പർ മാർക്കറ്റ് തുടങ്ങുകയും ചെയ്തു.

- സംസ്ഥാനത്തെ അർഹരപ്പെട്ട സ്കൂൾ വിദ്യാർഥികൾക്ക് ഭക്ഷ്യ ഭദ്രതാ അലവൻസ് ഉപയോഗിച്ച് സൗജന്യ ഭക്ഷ്യ കിറ്റുകൾ തയ്യാറാക്കി നൽകി പ്രീപ്രൈമറി, പ്രൈമറി, അപ്പർപ്രൈമറി വിഭാഗത്തിൽപ്പെട്ട ആകെ 27.20 ലക്ഷം വിദ്യാർഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് പുതു ചരിത്രം എഴുതിച്ചേർത്തു.



# ഉന്നത വിദ്യാഭ്യാസ വകുപ്പ് വികസന പ്രവർത്തനങ്ങൾ

(കെ.ടി. ജലീൽ)



**സുതാര്യമായ ഉന്നത വിദ്യാഭ്യാസ പ്രവേശന നടപടികളും , കൃത്യമായ പരീക്ഷ ഫലപ്രഖ്യാപനവും , ക്ലാസുകൾ തുടങ്ങുന്നതിലെ ക്ലിപ്തതയും ഒക്കെയായി ശ്രദ്ധേയമായ പദ്ധതികൾ ആവിഷ്കരിച്ച അഞ്ചുവർഷങ്ങൾ.**

- സർവകലാശാലകളുടെ NIRF റാങ്കിങ്ങിൽ ആദ്യ 60-ൽ കേരളത്തിലെ പ്രമുഖ സർവകലാശാലകൾ എല്ലാം ഇടം നേടി. കോളേജുകളിൽ ആദ്യ 100-ലെ 20 കോളേജുകളും കേരളത്തിലെ പൊതുകലാലയങ്ങളാണ്.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ ഫണ്ട് അനുവദിക്കുന്ന പദ്ധതിയാണ് RUSA. ഇതിനായി ക്രേന്ദ്ര സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള വിവിധ അക്കാദമിക മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്കാണ് ഫണ്ട് ലഭ്യമാക്കുക. ഈ സർക്കാരിന്റെ കാലത്ത് 121 കേരള സ്ഥാപനങ്ങളാണ് ഈ ഫണ്ട് വഴി 2 കോടി രൂപ നേടിയത്.
- കേരളത്തിലെ പ്രധാന സർവകലാശാലകൾക്കെല്ലാം National Assessment and Accreditation Council (NAAC) വിലയിരുത്തലിൽ A ഗ്രേഡ് ലഭിച്ചു.
- National Board of Accreditation കേരളത്തിലെ 9 സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിങ് കൊളേജുകളിലെ 41 ബ്രാഞ്ചുകൾക്ക് അംഗീകാരം നൽകി.
- പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും കാര്യക്ഷമമാക്കി : എല്ലാ സർവകലാശാലകളുടേയും ബിരുദപരീക്ഷകളുടെ ഫലം ഏപ്രിൽ-30 നു മുമ്പും ബിരുദാനന്തരപരീക്ഷകളുടേത് മെയ്-31 നു മുമ്പും പ്രഖ്യാപിക്കുകയും; ആർട്സ് &സയൻസ് കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദ , ബിരുദാനന്തരബിരുദ ക്ലാസ്സുകൾ ജൂൺ 30 ന് മുന്നേ തുടങ്ങുകയും ചെയ്തു. ഇത് വഴി ഒരു സെമസ്റ്ററിൽ 90 പ്രവൃത്തി ദിനങ്ങൾ ഉറപ്പാക്കുകയും ചെയ്തു.




- കോവിഡ് വ്യാപനത്തിനിടയിലും ഈ വർഷം ജൂൺ 1-നു തന്നെ ബിരുദ-ബിരുദാനന്തര ക്ലാസുകൾ ഓൺലൈനായി ആരംഭിച്ചു. വിവിധ വിഷയങ്ങളിലെ എൻട്രൻസ് പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി.

- വിദൂരവിദ്യാഭ്യാസ പഠനത്തിന് മാത്രമായി ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സ്ഥാപിച്ചു.
- വിവിധ സർവകലാശാലകളിലെ അധ്യാപക തസ്തികകളിലേക്കുള്ള നിയമനം PSC വഴി ആക്കി.
- സർക്കാർ/എയ്ഡഡ് കോളേജുകളിൽ ആയിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നിരവധി ആധുനിക കോഴ്സുകൾ അനുവദിക്കുകയും ചെയ്തു.
- KIIFB പദ്ധതിപ്രകാരം വിവിധ കോളേജുകളിൽ 5270 കോടി രൂപയോളം വകയിരുത്തി വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നു.
- സർവകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.
- രാജ്യാന്തരനിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട്
- മഹാത്മാഗാന്ധി സർവകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർസർവകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണകേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കി. 'Walk with Scholar " പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി.
- എൻജിനീയറിങ് വിദ്യാർഥികളിൽ ഗവേഷണാഭിരുചി വളർത്തുന്നതിനും അധ്യാപകരുടെ ഗവേഷണവൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിനുമായി 'TrEST Park" തിരുവനന്തപുരത്ത് സ്ഥാപിച്ചു.
- ഗവേഷണം പ്രോത്സാഹിപ്പിക്കാൻ കൈരളി ഗവേഷണപുരസ്കാരം ഏർപ്പെടുത്തി.
- അസാപിനുകീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലനസമുച്ചയങ്ങൾ, കമ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു.
- She Skills-2019: ബഹുഭാഷാപരിശീലനകേന്ദ്രങ്ങൾ, സ്ത്രീ ശാക്തീകരണത്തിനായുള്ള നൈപുണ്യപരിശീലന പദ്ധതികൾ
- കേരളത്തിലെ എൻജിനീയറിങ് കോളേജുകളിൽ നിന്ന് ബിരുദ-ബിരുദാനന്തരകോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ തദ്ദേശസ്വയംഭരണവകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലോ സ്റ്റൈപ്പന്റോടെ ഒരുവർഷം ഇന്റേൺഷിപ്പിന് അവസരം ഒരുക്കി.
- കലാലയങ്ങളിലെയും സർവകലാശാലകളിലെയും വിദ്യാർഥികളുടെ നൂതനാശയങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന്റെ

ഭാഗമായി സർവകലാശാലകളിൽ Business Incubation & Innovation Centres ആരംഭിച്ചു.

- 121 സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകി.
- 1,400 അധ്യാപകരെയും 3,600 നോൺടീച്ചിംഗ് സ്റ്റാഫുകളെയും വിവിധ തലങ്ങളിൽ നിയമിച്ചു.
- മൂന്ന് സർക്കാർ ആർട്സ് & സയൻസ് കോളേജുകളും അഞ്ച് എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും ആരംഭിച്ചു. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 562 അധ്യാപന നിയമനങ്ങളും 436 നോൺടീച്ചിംഗ് നിയമനങ്ങളും.സർവകലാശാലകളിൽ 2198 അസിസ്റ്റന്റുമാരും 825 കമ്പ്യൂട്ടർ അസിസ്റ്റന്റുമാരും common pool ലൈബ്രറി വിഭാഗത്തിൽ 93 ലൈബ്രറി അസിസ്റ്റന്റുമാരും നിയമിതരായി.

## ഇവിടെ ഒന്നും നടക്കില്ലെന്ന്
## കേരളത്തെക്കുറിച്ച് നിലനിന്നിരുന്ന
## പൊതുബോധത്തെ ഇല്ലാതാക്കി
## വികസനക്കുതിപ്പിലേക്ക് കേരളത്തെ കൊണ്ടെത്തിച്ച
# പിണറായി സർക്കാരിന് അഭിവാദ്യങ്ങൾ




# തുടരണം ഇടതുപക്ഷം , ഇടത് ഭരണം
# ഉറപ്പാണ് LDF

**കടപ്പാട് :**

Information’s in this article is collected from the below sources -

- Kerala Government PRD (http://www.prd.kerala.gov.in/)
- Kerala Calling & Samakalika Janapadham – February 2021
- Kerala Chief Minister & Ministers Facebook pages
- Kerala State Planning Board
- https://kerala.gov.in/missions
- Common Collective (CC)
- Deshabhimani Daily

**Compiled and Designed by: Kannan S Das**